www.malankaralibrary.com

ഏപ്രിൽ 2025

# ക്രൈസ്തവ കാഹളം




## ഉയിർപ്പിന്റെ മഹിമയിൽ

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com




ഉയിർപ്പ് തിരുനാൾ ആശംസകൾ!

www.malankaralibrary.com

ക്രൈസ്തവ കാഹളം

# ഉള്ളടക്കം

ഏപ്രിൽ 2025 വാല്യം 86 ലക്കം 4




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 5

പിതൃമൊഴി 7

ഓശാന ഞായർ: അർത്ഥവും ചരിത്രവും പ്രാധാന്യവും 9

വിശുദ്ധ കുർബാന: മിശിഹായുടെ കടന്നുപോകലിന്റെ അനുസ്മരണം 15

ദുഃഖവെള്ളിയെന്ന് മലയാളീകരിക്കപ്പെട്ട ഗുഡ് ഫ്രൈഡേ 23

ഉത്ഥാനത്തിന്റെ പൊരുൾ ദൈവം കൂടെയുണ്ടെന്ന സത്യം 27

വി. ജോൺ ഡമഷിൻ 32

സമൂഹത്തെ തകർക്കുന്ന ലഹരികൾ 41

ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 46

ബഹിരാകാശനിലയം പങ്കുവയ്ക്കുന്ന വിശ്വമാനവികത 51

www.malankaralibrary.com





# കല്ലറകളിൽ നിന്നും പുറത്തുവരാം

"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല, ഉയർപ്പിക്കപ്പെട്ടു."
(ലൂക്ക: 24:5)

അതിരാവിലെ യേശുവിന്റെ കല്ലറയിൽ എത്തിയവരോട് ദൈവദൂതൻ പറഞ്ഞ വാക്കുകളാണിത്. ശൂന്യമായ കല്ലറയുടെ മുന്നിലും മനുഷ്യൻ ഭയത്തിലും ആശങ്കയിലുമാണ്. ഞാൻ മരിച്ചവരിൽ നിന്ന് മൂന്നാം ദിവസം ഉത്ഥാനം ചെയ്യുമെന്ന കർത്താവിന്റെ വാക്കുകൾ ഒപ്പം നടന്നവർ പോലും ഓർത്തെടുക്കുന്നില്ല. അവർ പിന്നെയും അവനെ അന്വേഷിക്കുന്നത് കല്ലറകൾക്കുള്ളിലാണ്. കല്ലറകൾക്കുള്ളിൽ അന്വേഷിച്ചാൽ ഒരു ഗുണമുണ്ട്, അധികം അധ്വാനിക്കേണ്ട. കല്ലറയുടെ ഉള്ളറ ചെറിയ സ്ഥലമാണ്. അത് അത്ര വിശാലമല്ല. അധികം ആരോടും ചോദിക്കേണ്ട. സ്വന്തമായി ചില നിഗമനങ്ങളിലെത്താം. പിന്നെ തീരുമാനങ്ങളുമെടുക്കാം. ഇന്നും ക്രിസ്തുവിനെ അന്വേഷിക്കുന്നവരുടെ മാനസികാവസ്ഥ ഇത് തന്നെയാണ്. ആരോടും ചോദിക്കില്ല അവൻ എവിടെയാണെന്ന്. നമ്മൾ തന്നെ തീരുമാനിക്കുന്നു ക്രിസ്തു എവിടെയായിരിക്കുമെന്ന്. നമ്മൾ അന്വേഷിക്കുന്നിടത്തെല്ലാം ക്രിസ്തു ഇല്ല. അവൻ ഉള്ളിടത്ത് നമുക്ക് അന്വേഷിക്കുവാൻ താൽപര്യവുമില്ല. നമുക്ക് നമ്മുടെ അജണ്ടകളാണ്. നാട്ടിൽ എത്ര ഭിന്നത വർദ്ധിച്ചാലും, എത്ര സംശയത്തോടെ പര്സപരം നോക്കിയാലും നമുക്ക് ഒരു പ്രശ്നവുമില്ല. ക്രിസ്തുവിനെ കണ്ടെത്താൻ ആഗ്രഹമില്ലാതെ വ്യർത്ഥമായ ചില അന്വേഷണങ്ങളിലാണ് നമ്മുടെ താൽപര്യങ്ങൾ. ക്രൈസ്തവനുവേണ്ടി നിൽക്കുന്നു, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു എന്ന പേരിൽ ധാരാളം സംഘടനകളും ആളുകളും നമുക്ക് ചുറ്റും സജീവമാണ്. അവരെയാണ് നാം യഥാർത്ഥത്തിൽ സൂക്ഷിക്കേണ്ടത്. സുവിശേഷമൂല്യങ്ങളും സ്നേഹസംവാദങ്ങളും വഴിയിൽ ഉപേക്ഷിച്ചിട്ട് ഇവർ എന്ത് അവകാശമാണ് സംരക്ഷിക്കുന്നത്. നാം അറിയാതെ വെറുപ്പിന്റെ ആത്മാവിനെ, ഭിന്നതയുടെ ആത്മാവിനെ ഈ കൂട്ടർ കാരണം അറിഞ്ഞോ അറിയാതെയോ ഉള്ളിൽ പേറിയിരിക്കുകയാണ്. കർത്താവിന്റെ സ്നേഹത്തിൽ ജീവിക്കുവാൻ ഇവർ ഒരിക്കലും നമ്മെ പ്രേരി

www.malankaralibrary.com

പ്പിക്കുന്നില്ല. എല്ലാവരെയും വെറുക്കുവാനും അകറ്റി നിർത്തുവാനും പ്രചോദിപ്പിക്കുന്നതാണ് ഇവരുടെ സുവിശേഷം. വെറുപ്പിനും വിദ്വേഷത്തിനും ക്രിസ്തീയതയിൽ യാതൊരു സ്ഥാനവുമില്ല. അതിനെ അകറ്റി നിർത്തേണ്ടതുതന്നെയാണ്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്. ഇക്കൂട്ടർക്ക് ഫ്രാൻസിസ് മാർപാപ്പയെക്കാൾ നാട്ടിൽ വെറുപ്പും ഭിന്നതയും വളർത്തുന്നവരെയാണ് താൽപ്പര്യം. അവരെയാണ് സത്യസന്ധരായ ആളുകൾ എന്ന പേരിൽ ഇക്കൂട്ടർ ഏറ്റെടുത്തിരിക്കുന്നത്. നമ്മൾ എവിടെ എത്തി നിൽക്കുന്നുവെന്ന് ആത്മപരിശോധന നടത്തുവാൻ പരിശ്രമിക്കേണ്ട കാലയളവാണ് നാം കടന്നുപോകുന്നത്. കർത്താവിന്റെ ഉത്ഥാനം ആഘോഷിക്കുവാനൊരുങ്ങുമ്പോൾ നാം ആലോചിക്കണം നമ്മൾ ഇപ്പോഴും അവനെ തിരയുന്നത് പ്രത്യാശയുള്ളവരുടെ മധ്യേയല്ല പിന്നെയോ വെറുപ്പും വിദ്വേഷവും വളർത്തുന്ന മൃതശരീരങ്ങൾക്കിടയിലാണ്.

ഓരോ ഈസ്റ്ററും നമ്മിലേക്ക് പ്രത്യാശയുടെ പൊൻ കിരണങ്ങളാണ് വീശുന്നത്. അതിരാവിലെ കല്ലറയിലേക്ക് ഇരച്ചുകയറിയ വെള്ളിവെളിച്ചം നമുക്ക് കാണിച്ചുതരുന്നത് മൃതദേഹങ്ങളല്ല. പ്രഭാപൂരിതമായ ശൂന്യമായ കല്ലറകളാണ്. മടക്കി വച്ചിരിക്കുന്ന കച്ചകളാണ്. നമുക്ക് അധിക ദൂരം യാത്ര ചെയ്യാനുണ്ട്. കല്ലറകൾ ശൂന്യമാണെന്ന് അനേകരോട് പറയാനുണ്ട്. ഇന്ന് ലോകം കേൾക്കാനാഗ്രഹിക്കുന്നത് ശൂന്യമായ കല്ലറയെക്കുറിച്ചാണ്. അത് പറയാൻ ഉത്തരവാദിത്വവും നിയോഗവും ലഭിച്ചവർ ഇന്നും കല്ലറകളുടെ സമീപേ കറങ്ങിത്തിരിയുകയാണ്. മനുഷ്യകുലത്തിന് പ്രത്യാശ പകരാൻ നമ്മുടെ ചെറു ജീവിതം ഉപകരണമാകട്ടെ. നാം ഈ ലോകത്തിൽ ജീവിക്കുന്നത് ലോകം ചിന്തിക്കുന്നതുപോലെ ചിന്തിക്കുവാനല്ല. നമ്മുടെ ഉള്ള് കുറെക്കൂടി ആത്മീയമാകണം. നമ്മുടെ അളവുകോലുകൾ ആത്മീയതയുടേതാകണം. എല്ലാം ലോകമാനദണ്ഡമനുസരിച്ചും രാഷ്ട്രീയ കണ്ണുകളോടും കൂടി നോക്കിയാൽ നമുക്ക് ഭിന്നതയല്ലാതെ, വെറുപ്പല്ലാതെ മറ്റൊന്നും വളർത്താനാകില്ല. കർത്താവിന്റെ ഉത്ഥാനം നമ്മുടെ ഉള്ളുകളെ പ്രത്യാശാഭരിതമാക്കട്ടെ. എല്ലാവർക്കും ഉത്ഥാനപെരുന്നാളിന്റെ ആശംസകൾ.



**ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com







# ഉയിർപ്പ്: ദൈവമഹത്വത്തിന്റെ പങ്കും ഓഹരിയും

നമ്മുടെ കർത്താവിന്റെ രക്ഷാകര രഹസ്യങ്ങളുടെ ഭാഗമായ പീഡാസഹനങ്ങളുടെയും ഉയിർപ്പിന്റെയും ഓർമയാചരണത്തിലൂടെ നാം കടന്നുപോവുകയാണല്ലോ. അതിനുള്ള ഏറ്റവും അടുത്ത ഒരുക്കമെന്ന നിലയിലാണ് നാം അൻപതു നോമ്പ് ആചരിക്കുന്നത്.

വിലയേറിയതും വിശിഷ്ടവുമായ ഏതനുഗ്രഹവും സ്വന്തമാക്കുന്നതിന് അനുയോജ്യമായ ഒരുക്കം നമുക്കാവശ്യമാണ്. 'സ്വർഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്കു തുല്യം. അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി, തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങുന്നു' (മത്തായി 13: 45, 46). വിലപ്പെട്ടതു ചിലതൊക്കെ നേടുന്നതിന് മറ്റു ചിലതൊക്കെ നമുക്കുപേക്ഷിക്കേണ്ടിവരും. ത്യാഗപൂർണമായ അത്തരം ഉപേക്ഷകളാണ് മഹത്വപൂർണമായ അനുഗ്രഹ സമ്പാദനത്തിന്റെ അടിസ്ഥാനം. വിശുദ്ധ പൗലോസ് ശ്ലീഹാ അതു വ്യക്തമായി പഠിപ്പിക്കുന്നു. 'ക്രിസ്തുവിനെ പ്രതി സഹിക്കുന്ന നിന്ദനങ്ങൾ ഈജിപ്തിലെ നിധികളെക്കാൾ വിലയേറിയ സമ്പത്തായി അവൻ

കരുതി. തനിക്കു ലഭിക്കാനിരുന്ന പ്രതിഫലത്തിലാണ് അവൻ ദൃഷ്ടിപതിച്ചത്' (ഹെബ്രായർ 11: 26). 'എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്' (ഫിലിപ്പി 3: 8). അതിനാൽ നോമ്പു കാലത്തിന്റെ ശ്രദ്ധയും വിചാരവും വർജനയിലെന്നതിനേക്കാൾ നേടാൻപോകുന്ന മഹത്വപൂർണമായ യാഥാർത്ഥ്യങ്ങളെക്കുറിച്ചായിരിക്കട്ടെ!

നമ്മുടെ കർത്താവ് പാപത്തെയും മരണത്തെയും തോൽപ്പിച്ച് കരഗതമാക്കിയ പുനരുത്ഥാനം അഥവാ ഉയിർപ്പ് എന്ന യാഥാർത്ഥ്യം ഓരോ മനുഷ്യനേയും സംബന്ധിച്ച് എത്ര പ്രധാനപ്പെട്ടതാണ് എന്ന് പലപ്പോഴും നാമോർക്കാറില്ല. 'ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം' (1 കോറിന്തോസ് 15: 14). 'ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്' (1 കോറിന്തോസ് 15: 19). 'അവസാന കാഹളം മുഴങ്ങുമ്പോൾ, കണ്ണിമയ്ക്കുന്നത്ര വേഗത്തിൽ നാമെല്ലാവരും രൂപാന്തരപ്പെടും. എന്തെന്നാൽ, കാഹളം മുഴങ്ങുകയും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും' (1 കോറിന്തോസ് 15: 52). ഈ വചനങ്ങളിലെല്ലാം പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്ന സത്യം ക്രിസ്തുവിനെപ്പോലെ നാമെല്ലാവരും ഉയിർക്കുമെന്നു തന്നെയാണ്.

അനന്തകാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവത്തിന്റെ സ്നേഹത്തിന്റെ വലിയ കരകവിഞ്ഞൊഴുകലാണ് ഈ പ്രപഞ്ചം. അതിലെ ഏറ്റവും തെളിമയുള്ള സ്നേഹഭാവമാണ് അവിടുത്തെ ഛായയും സാദൃശ്യവും പേറുന്ന മനുഷ്യൻ. അവിടുത്തെ കരവേലയായ മനുഷ്യനെ അവിടുന്ന് സൃഷ്ടിച്ചത് സ്ഥലകാല പരിമിതികളിൽ ജീവിച്ച് അവസാനിച്ചു പോകാൻ വേണ്ടിയല്ല. മറിച്ച് നിത്യകാലം അവനോടൊപ്പം അവനിൽ വസിക്കാൻ വേണ്ടിയാണ്. പക്ഷെ അനശ്വരനായ ദൈവത്തിൽ നശ്വരനായ മനുഷ്യൻ എങ്ങനെ വാസമുറപ്പിക്കും? 'നശ്വരമായത് അനശ്വരവും മർത്യമായത് അമർത്യവും ആകേണ്ടിയിരിക്കുന്നു' (1 കോറിന്തോസ് 15: 53). അതിനുവേണ്ടിയാണ് തന്റെ എകജാതനെ അവിടുന്നു ബലിയർപ്പിച്ചത്. ഉത്ഥാനമെന്നു പറയുന്നത് അനശ്വരതയിലേക്കുള്ള വാതിലാണ്. നിത്യത തേടിയുള്ള പ്രയാണമാണ്. അമർത്യതയിലേക്കുള്ള ചുവടുമാറ്റമാണ്. നശ്വരമായത് അനശ്വരമാകേണ്ടിയിരിക്കുന്നു. തന്റെ സാദൃശ്യത്തെ പിശാചിനു വിട്ടുകൊടുക്കാനാഗ്രഹിക്കാത്ത ദൈവത്തിന്റെ വലിയ ബന്ധത്തിന്റെ പ്രകടനമാണ് പുനരുത്ഥാനം. 'കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും' (1 യോഹന്നാൻ 3: 1).

ഈ വലിയ സ്നേഹം സ്വീകരിക്കാൻ നാമെത്രത്തോളം ഒരുങ്ങിയിട്ടുണ്ട് എന്നതാണ് ഇപ്പോൾ നാം സ്വയം ചോദിക്കേണ്ട ചോദ്യം. നശ്വരതയുടെ, പാപത്തിന്റെ, ലോകത്തിന്റെ എല്ലാ മോഹനീയാലങ്കാരങ്ങളും വിട്ടുപേക്ഷിക്കാൻ നാമെത്ര മാത്രം സന്നദ്ധരാണ്! കണ്ണുകണ്ടിട്ടില്ലാത്തതും കേൾവിയിൽപ്പെട്ടിട്ടില്ലാത്തതുമായ അനശ്വരതയെ പുൽകാൻ നശ്വരമോഹങ്ങളെ ത്യജിക്കാൻ നമ്മുടെ ജീവിതം ഇനിയും പാകപ്പെട്ടിട്ടില്ല എന്നതാണ് ദുഃഖകരമായ യാഥാർത്ഥ്യം. നമ്മുടെ നോമ്പും ഉപവാസവും ഹാശാ ആഴ്ച ശുശ്രൂഷകളുമെല്ലാം ഉത്ഥാനത്തിന്റെ വലിയ മഹത്വത്തെക്കുറിച്ചുള്ള ഓർമപ്പെടുത്തലുകളാണ്. 'നമുക്കു കൈവന്നിരിക്കുന്ന ഈ കൃപയിലേക്ക് അവൻ മൂലം വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവ മഹത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം' (റോമാ 5: 2).

'അതിനാൽ, എന്റെ വത്സലസഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ' (1 കോറിന്തോസ് 15: 58).

അനശ്വരരായി രൂപാന്തരപ്പെട്ട് നിത്യത കണ്ടെത്തുവാനുള്ള നമ്മുടെ തീരുമാനത്തിന്, യാത്രയ്ക്ക് ഈ ഉയിർപ്പുതിരുനാൾ ഏവരേയും പ്രാപ്തരാക്കട്ടെ! ഏവർക്കും ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www.malankaralibrary.com






ഈസ്റ്ററിന് മുമ്പുള്ള ഞായറാഴ്ചയായ ഓശാന ഞായർ, ക്രൈസ്തവ വിശ്വാസഘോഷത്തിന്റെ സ്മരണീയ തിരുനാളുകളിൽ ഒന്നാണ്. യേശുക്രിസ്തുവിന്റെ ജറുസലേമിലേക്കുള്ള രാജകീയമായ പ്രവേശനത്തെ ഈ ദിവസം സ്മരിക്കുന്നു. പീഡാനുഭവവാരത്തിന്റെ തുടക്കമായി, യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും ചിന്തിക്കാനുള്ള സമയത്തിന്റെ ആരംഭം കൂടിയാണിത്. ഓശാന ഞായറിന്റെ അർത്ഥവും ചരിത്രവും പ്രാധാന്യവും മനസ്സിലാക്കുന്നത്, ഈ ദിനത്തിന്റെ ആത്മീയ സമ്പന്നതയിലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുന്നു.

**ഓശാന ഞായറിന്റെ ഹൃദയം**

ഓശാന ഞായറിന്റെ കാതൽ, യേശുക്രിസ്തുവിനെ ജനക്കൂട്ടം ഈന്തപ്പനയോലകൾ വഴിയിൽ വിരിച്ച് 'രാജാവ് എന്ന് വിളിച്ച് ജറുസലേമിൽ സ്വീകരിച്ചതാണ്. നാല് സുവിശേഷങ്ങളിലും (മത്തായി 21:1-11, മർക്കോസ് 11:1-11, ലൂക്കാ 19:28-40, യോഹന്നാൻ 12:12-19) രേഖപ്പെടുത്തപ്പെട്ട ഈ സംഭവം ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയാണ്. യേശു കഴുതപ്പുറത്ത് ജറുസലേമിൽ പ്രവേശിച്ചപ്പോൾ, പഴയനിയമ പ്രവചനങ്ങൾ നിറവേറ്റി തന്റെ മിശിഹാ ദൗത്യം പ്രഖ്യാപിച്ചു. 'ഓശാന എന്ന വിളിയുടെ അർത്ഥം 'രക്ഷിക്കണമേ എന്നാണ്, എല്ലാ യഹൂദർക്കും പരിചിതമായ ഈ വാക്ക് യഹൂദ പെസഹാ ഉത്സവത്തിലും കൂടാരപ്പെരുന്നാളിലും ആലപിക്കപ്പെട്ട ഹല്ലേൽ സങ്കീർത്തനങ്ങളിൽ (113 -118) നിന്നുള്ളതാണ്. 'ദാവീദിന്റെ പുത്രന് ഓശാന എന്ന ജയഭേരി മുഴക്കിയതിലൂടെ യേശുവിനെ മിശിഹായായി അംഗീകരിക്കുന്നു എന്ന് വ്യക്തമാണ്. എന്നാൽ, ഈ ആഘോഷത്തിന്റെ പിന്നിൽ ക്രൂശിന്റെ നിഴൽ ഒളിഞ്ഞിരിക്കുന്നു എന്നത് ഈ ദിനത്തിന്റെ ഇരട്ട സ്വഭാവത്തെ വെളിപ്പെടുത്തുന്നു.

**ഓശാന എന്ന വിളിയുടെ ആഴം**

'ഓശാന' എന്ന വാക്കിന്റെ മൂല അർത്ഥം 'രക്ഷിക്കണമേ' എന്നാണെങ്കിലും, ജനങ്ങളുടെ ഉപയോഗത്തിൽ അത് 'വിജയം അല്ലെങ്കിൽ



'മഹത്വം' എന്ന അർത്ഥത്തിലേക്ക് വളർന്നു. **കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങളെ രക്ഷിക്കണമേ! കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങൾക്കു വിജയം നൽകണമേ (സങ്കീർത്തനങ്ങൾ 118:25).** സങ്കീർത്തനം 118:25-ലെ ഈ പ്രാർത്ഥന, കൂടാരപ്പെരുന്നാളിൽ ഈന്തപ്പനയോലകൾ വീശിക്കൊണ്ട് ആലപിക്കപ്പെട്ടിരുന്നു.

എന്നാൽ ഓശാന തിരുന്നാളിലെ ജനങ്ങളുടെ ജയവിളി, ഒരു പഴയ നിയമ സംഭവത്തെ യഹൂദരുടെ മനസ്സിൽ ദീപ്തമാക്കുന്നു, വിജയശ്രീലാളിതരായി മടങ്ങിയെത്തുന്ന ശിമോനെയും, യൂദാസ് മക്കബയുസിനെയും (1 മക്കബായർ 13:51, 2 മക്കബായർ 10:7) ജനങ്ങൾ ഈന്തപനയോലകളുമായി സ്വീകരിച്ചതുപോലെ 'ദാവീദിന്റെ പുത്രന് ഓശാന' എന്നത് ഒരു പ്രഖ്യാപനമല്ലമറിച്ച് 'ദാവീദിന്റെ ഈ പുത്രൻ നമ്മുടെ വിജയരക്ഷകനാകട്ടെ' എന്ന ആശംസയാണ്. ലൂക്കാ 19:38-ൽ 'സമാധാനം' എന്നും 'മഹത്വം' എന്നും 'ഓശാനക്ക്' പകരം ഉപയോഗിച്ചത് ഈ വിജയഭാവം ശക്തിപ്പെടുത്തുന്നു. യേശുവിന്റെ വിനയപൂർവമായ പ്രവേശനവും ജനങ്ങളുടെ ആഹ്ലാദവും 'ഇസ്രായേലിന്റെ രാജാവിൽ' (യോഹന്നാൻ 12:13) ഉള്ള വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നു.

## ബൈബിൾ ഓശാന വിവരണങ്ങളിലെ സമ്പന്നത

യേശുക്രിസ്തു ജറുസലേമിൽ രാജകീയമായി പ്രവേശിക്കുന്ന ഓശാന ഞായറിന്റെ സംഭവം നാല് സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓരോ വിവരണവും അതിന്റേതായ സവിശേഷമായ കാഴ്ചപ്പാട് നൽകുന്നു. വി. മത്തായി എഴുതിയ സുവിശേഷത്തിൽ, യേശുവിനെ പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായി ചിത്രീകരിക്കുന്നതാണ് പ്രധാനം, പ്രത്യേകിച്ച് സഖറിയാ 9:9-ൽ പറയുന്ന നിന്റെ രാജാവ് വിനയത്തോടെ കഴുതപ്പുറത്ത് വരുന്നു എന്ന വാഗ്ദാനം. വി. മത്തായിയുടെ സുവിശേഷത്തിൽ, യേശു ഒരു കഴുതയുടെയും കഴുതക്കുട്ടിയുടെയും മേൽ സവാരി ചെയ്യുന്നതായി സവിശേഷമായി പരാമർശിക്കുന്നു. ഇത് യഹൂദരുടെയും സകലസൃഷ്ടിയുടെ മേലുള്ള അവന്റെ രാജത്വത്തെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നതാകാം. ജനക്കൂട്ടം അവനെ 'ദാവീദിന്റെ പുത്രൻ' എന്ന് വിളിക്കുന്നു, ഇത് അവന്റെ മിശിഹാസ്ഥാനത്തെ ഊന്നിപ്പറയുന്നു. മറ്റുചിലർ അവനെ പ്രവാചകനെന്ന് വിളിക്കുന്നത്, ഇസ്രായേലിന്റെ പ്രവചന പാരമ്പര്യവുമായി ബന്ധപ്പെടുത്തുന്നു. യഹൂദ പ്രേക്ഷകർക്കായി എഴുതപ്പെട്ട മത്തായിയുടെ വിവരണം, യേശുവിനെ വാഗ്ദത്ത മിശിഹായായി അവതരിപ്പിക്കുന്നു.

www.malankaralibrary.com


വി. മർക്കോസിന്റെ വിവരണം കൂടുതൽ സംക്ഷിപ്തമാണ്, ശിഷ്യന്മാരുടെയും ജന ക്കൂട്ടത്തിന്റെയും പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിനയത്തിന്റെ പ്രതീകമായി അവതരിപ്പിക്കാൻ യേശു ഒരു കഴുതക്കുട്ടിയുടെ മേൽ സവാരി ചെയ്യുന്നതായി സുവിശേഷകൻ അവതരിപ്പിക്കുന്നു. ജനങ്ങൾ 'ഓശാന' എന്ന് ആർത്തുവിളിക്കുന്നു, ദാവീദിന്റെ രാജ്യം പുനഃ സ്ഥാപിക്കുന്ന ഒരു രാഷ്ട്രീയ മിശിഹായ്ക്കുള്ള അവരുടെ പ്രതീക്ഷ ഇത് പ്രകടിപ്പിക്കുന്നു. റോമൻ പ്രേക്ഷകർക്കായി എഴുതപ്പെട്ട മർക്കോസിന്റെ വിവരണം, യേശുവിന്റെ അധികാരത്തെ എടുത്തുകാട്ടുന്നു, പിന്നീട് ദേവാലയത്തിലെ അവന്റെ പ്രവർത്തനങ്ങൾക്ക് അടിത്തറയിടുന്നു. വി. ലൂക്കായുടെ സുവിശേഷത്തിൽ, യേശുവിനെ സമാധാനത്തിന്റെ രാജാവായും രക്ഷകനായും അവതരിപ്പിക്കുന്നതിനാണ് ഊന്നൽ. ജനങ്ങളുടെ 'സ്വർഗത്തിൽ സമാധാനം' എന്ന വിളി ഈ പ്രമേയത്തെ പ്രതിഫലിപ്പിക്കുന്നു. വി. ലൂക്കാ സവിശേഷമായി, അവനെ മിശിഹായായി തിരിച്ചറിയാത്തതിന്റെ ഫലമായി, യേശു ജറുസലേമിനെ നോക്കി കരയുന്നതും അതിന്റെ നാശം പ്രവചിക്കുന്നതും ചേർക്കുന്നു. സമാധാനത്തിന്റെയും സകല ജനങ്ങൾക്കുള്ള ദൈവകൃപയുടെയും ഈ ഊന്നൽ, വി. ലൂക്കായുടെ സാർവത്രിക രക്ഷ എന്ന വിശാലമായ സന്ദേശവുമായി യോജിക്കുന്നു.

വി. യോഹന്നാന്റെ വിവരണം ചെറുതാണെങ്കിലും പ്രതീകാത്മകതയാൽ സമ്പന്നമാണ്. ജനക്കൂട്ടം ഈന്തപ്പനയോലകൾ വീശുന്നു, വിജയത്തിന്റെ അടയാളമായി യേശുവിനെ 'ഇസ്രായേലിന്റെ രാജാവ്' എന്ന് വിളിക്കുന്നു. ശിഷ്യന്മാർ ഈ സംഭവത്തിന്റെ പൂർണ അർത്ഥം യേശുവിന്റെ ഉത്ഥാനത്തിനു ശേഷമാണ് മനസ്സിലാക്കുന്നത് എന്ന് വി. യോഹന്നാൻ കുറിക്കുന്നു, അവന്റെ രാജത്വത്തിന്റെ ആത്മീയ സ്വഭാവത്തെ ഇത് എടുത്തുകാട്ടുന്നു. 'ലോകം മുഴുവൻ അവന്റെ പിന്നാലെ പോയിരിക്കുന്നു' എന്ന ഫരിസേയരുടെ നിരാശാജനകമായ പരാമർശം, യേശുവിന്റെ ദൗത്യവും യഹൂദമതനേതാക്കളുടെ പ്രതീക്ഷകളും തമ്മിലുള്ള സംഘർഷത്തെ വ്യക്തമാക്കുന്നു. യേശുവിന്റെ ദൈവിക സ്വത്വം വെളിപ്പെടുത്താൻ എഴുതപ്പെട്ട വി. യോഹന്നാന്റെ സുവിശേഷം, അവന്റെ ആത്മീയ രാജ്യത്തെ ലൗകിക രാഷ്ട്രീയ രക്ഷയുടെ പ്രതീക്ഷകളിൽ നിന്ന് വേർതിരിക്കുന്നു.

വി. മത്തായി പ്രവചനത്തിലും രാജത്വത്തിലും, വി. മർക്കോസ് വിനയത്തിലും അധികാരത്തിലും, വി. ലൂക്കാ സമാധാനത്തിലും സാർവത്രിക രക്ഷയിലും, വി. യോഹന്നാൻ യേശുവിന്റെ ദൈവിക സ്വത്വത്തിലും ആത്മീയ ദൗത്യത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഒന്നിച്ച്, അവ യേശുവിന്റെ ജറുസലേം പ്രവേശനത്തിന്റെ സമ്പൂർണ ചിത്രം നൽകുന്നുജനങ്ങളുടെ പ്രതീക്ഷകളും അവന്റെ വരവിന്റെ ആഴമായ പ്രാധാന്യവും ഒരുപോലെ പ്രതിഫലിപ്പിക്കുന്നു.

**സഭാപിതാക്കന്മാരുടെ വീക്ഷണം**

സഭാപിതാക്കന്മാർ ഓശാന ഞായറിനെ പ്രതീകാത്മകതയും ദൈവശാസ്ത്രപരമായ അർത്ഥവും നിറഞ്ഞ ഒരു സംഭവമായി കണ്ടു. അവരുടെ ചിന്താധാരകൾ ഈ തിരുന്നാളിന്റെ പ്രാധാന്യവും ക്രൈസ്തവ ജീവിതത്തിന്റെ പ്രസക്തിയും കൂടുതൽ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. പ്രമുഖ സഭാപിതാക്കന്മാരുടെ ചില പ്രധാന കാഴ്ചപ്പാടുകൾ ഇവിടെ വിവരിക്കുന്നു:

ജറുസലേമിലെ വിശുദ്ധ സിറിൽ (316–386) തന്റെ കാത്തിക്കെറ്റിക്കൽ ലക്ചേഴ്സ് (Catechetical Lectures 13) എന്ന ഗ്രന്ഥത്തിൽ ഈന്തപ്പനയോലകളെ വിജയവുമായി ബന്ധപ്പെടുത്തി. പാപത്തിനും മരണത്തിനും മേലുള്ള ക്രിസ്തുവിന്റെ വിജയത്തെ ഈന്തപ്പനയോലകൾ പ്രതിനിധീകരിക്കുന്നുവെന്ന് അദ്ദേഹം വിശദീകരിച്ചു, അത് ക്രൂശാരോഹണത്തിനു മുമ്പ് തന്നെ പ്രകടമാണ്. യേശുവിനെ സ്വീകരിച്ച ജനക്കൂട്ടത്തിന്റെ ആവേശം അനുകരിക്കാൻ വി. സിറിൽ വിശ്വാസികളെ പ്രോത്സാഹിപ്പിച്ചു, അതേ ആദർശത്തോടെ ക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ സ്വീകരിക്കാൻ അവരെ ആഹ്വാനം ചെയ്തു.

വിശുദ്ധ അഗസ്റ്റിൻ (354–430) തന്റെ പ്രസംഗങ്ങളിൽ (Homily 51) യേശുവിന്റെ ജറുസലേം പ്രവേശനത്തിലൂടെ യേശുവിൽ വിളങ്ങിനിന്ന വിനയം എന്ന പുണ്യത്തിനു ഊന്നൽ നൽകി. കഴുതപ്പുറത്ത് വന്ന യേശുവിന്റെ ചിത്രത്തെ ലൗകിക ഭരണാധികാരികളുടെ മഹത്വത്തിൽ നിന്ന് വ്യത്യസ്തമാക്കി, യഥാർത്ഥ മഹത്വം സേവനത്തിലും വിനയത്തിലുമാണെന്ന് പഠിപ്പിച്ചു. ജനക്കൂട്ടത്തെ സഭയുടെ പ്രതിബിംബമായി അഗസ്റ്റിൻ കണ്ടുപൂർണതയില്ലാത്തവരെങ്കിലും ക്രിസ്തുവിനെ സ്തുതിക്കാനും ആരാധിക്കാനും വിളിക്കപ്പെട്ടവർ.

വിശുദ്ധ ജോൺ ക്രിസോസ്റ്റം (347–407) വി. മത്തായി സുവിശേഷത്തെ സംബന്ധിച്ചുള്ള തന്റെ വ്യാഖ്യാന പ്രഭാഷണങ്ങളിൽ ജനക്കൂട്ട

ത്തിന്റെ പ്രവർത്തനങ്ങളുടെ വിരോധാഭാസത്തെ എടുത്തുകാട്ടി. ഓശാന എന്ന് വിളിച്ചവർ തന്നെ പിന്നീട് ക്രൂശിക്കുക എന്ന് ആക്രോശിച്ചതിനെ അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ വ്യത്യാസത്തെ ഉപയോഗിച്ച് വി. ക്രിസോസ്റ്റം വിശ്വാസത്തിലെ ചഞ്ചലതയ്ക്കെതിരെ മുന്നറിയിപ്പ് നൽകി. വെല്ലുവിളികളും പ്രലോഭനങ്ങളും നേരിടുമ്പോഴും ക്രിസ്തുവിനോട് സ്ഥിരോത്സാഹമുള്ളവരായിരിക്കാൻ വിശ്വാസികളെ ഉപദേശിച്ചു.

ഒരിജൻ (184– 253) തന്റെ വി. യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ കഴുതയ്ക്ക് ഒരു രൂപകപരമായ വ്യാഖ്യാനം നൽകി. കഴുത പഴയനിയമത്തെ പ്രതിനിധീകരിക്കുന്നുവെന്നും, അത് ഇപ്പോൾ ക്രിസ്തുവിനെ പുതിയ ഉടമ്പടിയിലേക്ക് വഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഒരിജന്റെ കാഴ്ചപ്പാടിൽ, ഈന്തപ്പനയോലകൾ പാപത്തിനും മരണത്തിനും മേലുള്ള ക്രിസ്തുവിന്റെ വിജയത്തിൽ വിശ്വാസികൾ പങ്കുചേരുന്ന ആത്മീയ വിജയത്തെ സൂചിപ്പിക്കുന്നു, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ തുടർച്ചയെ ഇത് ഊന്നിപ്പറയുന്നു.

സുറിയാനി പിതാക്കന്മാരായ വി. അപ്രേം (306–373), അഫ്രഹാത്ത് (280–345) എന്നിവരും സമ്പന്നമായ ഉൾക്കാഴ്ചകൾ നൽകി. വി. അപ്രേം തന്റെ ഓശാന ഞായറിന്റെ സ്തോത്രങ്ങളിൽ ഈ സംഭവത്തെ ഒരു സാർവലൗകിക ആഘോഷമായി ചിത്രീകരിക്കുന്നു, അവിടെ സൃഷ്ടി മുഴുവൻ ക്രിസ്തുവിന്റെ വരവിൽ സന്തോഷിക്കുന്നു. ഈന്തപ്പനയോലകൾ മരണത്തിന്മേലുള്ള വിജയത്തിന്റെയും, കഴുത ക്രിസ്തുവിന്റെ വിനയത്തിന്റെയും രാജത്വത്തിന്റെയും പ്രതീകങ്ങളാണെന്ന് അദ്ദേഹം കണ്ടു. യേശുവിന്റെ ജറുസലേം പ്രവേശനം യോദ്ധാവായല്ല, സമാധാന രക്ഷകനായ മിശിഹായുടെ പ്രവചനങ്ങളെ നിറവേറ്റുന്നതാണെന്ന് വി. അപ്രേം ഊന്നിപ്പറഞ്ഞു.

അഫ്രഹാത്ത് തന്റെ ഡെമോൺസ്ട്രേഷൻസിൽ ക്രിസ്തുവിന്റെ വിനയപൂർവമായ പ്രവേശനവും ലൗകിക ശക്തിയുമായുള്ള വ്യത്യാസവും താരതമ്യം ചെയ്യുന്നു. രാജാധിരാജനായ യേശു യുദ്ധക്കുതിരയ്ക്ക് പകരം കഴുതയെ തിരഞ്ഞെടുത്തത്, അവന്റെ രാജ്യം ഈ ലോകത്തിന്റേതല്ലെന്ന് കാണിക്കുന്നു. ഓശാന എന്ന ജനങ്ങളുടെ വിളി യേശുവിന്റെ ദൈവിക അധികാരത്തിന്റെ അംഗീകാരവും ആത്മീയവും ശാരീരികവുമായ രക്ഷയ്ക്കുള്ള അപേക്ഷയുമാണെന്ന് അഫ്രഹാത്ത് കണ്ടു.

**ചരിത്രത്തിലെ ഉത്ഭവവും വളർച്ചയും**

ഓശാന ഞായറിന്റെ ആഘോഷം നാലാം നൂറ്റാണ്ടിൽ ജറുസലേമിൽ തുടങ്ങി. 4-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട എഗേറിയയുടെ (എതേറിയ) തീർത്ഥാടനം എന്ന രേഖയിൽ, എഗേറിയ എന്ന തീർത്ഥാടകയുടെ വിവരണമനുസരിച്ച്, ഒലിവ്



www.malankaralibrary.com



മലയിൽ നിന്ന് ഈന്തപ്പനയോലകളുമായി ജനങ്ങൾ ഘോഷയാത്രയായി പുണ്യസ്ഥലങ്ങളിലേക്ക് നീങ്ങിയിരുന്നു. ഏഴാം നൂറ്റാണ്ടോടെ, ഈ പാരമ്പര്യം ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിച്ചു. ഈന്തപ്പനമരങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഒലിവ്, വില്ലോ തുടങ്ങിയവ ഉപയോഗിച്ച് ആചാരം പൊരുത്തപ്പെട്ടു. പിന്നീട്, വിശുദ്ധ വാരത്തിന്റെ ഭാഗമായി ഓശാന ഞായർ ആരാധനക്രമത്തിൽ സ്ഥാനം പിടിച്ചു. ഈന്തപ്പനയോല ഘോഷയാത്രയുടെ ആഹ്ലാദത്തിൽ തുടങ്ങി പീഡാനുഭവ വാരത്തിന്റെ ഗൗരവത്തിലേക്ക് മാറുന്ന ഈ ആരാധന, ഓശാന ദിവസത്തിന്റെ ഇരുഭാവങ്ങളെ പ്രതിഫലിപ്പിക്കുന്നു.

**ദൈവശാസ്ത്രപരമായ ആഴങ്ങൾ**

ഓശാന ഞായർ യേശുവിന്റെ രാജത്വത്തിന്റയും രക്ഷാദൗത്യത്തിന്റെയും ആഴമായ പ്രതിഫലനമാണ്. സഖറിയാ 9:9, സങ്കീർത്തനം 118:25-26 എന്നിവയിലുള്ള ദൈവവാഗ്ദാനങ്ങൾ പൂർത്തിയാകുന്നു. 'ഓശാന' എന്ന വിളി, യേശുവിനെ ആത്മീയ രാജാവായി അംഗീകരിക്കുന്നു ജനങ്ങൾ പ്രതീക്ഷിച്ച രാഷ്ട്രീയ മോചനത്തിനപ്പുറം അവന്റെ ദൗത്യം വ്യാപിക്കുന്നു. ഈ ആഘോഷം ക്രൂശിന്റെ മുന്നോടിയാണ് 'ഓശാന' വിളിച്ചവർ 'ക്രൂശിക്കുക' എന്ന് ആക്രോശിക്കുന്ന മനുഷ്യസ്വഭാവത്തിന്റെ ചഞ്ചലത ഇവിടെ ദൃശ്യമാകുന്നു. കഴുതപ്പുറത്ത് വന്ന യേശു, വിനയത്തിന്റെയും സമാധാനത്തിന്റെയും പാത പഠിപ്പിക്കുന്നു, ശക്തി എന്നത് സേവനത്തിലാണെന്ന് വെളിപ്പെടുത്തുന്നു. വെളിപാട് 7:9-10-ൽ, വി. യോഹന്നാൻ സ്വർഗത്തിൽ ഈന്തപ്പനയോലകളുമായി 'രക്ഷ' വിളിക്കുന്ന ജനക്കൂട്ടത്തെ ചിത്രീകരിക്കുന്നു ഓശാനയുടെ വിജയഗീതം സ്വർഗത്തിലും പ്രതിധ്വനിക്കുന്നു.

**ഓശാന ആരാധനക്രമത്തിൽ**

സുറിയാനി പാരമ്പര്യത്തിലെ ഓശാന ശുശ്രൂഷകൾ ദൈവശാസ്ത്രപരമായ അർത്ഥം ഉൾകൊള്ളുന്നതാണ്. അത് ക്രിസ്തുവിന്റെ രാജത്വം, കുരിശിന്റെ രഹസ്യം, ഉയിർപ്പിന്റെ വാഗ്ദാനം എന്നിവയെ അതിന്റെ സമ്പന്നമായ ആരാധനാക്രമ പ്രാർത്ഥനകളിലൂടെയും കീർത്തനങ്ങളിലൂടെയും ഒരുമിച്ച് നെയ്തെടുക്കുന്നു.

പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിൽ പ്രധാനമായും രണ്ട് ഭാഗങ്ങളാണ് ഓശാന ശുശ്രൂഷകൾക്കുള്ളത്: കുരുത്തോല വാഴ്ത്തുന്ന ക്രമവും സ്ലീബാ ആഘോഷവും.

കുരുത്തോലകൾക്ക് മേൽ ഒരു പ്രത്യേക അനുഗ്രഹ പ്രാർത്ഥനയോടെ ശുശ്രൂഷ ആരംഭിക്കുന്നു. ഇവിടുത്തെ പ്രാർത്ഥനകൾ ക്രിസ്തുവിന്റെ വിനയപൂർവവും എന്നാൽ മഹത്വപൂർണവുമായ ജറുസലേം പ്രവേശനത്തിന്റെ അഗാധമായ അർത്ഥത്തെ എടുത്തുപ്പറയുന്നുണ്ട്, ഇത് ആരാധനാക്രമം മനോഹരമായി പകർത്തുന്നു. സെദറാ പ്രാർത്ഥന ഈ രഹസ്യത്തെ പ്രതിഫലിപ്പിക്കുന്നു: 'തന്റെ ബഹുമാന്യതയുടെ ശക്തി ശ്രേഷ്ഠവും തന്റെ വ്യാപാരത്തിന്റെ ആഴം മഹത്തും ആയിരിക്കുന്നു. പ്രകൃത്യാ ഉത്തമനും തന്റെ മനുഷ്യസ്നേഹമൂലം കാരുണ്യവാനുമായ ദൈവം തന്റെ ബഹുമാന്യതയെ ആരാധിക്കുവാനായി സ്വന്ത സൃഷ്ടിയെ തിരികെ കൊണ്ടുവരാൻ സ്വന്തത്തിലേക്കു വന്നു. ഈ പ്രാർത്ഥന ക്രിസ്തുവിന്റെ മനുഷാവതാരത്തിന്റെ പൊരുൾ എടുത്തുകാട്ടുന്നു. തുടർന്ന്, ക്രിസ്തു ഭൗമികമായ പ്രശംസയ്ക്കായല്ല വരുന്നത് മറിച്ച് നമ്മുടെ കഷ്ടപ്പാടുകളിൽ പങ്കുചേർന്ന് അവയെ തന്റെ പീഡാനുഭവത്തിലൂടെ പരിവർത്തനം ചെയ്യാനാണ്, ഇത് സെദറായിൽ നാം പ്രാർത്ഥിക്കുന്നുണ്ട്: രക്ഷാകരമായ കഷ്ടാനുഭവത്തിനു മുമ്പ് തനിക്കു വാഹനമായി നിന്ദ്യമായ കഴുതയെ ആവശ്യപ്പെട്ടു. ഇതു പിശാചുക്കളുടെ വഞ്ചനയിൽ നിന്നു രക്ഷിക്കപ്പെട്ടവരും വിജാതികളിൽ നിന്നുള്ള ജനവുമായ നമ്മെ സൂചിപ്പിക്കുന്നു'.

കുരുത്തോലകളുടെ മേലുള്ള അനുഗ്രഹ പ്രാർത്ഥനകൾ ലളിതമായ ഈ ശാഖകളെ ശക്തമായ കൗദാശിക അടയാളങ്ങളാക്കി മാറ്റുന്നു. പുരോഹിതൻ കുരുത്തോലകളുടെ മേൽ പ്രാർത്ഥിക്കുമ്പോൾ, അവയുടെ ആത്മീയ പ്രാധാന്യത്തെ ഓർമ്മിക്കുന്നു: കർത്താവേ, ഈ കുരുത്തോലകളെയും വാഴ്ത്തണമേ. ഇവയെ ഭവനങ്ങളെ സംരക്ഷിക്കാനും സാത്താനെ ഓടിക്കാനും പരീക്ഷകളെ ദൂരീകരിക്കാനും ശക്തിയുള്ള വാഴ്‌വിന്റെ കുരുത്തോലകൾ ആക്കിത്തീർക്കണമേ. ഇവിടെ, ആരാധനാക്രമം വെളിപ്പെടുത്തുന്നത്, ഈ അനുഗ്രഹീത കുരുത്തോലകൾ വെറും സ്മാരക വസ്തുക്കളല്ല, മറിച്ച് ആത്മീയ ആയുധങ്ങളും ക്രിസ്തുവിന്റെ മരണത്തിന്മേലുള്ള വിജയത്തിന്റെ ജീവനുള്ള ഓർമ്മപ്പെടുത്തലുകളുമാണ് എന്നാണ്. അവയുടെ നിത്യഹരിത സ്വഭാവം ക്രിസ്തു വാഗ്ദാനം ചെയ്യുന്ന നിത്യജീവന്റെ പ്രതീകമായി മാറുന്നു, ഇത് ഈ ശുശ്രൂഷയിൽ ഉടനീളം പ്രതിധ്വനിക്കുന്ന ഒരു പ്രമേയമാണ്.

ഭൗമിക ആഘോഷവും സ്വർഗീയ യാഥാർത്ഥ്യവും തമ്മിലുള്ള അഗാധമായ ബന്ധം ഓശാന കീർത്തനങ്ങളിൽ ശക്തമായി പ്രകടിപ്പിക്കപ്പെടുന്നുണ്ട്, അതുകൊണ്ടാണ് ഹൂത്തോമ്മൊയിൽ ഇങ്ങനെ നാം പ്രാർത്ഥിക്കുന്നത്: കർത്താവിന്റെ നാമത്തിൽ വരുന്നവനും വരുവാനിരിക്കുന്നവനും എന്നുള്ള പ്രവചനത്താൽ നിന്റെ ആദ്യത്തെയും അവസാനത്തെയും വരവോടൊപ്പം പുനരുത്ഥാനത്തിന്റെ പ്രത്യാശയും നീ ഞങ്ങൾക്ക് നൽകി. കർത്താവേ വിശുദ്ധന്മാരുടെ സ്ഥാനത്ത് ആത്മീയ പറുദീസായിലെ അനശ്വരമായ തളിർക്കൊമ്പുകൾ വഹിച്ചുകൊണ്ട് ഈ പെരുന്നാൾ അഭംഗമായി ആഘോഷിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ഈ പ്രാർത്ഥന ഈ പെരുന്നാളിനെ നിത്യയുമായിട്ടുള്ള പങ്കുചേരലായി കാണിക്കുന്നു, അതോടൊപ്പം ഈ കാലത്തെയും നിത്യതയെയും ബന്ധിപ്പിക്കുന്നു.

ഓശാന ശുശ്രൂഷായുടെ രണ്ടാം ഭാഗമായ സ്ലീബാ ആഘോഷത്തിലൂടെ ഭൂമിയുടെ നാല് ദിക്കിനെയും പുരോഹിതൻ വിശുദ്ധീകരിക്കുന്നു എന്നതിനുപരി ക്രിസ്തു സംഭവത്തിന്റെ – മനുഷ്യാവതാരം, പീഡാനുഭവം, മരണം, ഉയിർപ്പ്, രണ്ടാം വരവ് എന്നി പെസഹാ രഹസ്യങ്ങളുടെ ഒരു സാർവലൗകിക ആഘോഷമായി നിലകൊള്ളുന്നു. ഓശാന പ്രദക്ഷിണത്തിനു മുൻപുള്ള ഈ ശുശ്രൂഷ സാർവത്രിക രക്ഷയുടെ പ്രതീകമായി നിലനിൽക്കുന്നു, ക്രിസ്തുരഹസ്യങ്ങൾ നിരന്തരം ആഘോഷിക്കപ്പെടുന്നു എന്നൊരു ദൈവശാസ്ത്രദർശനത്തെ ഇത് പ്രതിഫലിപ്പിക്കുന്നു, വിശ്വാസികളെ സമസ്ത ലോകചരാചരങ്ങളോടെ കാലാതീതമായ ആരാധനയിൽ ഒന്നുചേർക്കുന്നു. ഈ ക്രിസ്തു സംഭവം ഒരു ദിനത്തിൽ മാത്രം ഒതുങ്ങുന്നില്ലെന്നും, സ്വർഗീയ ആരാധനാക്രമത്തിൽ നിരന്തരം ആഘോഷിക്കപ്പെടുന്നുവെന്നും ആരാധനാക്രമം വിശ്വാസഗണത്തെ സദാ ഓർമ്മിപ്പിക്കുന്നു.

കുരുത്തോല വാഴ്ത്തലിനുശേഷം, ക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തെ അനുസ്മരിച്ച്, ദൈവാലയത്തിനു ചുറ്റും ആഘോഷമായ ഒരു പ്രദക്ഷിണം നടക്കുന്നു. അംശവസ്ത്രങ്ങൾ ധരിച്ച പുരോഹിതനും വിശ്വാസികളും അനുഗ്രഹീത കുരുത്തോലകൾ വഹിച്ച്, ജനക്കൂട്ടത്തിന്റെ ആഹ്ലാദപ്രകടനത്തെ പ്രതിധ്വനിപ്പിക്കുന്ന കീർത്തനങ്ങൾ ആലപിക്കുന്നു: അത്യുന്നതങ്ങളിൽ ഓശാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ദാവീദിന്റെ പുത്രന് ഓശാന. അത്യുന്നതങ്ങളിൽ ഓശാന.

പ്രദക്ഷിണത്തിന്റെ വൃത്താകൃതിയിലുള്ള ചലനം ക്രിസ്തുവിന്റെ നിത്യരാജത്വത്തെയും അവനോടുകൂടിയ സഭയുടെ രക്ഷയിലേക്കുള്ള യാത്രയെയും സൂചിപ്പിക്കുന്നു. ഈ ശുശ്രൂഷ വിശ്വാസികളുടെ പങ്കാളിത്തം അവരെ ചരിത്രത്തിലെ ജനക്കൂട്ടവുമായും സ്വർഗത്തിലെ നിത്യാരാധനയുമായും ഒന്നിപ്പിക്കുന്നു. തുടർന്ന് ആഘോഷമായ പ്രദക്ഷിണം പൂർത്തിയാക്കി ദൈവാലയത്തിൽ തിരിച്ചു പ്രവേശിക്കുന്നതോടെ, ഓശാനയുടെ പ്രത്യേക ശുശ്രൂഷകൾ സമാപിക്കുന്നു.

**ജീവിതത്തിലേക്കുള്ള പാഠങ്ങൾ**

ഓശാന ഞായർ നമ്മെ വിനയത്തിന്റെ പാതയിലേക്ക് വിളിക്കുന്നു. യേശുവിന്റെ കഴുതപ്പുറത്തുള്ള പ്രവേശനം അതിന്റെ മാതൃകയാണ്. 'ഓശാന എന്ന വിളിയിലെ രക്ഷയുടെ പ്രത്യാശയും ദൈവത്തിന്റെ വിശ്വസ്തതയും നമുക്ക് പ്രചോദനമാണ്. ആഘോഷത്തിൽ നിന്ന് വഞ്ചനയിലേക്കുള്ള മാറ്റം, നമ്മുടെ വിശ്വാസത്തിന്റെ ആഴം പരിശോധിക്കാൻ ആഹ്വാനം ചെയ്യുന്നു.

ഓശാന ഞായർ, യേശുവിന്റെ വിജയവും ത്യാഗവും ഒരുപോലെ സ്മരിക്കുന്ന ദിനമാണ്. ഈസ്റ്ററിനുള്ള തയ്യാറെടുപ്പിന്റെ ആദ്യപടിയായി, ഈന്തപ്പനയോലകൾ കൈയിലേന്തി 'ഓശാന ഉന്നതങ്ങളിൽ എന്ന് വിളിക്കുമ്പോൾ, നാം യേശുവിന്റെ സമാധാന രാജ്യത്തിന്റെ ഭാഗമാകുന്നു. ഈ വിളി സ്വർഗവും ഭൂമിയും ഒരുപോലെ നിറയ്ക്കുന്ന മഹത്വത്തിന്റെ പ്രതിധ്വനിയാണ്.



www.malankaralibrary.com





കവർ സ്റ്റോറി

# വിശുദ്ധ കുർബാന: മിശിഹായുടെ കടന്നുപോകലിന്റെ അനുസ്മരണം





റവ. ഫാ. സിബി പൂവത്തുംതറയിൽ

ദൈവം തങ്ങളുടെ ഇടയിൽ പ്രവർത്തിച്ച വലിയ കാര്യങ്ങളുടെ അനുസ്മരണവും ദൈവത്തിന് തങ്ങളോടുള്ള വലിയ സ്നേഹത്തിന്റെ ധ്യാനവുമായിരുന്നു ഇസ്രായേൽ ജനത്തിന് വർഷംതോറുമുള്ള പെസഹാചരണം. ഈ ആചരണത്തിന്റെ കേന്ദ്രം പെസഹാ കുഞ്ഞാടിന്റെ ബലിയർപ്പണവും അതുവഴി ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് കാനാൻ നാടിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള ഇസ്രായേ ജനത്തിന്റെ കടന്നുപോകലുമാണ്. ഈ വലിയ വിമോചനത്തിന്റെ അനുസ്മരണം എല്ലാ വർഷവും പെസഹാചരണത്തിലൂടെ ഇസ്രായേൽ ജനം നടത്തിയിരുന്നു. ഇസ്രായേൽ ജനത്തിന്റെ വിമോചനത്തിനായി ബലിയർപ്പിക്കപ്പെട്ട പെസഹാ കുഞ്ഞാട് ഭാവിയിൽ ബലിയർപ്പിക്കാൻ ഇരിക്കുന്ന പൂർണവും വിശുദ്ധവുമായ പുതിയ നിയമ പെസഹാ കുഞ്ഞാടിന്റെ മുൻ രൂപമായിരുന്നു. ഈജിപ്തിൽ നിന്നും കാനാൻ നാട്ടിലേക്കുള്ള അവരുടെ യാത്ര രക്ഷയിലേക്കുള്ള പുതിയനിയമ ഇസ്രായേലിന്റെ യാത്രയുടെ മുൻരൂപമായിരുന്നു. രക്ഷയുടെ ഈ കടന്നുപോകൽ സാധ്യമായത് പെസഹാ കുഞ്ഞാടായ ക്രിസ്തുവിന്റെ ബലിയർപ്പണത്തിലൂടെയാണ്. ഈ പെസഹാ കുഞ്ഞാട് നിത്യമായ ബലിയർപ്പിച്ച് മനുഷ്യവർഗ്ഗത്തിന്റെ പാപമോചനം സാധ്യമാക്കി. ഈ ബലിയർപ്പണത്തിന്റെ ആവിഷ്കാരവും അനുസ്മരണവുമാണ് ഓരോ വിശുദ്ധ കുർബാനയും.

**1) പഴയനിയമ പെസഹാ: കാനാൻ നാട്ടിലേക്കുള്ള ഇസ്രായേൽ ജനത്തിന്റെ കടന്നുപോകൽ**

കാനാൻ നാട്ടിലേക്കുള്ള അവരുടെ യാത്രയും ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നുള്ള മോചനവും ദൈവം അവരോട് ചെയ്തു ഉടമ്പടിയും കാനാനാട്ടിലേക്കുള്ള അവരുടെ പ്രവേശനവും അവർ ഓർക്കുകയും അവരുടെ ജീവിതത്തിൽ അനുഭവിക്കുകയും ചെയ്തിരുന്ന സന്ദർഭമായിരുന്നു പഴയ നിയമ പെസഹാ. പെസഹാ വെറും ഓർമ്മയാചരണം മാത്രമായിരുന്നില്ല. പിന്നെയോ ഈ രക്ഷാകര സംഭവങ്ങളെല്ലാം അവരുടെ ജീവിതത്തിൽ അനുഭവിച്ചറിയുകയും ആവിഷ്കരിക്കുകയും ചെയ്ത സന്ദർഭമായിരുന്നു അത്. ഈജിപ്തിൽ നിന്ന് അവരെ പുറത്തുകൊണ്ടുവരുവാൻ കർത്താവ് ജാഗ്രതയോടെ പ്രവർത്തിച്ച രാത്രിയുടെ ഓർമ്മയ്ക്കായി ഇസ്രായേൽക്കാർ ഉറക്കമിളച്ചിരുന്ന് ആ രാത്രി കർത്താവിന്റെ ബഹുമാനാർത്ഥം ആചരിച്ചിരുന്നു. കാനാൻ നാട്ടിലേക്കുള്ള അവരുടെ മോചനം സാധ്യമായത് പെസഹാ കുഞ്ഞാടിന്റെ ബലിയർപ്പണം വഴിയാണ്. അതിന്റെ അനുസ്മരണാർത്ഥം പെസഹാ കുഞ്ഞാടിനെ കൊല്ലുകയും അതിന്റെ മാംസം ഭക്ഷിക്കുകയും അതിന്റെ രക്തം കട്ടിളപ്പടിയിൽ തളിക്കുകയും ചെയ്തിരുന്നു. ഈജിപ്തിലെ കടുത്ത യാതനകളുടെ പ്രതീകമായി കൈപ്പുള്ള ഇലകളും പുളിപ്പില്ലാത്ത അപ്പവും കൂട്ടി അവർ പെസഹാ ഭക്ഷിച്ചിരുന്നു. പെസഹായുടെ ഓരോ

ചടങ്ങുകളും കഴിഞ്ഞകാല സംഭവങ്ങൾ അവരുടെ ജീവിതത്തിൽ ആവിഷ്കരിക്കുന്ന വിധത്തിലായിരുന്നു. മിശിഹായിലൂടെ ലഭിക്കുന്ന ഒരു പുതിയ രക്ഷയെ കുറിച്ചുള്ള പ്രതീക്ഷയും പെസഹാചരണത്തിന്റെ ഭാഗമായിരുന്നു. മിശിഹായിലൂടെ ഒരു പുതിയ പുറപ്പാട് സംഭവിക്കുമെന്ന് ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്നു.

**2) പുതിയനിയമ പെസഹാ: മിശിഹായുടെ കടന്നുപോകലും പുതിയ ഇസ്രായേലിന്റെ രക്ഷയിലേക്കുള്ള കടന്നു പോകലും**

ഒരു പുതിയ പുറപ്പാടിലൂടെ ദൈവം തന്റെ ജനത്തെ വീണ്ടെടുക്കുമെന്നും ഈ പുറപ്പാടിന്റെ നായകനായ മിശിഹാ പെസഹാ രാത്രിയിൽ വരുമെന്നും ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നു. ഈ പ്രതീക്ഷയുടെ പൂർത്തീകരണമാണ് അന്ത്യഅത്താഴത്തിൽ നടക്കുന്നത്. അന്ത്യത്താഴം വെറുമൊരു പഴയ നിയമ പെസഹാചരണം മാത്രമായിരുന്നില്ല. പുതിയ ഇസ്രായേലിന്റെ രക്ഷയിലേക്കുള്ള പുറപ്പാടായിരുന്നു അത്. ഈ പുറപ്പാടിന് നിദാനമായത് പുതിയ നിയമ പെസഹാ കുഞ്ഞാടായ ക്രിസ്തുവിന്റെ ബലിയർപ്പണമായിരുന്നു. കാൽവരിയിൽ അവൻ അർപ്പിക്കാൻ പോകുന്ന ബലി കൗദാശികമായി അന്ത്യത്താഴത്തിൽ അവൻ അർപ്പിച്ചു. മുറിക്കപ്പെടാൻ പോകുന്ന അവന്റെ ശരീരം അപ്പത്തിന്റെ സാദൃശ്യത്തിലും ചിന്തപ്പെടാൻ പോകുന്ന അവന്റെ രക്തം വീഞ്ഞിന്റെ സാദൃശ്യത്തിലും അവൻ നൽകി. പഴയ നിയമ കുഞ്ഞാടിന്റെ മാംസത്തിനും രക്തത്തിനും പകരമായി അവൻ സ്വന്തം ശരീരവും രക്തവും പെസഹാ ഭക്ഷണമായി നൽകി. അങ്ങനെ അവൻ ഒരു പുതിയ പെസഹാ സ്ഥാപിച്ചു. ക്രിസ്തുവിന്റെ ബലിയർപ്പണത്തെ കടന്നുപോകൽ എന്നാണ് വി. ലൂക്കാ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് (ലൂക്കാ 9:31). പെസഹാ കുഞ്ഞാടായ ക്രിസ്തുവിന്റെ കടന്നുപോകലും അതുവഴിയായി പുതിയ നിയമ ഇസ്രായേലിന്റെ രക്ഷയിലേക്കുള്ള കടന്നുപോകലുമാണ് പുതിയ നിയമ പെസഹാ.

**3) വിശുദ്ധ കുർബാന ക്രിസ്തുവിന്റെ കടന്നുപോകലിന്റെ അനുസ്മരണം**

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു സഭ വിശുദ്ധ കുർബാന ആഘോഷിക്കുമ്പോൾ ക്രിസ്തുവിന്റെ പെസഹാ അനുസ്മരിക്കുന്നു; അതിനെ സന്നിഹിതമാക്കുകയും ചെയ്യുന്നു. ക്രിസ്തു കുരിശിൽ എന്നേക്കുമായി ഒരിക്കൽ അർപ്പിച്ച ബലി എന്നും യഥാർത്ഥമായി നിലനിൽക്കുന്നു. ക്രിസ്തുവാകുന്ന പെസഹാ കുഞ്ഞാട് ബലിയർപ്പിക്കപ്പെട്ട കുരിശിലെ യാഗം അൾത്താരയിൽ ആഘോഷിക്കപ്പെടുമ്പോഴെല്ലാം, നമ്മുടെ രക്ഷയുടെ കർമ്മം നിർവഹിക്കപ്പെടുകയാണ്. കുർബാന മിശിഹായുടെ പെസഹായുടെ അനുസ്മരണം ആകയാൽ അത് ബലി കൂടിയാണ്'(ഇഇഇ 136465). പുതിയ നിയമ പെസഹാ കുഞ്ഞാടായ ക്രിസ്തുവിന്റെ കടന്നുപോകലിന്റെ അനുസ്മരണമാണ് വിശുദ്ധ കുർബാന: "കർത്താവ് തനിക്ക് സ്വന്തമായി ഉള്ളവരെ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു. ഈ ലോകം വിട്ട് പിതാവിന്റെ പക്കലേക്ക് പോകാനുള്ള സമയമായെന്ന് അറിഞ്ഞുകൊണ്ട് ഭക്ഷണ സമയത്ത് അവിടുന്ന് അവരുടെ പാദങ്ങൾ കഴുകുകയും സ്നേഹത്തിന്റെ കൽപ്പന അവർക്ക് നൽകുകയും ചെയ്തു. അവർക്ക് ഈ സ്നേഹത്തിന്റെ അച്ചാരം നൽകുന്നതിന്നും തന്റെ സ്വന്തമായിട്ടുള്ളവരിൽ നിന്ന് ഒരിക്കലും വേർപിരിയാതിരിക്കുന്നതിനും അവരെ തന്റെ പെസഹായിൽ പങ്കുകാരാക്കുന്നതിനും വേണ്ടി തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായി അവിടുന്ന് വിശുദ്ധ കുർബാന സ്ഥാപിച്ചു. തന്റെ പുനരാഗമനം വരെ അത് ആഘോഷിക്കുവാൻ തന്റെ അപ്പോസ്തോലന്മാരോട് കൽപ്പിക്കുകയും അതിലൂടെ അവിടുന്ന് അവരെ പുതിയ നിയമത്തിലെ പുരോഹിതന്മാർ ആക്കുകയും ചെയ്തു'(CCC 1337).

**4) വിശുദ്ധ കുർബാന ഒരു കടന്നുപോകൽ**


ക്രിസ്തുവിന്റെ കടന്നുപോകലിന്റെ അനുസ്മരണവും ആവിഷ്കാരവുമായ വിശുദ്ധ കുർബാന പുതിയ നിയമ ഇസ്രായേലിന് രക്ഷയിലേക്കുള്ള കടന്നുപോകലിന്റെ മാർഗമാണ്. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന വിശ്വാസിയെ ദൈവം ഒരു പരിവർത്തനത്തിലേക്കും കടന്നുപോകലിലേക്കും ക്ഷണിക്കുകയാണ്.

A) നിത്യജീവനിലേക്കുള്ള കടന്നുപോകൽ

ജീവ വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ച് നിത്യജീവനിൽ പങ്കുപറ്റേണ്ട ആദി മാതാപിതാക്കൾ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ച് മരണത്തിനും പാപത്തിനും അടിമകളായി. നഷ്ടപ്പെട്ട ഈ ദൈവിക ജീവനി

www.malankaralibrary.com





ലേക്ക് മനുഷ്യരെ തിരികെ കൊണ്ടുവരാൻ ദൈവം നടത്തിയ ഇടപെടലുകളുടെ ചരിത്രമാണ് രക്ഷാകര ചരിത്രം. രക്ഷാകര ചരിത്രത്തിന്റെ പൂർണ്ണതയാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരവും, മരണവും, ഉത്ഥാനവും. നഷ്ടപ്പെട്ട ദൈവീക ജീവൻ മനുഷ്യർക്ക് നൽകാനാണ് ക്രിസ്തു കാൽവരിയിൽ യാഗമായി അർപ്പിക്കപ്പെട്ടത്. കുരിശ് ആകുന്ന ജീവന്റെ വൃക്ഷത്തിൽ നിന്ന് ജീവന്റെ കനി മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ടു. ഏതാണ് ഈ ജീവന്റെ കനി? ക്രിസ്തു തന്നെയാണ് ഈ ജീവന്റെ കനി. അവന്റെ തിരുശരീരക്തങ്ങളാണ് ഈ ജീവന്റെ കനി. ഇനി നിത്യജീവൻ ലഭിക്കാനുള്ള മാർഗം അവനെ സ്വീകരിക്കുക, അവന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുക എന്നതാണ്: 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവസാന ദിവസം ഞാൻ അവനെ ഉയർപ്പിക്കും' (യോഹ 6:54). യോഹ 6:51 – ൽ യേശു അരുളിചെയ്തു: ''സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും; ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്." മലങ്കര കുർബാനയിൽ വിശുദ്ധ കുർബാന വിശ്വാസിക്കു നൽകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇതാണ് : ''നമ്മുടെ ദൈവമായ മിശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കട്ട, പാപമോചനത്തിനും നിത്യജീവനും വേണ്ടി സത്യവിശ്വാസിക്ക് നൽകപ്പെടുന്നു". കുർബാന നിത്യജീവനു വേണ്ടിയുള്ള തീക്കട്ടയാണ്. സുറിയാനി സഭാ പിതാവായ മാർ അപ്രേം പഠിപ്പിക്കുന്നു: "വിശുദ്ധ കുർബാനയപ്പം നമ്മെ പറുദീസായിലേക്ക് പറക്കാൻ യോഗ്യരാക്കുന്നു. ഈ ആത്മീയ അപ്പം നിമിത്തം നാം കഴുകന്മാരെ പോലെ പറുദീസയിലേക്ക് പറക്കുന്നു. ഈ ആത്മീയ അപ്പം ഭക്ഷിക്കുന്ന ഏവരും വാനമേഘങ്ങളിൽ ക്രിസ്തുവിനെ കണ്ടുമുട്ടാൻ പറന്നുയരും".

B) പാപമോചനത്തിലേക്കുള്ള കടന്നുപോകൽ

കർത്താവ് കാൽവരി മലയിൽ തന്നെ ബലിയർപ്പിച്ചത് മനുഷ്യവംശത്തിന്റെ പാപപരിഹാരത്തിനു വേണ്ടിയാണ്. 'അവൻ ആകട്ടെ പാപങ്ങൾക്ക് വേണ്ടി എന്നേക്കുമായുള്ള ഏക ബലി അർപ്പിച്ചു കഴിഞ്ഞപ്പോൾ, ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി... വിശുദ്ധീകരിക്കപ്പെട്ടവരെ അവൻ ഏകബലി സമർപ്പണം വഴി എന്നേക്കുമായി പരിപൂർണരാക്കിയിരിക്കുന്നു' (ഹെബ്രാ 10:12-14). അന്ത്യ താഴത്തിൽ വച്ച് പാനപാത്രം എടുത്തുകൊണ്ട് യേശു അരുളിചെയ്തു: 'നിങ്ങളെല്ലാവരും ഇതിൽനിന്ന് പാനം ചെയ്യുവിൻ. ഇത് പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ് (മത്താ 26:28). ലേവ്യരുടെ പുസ്തകം പതിനാറാം അധ്യായത്തിൽ പഴയനിയമത്തിൽ പാപപരിഹാര ദിനത്തിൽ ജനങ്ങളുടെ പാപത്തിന് പരിഹാരമായി അനുഷ്ഠിക്കേണ്ട ബലികളെപ്പറ്റി വിവരിക്കുന്നു. ജനങ്ങളുടെ പാപപരിഹാരത്തിനായി രണ്ട് ആൺകോലാടുകളെ തിരഞ്ഞെടുക്കണം. അഹറോൻ കുറിയിട്ട് ആടുകളിൽ ഒന്നിനെ കർത്താവിനും മറ്റേതിനെ അസസേലിനുമായി നിശ്ചയിക്കണം. കർത്താവിനായി കുറി വീണതിനെ കൊണ്ടുവന്ന്

www.malankaralibrary.com



പാപപരിഹാര ബലിയായി അർപ്പിക്കണം. അതിന്റെ രക്തം കൃപാസനത്തിന്മേലും, കൃപാസനത്തിന്റെ മുൻപിലും തളിക്കണം. അതുവഴിയായി ഇസ്രായേൽജനത്തിന്റെ പാപങ്ങൾക്കും അപരാധങ്ങൾക്കും പരിഹാരം ലഭിക്കും. ഈ പ്രതീകം ക്രിസ്തുവിൽ നിറവേറി. ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ആയ ക്രിസ്തു സ്വയം ബലിയായി തീർന്നു. തന്റെ രക്തം വഴി സകല മനുഷ്യരുടെയും പാപങ്ങൾക്ക് പരിഹാരം ചെയ്തു. തുടർന്ന് രണ്ടാമത്തെ ആടിനെ കൊണ്ടുവന്നിട്ട് അതിന്റെ തലയിൽ കൈവെച്ച് അഹറോൻ ഇസ്രായേൽ ജനത്തിന്റെ എല്ലാ അകൃത്യങ്ങളും പാപങ്ങളും ഏറ്റുപറയണം. പാപങ്ങളെല്ലാം അതിന്റെ ശിരസ്സിൽ ചുമത്തി മരുഭൂമിയിലേക്ക് അയയ്ക്കണം (ലേവ്യ 16:20-34). ഈ പ്രതീകവും ക്രിസ്തുവിൽ പൂർത്തിയായി. അവൻ കാൽവരി മലയിലേക്ക് യാത്ര ചെയ്തത് സകല മനുഷ്യരുടെയും പാപങ്ങൾ വഹിച്ചു കൊണ്ടാണ്. അതുകൊണ്ടാണ് ഏശയ്യാ മിശിഹായെപ്പറ്റി മുൻകൂട്ടി പറഞ്ഞത്. 'അനേകരുടെ പാപഭാരം അവൻ പേറി; അതിക്രമങ്ങൾക്ക് വേണ്ടി മാധ്യസ്ഥം വഹിച്ചു (ഏശയ്യാ5:12). ജനത്തിന്റെ പാപങ്ങൾ നിമിത്തമാണ് അവൻ പീഡനം ഏറ്റ് മരിച്ചത് (ഏശയ്യാ 53:8). 'അവൻ പാപപരിഹാര ബലിയായി തന്നെത്തന്നെ അർപ്പിച്ചു' (ഏശയ്യാ 53:10). ക്രിസ്തു കാൽവരിയിൽ മനുഷ്യരുടെ പാപപരിഹാരത്തിനായി അർപ്പിച്ച അതേ ബലിയാണ് വിശുദ്ധ കുർബാനയിൽ ബലിപീഠത്തിൽ സന്നിഹിതമാക്കപ്പെടുക. അതുകൊണ്ടാണ് വിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് യേശു പറഞ്ഞത്: 'പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെട്ട എന്റെ രക്തം' (മത്താ 26:23).

വിശുദ്ധ കുർബാന പാപമോചനത്തിനുള്ള ബലിയാണ്. കുർബാനയിലെ ഒരുക്ക ശുശ്രൂഷയുടെ സമയത്ത് വൈദികനിപ്രകാരം ചൊല്ലുന്നു: ലോകം മുഴുവന്റെയും പാപപരിഹാരത്തിനും, രക്ഷയ്ക്കും വേണ്ടി പിതാവിന് സ്വീകാര്യമായി ബലിയായി സ്വയം സമർപ്പിച്ച നിർമ്മല കുഞ്ഞാടായ മിശിഹാ തമ്പുരാനേ, നിനക്ക് പ്രീതികരവും ഞങ്ങൾക്ക് വേണ്ടിയുള്ള നിന്റെ ബലിയർപ്പണത്തിനു അനുരൂപവുമായ ജീവനുള്ള ബലിയായി സ്വയം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. മാർ യാക്കോബിന്റെ അനാഫുറയിൽ ശോശപ്പ ആഘോഷിക്കുന്നതിനു മുൻപ് വിശുദ്ധ കുർബാന പാപപരിഹാര ബലിയാണെന്ന് വ്യക്തമാക്കുന്നു. 'ഞങ്ങളുടെ രക്ഷയ്ക്കായി ഏർപ്പെടുത്തപ്പെട്ട ഈ രഹസ്യം ഞങ്ങളുടെ ശിക്ഷാവിധിക്കായിത്തീരരുതേ, പിന്നെയോ പാപങ്ങളുടെ മോചനത്തിനും നിത്യജീവനും നിദാനം ആയിത്തീരണമേ'. ഖണ്ഡന ശുശ്രൂഷയുടെ സമയത്ത് ചൊല്ലുന്ന മാർ യാക്കോബിന്റെ അപേക്ഷയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'പാപങ്ങളെ നീ നോക്കുകയും അവയുടെ പരിഹാരാർത്ഥമുള്ള ഈ ബലിയെ തൃക്കൺ പാർക്കുകയും ചെയ്യണമേ'.

### c) സൗഖ്യത്തിലേക്കുള്ള കടന്നുപോകൽ

വിശുദ്ധ കുർബാന സൗഖ്യത്തിന്റെ കൂദാശയാണ്. മലങ്കര കുർബാനയിൽ പരിശുദ്ധാത്മാഭിഷേക പ്രാർത്ഥനയിൽ നാം ചൊല്ലുന്നു: 'രഹസ്യങ്ങളിൽ പങ്കാളികളായവരുടെ ആത്മാക്കളെയും, ദേഹികളെയും, ശരീരങ്ങളെയും, ശുദ്ധീകരിക്കണമേ'. ഒന്നാം തുബ്ദേന്റെ രഹസ്യപ്രാർത്ഥനയിൽ വൈദികനിപ്രകാരം പ്രാർത്ഥിക്കുന്നു: 'ബന്ധിതരും രോഗികളും പീഡിതരും അശുദ്ധാത്മാവ് ബാധിച്ചവരുമായ ഞങ്ങളുടെ സഹോദരങ്ങളെ ഓർക്കേണമേ' (തക്സാ, പേജ് 56). സെദറാ പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ഈ കുർബാനയാൽ രോഗികൾക്ക് ആശ്വാസവും പിശാച്ബാധിതർക്ക് മോചനവും തെറ്റിപ്പോയവർക്ക് മാനസാന്തരവും കൊടുക്കണമേ'(തക്സാ, പേജ് 309). കുർബാനയുടെ സമാപനത്തിൽ കാസായിൽ നിന്നും തിരുരക്തം പാനം ചെയ്യുമ്പോൾ വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ആത്മബലിയാൽ കുറ്റക്കാർക്ക് മോചനം നൽകി അവരെ രക്ഷിച്ച ദൈവപുത്രാ നിന്റെ ജീവപ്രദമായ ബലിയാൽ എന്റെ ദുർവികാരങ്ങളെ ശമിപ്പിക്കുകയും രോഗങ്ങളെ സൗഖ്യമാക്കുകയും ചെയ്യണമേ'. വിശുദ്ധിയോടെയുള്ള കുർബാന സ്വീകരണം ആത്മാവിന്റെയും ശരീരത്തിന്റെയും സൗഖ്യത്തിന് കാരണമാകാം.

### D) സന്തോഷത്തിലേക്കും സമാധാനത്തിലേക്കുമുള്ള കടന്നുപോകൽ

എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ മ്ലാനവദനരായിരുന്നു എന്ന് ലൂക്കോസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നു. എന്നാൽ അപ്പം എടുത്ത് ആശിർവദിച്ച് മുറിച്ച് അവർക്ക് കൊടുത്ത് കഴിഞ്ഞപ്പോൾ സന്തോഷത്തോടെ അവർ ജെറുസലേമിലേക്ക് തിരിച്ചു പോയി.

www.malankaralibrary.com



ഓരോ കുർബാനയിലും ഇതാണ് നടക്കുന്നത്. ജീവിതത്തിന്റെ നിരാശയും സങ്കടവുമായി വിശുദ്ധ ബലിയർപ്പണത്തിന് വരുന്ന വിശ്വാസികൾ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച് സന്തോഷത്തോടെ തിരിച്ചു പോകുന്നു. അതുകൊണ്ടാണ് മലങ്കര കുർബാനയിലെ സമാപന ആശീർവാദത്തിൽ വൈദികൻ ഇപ്രകാരം പറയുന്നത്. 'നിങ്ങൾ സന്തോഷിച്ച്, ആനന്ദിച്ച്, സമാധാനത്തോടുകൂടി പോകുവിൻ'. കുർബാന വിശ്വാസിക്ക് നൽകുന്ന പ്രത്യാശ യോഹന്നാന്റെ സുവിശേഷം 6:56-ൽ നാം കാണുന്നു. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ എന്നിലും ഞാൻ അവനിലും വസിക്കുന്നു'. വിശുദ്ധ കുർബാന സ്വീകരിക്കുന്ന വിശ്വാസിയെ ദൈവം സ്വന്തമാക്കുന്നു. അവന്റെ കൂടെ ദൈവം ഉണ്ട്. വിശുദ്ധ ബലിയുടെ സമാപനത്തിലെ രഹസ്യ പ്രാർത്ഥനയിൽ വൈദികൻ ഇരുപത്തിമൂന്നാം സങ്കീർത്തനം ചൊല്ലുന്നു. വിശുദ്ധ കുർബാന അർപ്പിച്ച പുരോഹിതന് ദൈവം കൊടുക്കുന്ന ഉറപ്പാണ് ഈ സങ്കീർത്തനം. അതായത് ദൈവം ഇടയനായി കൂടെയുണ്ട്. മരണത്തിന്റെ നിഴൽ വീണ താഴവരയിലൂടെയാണ് നടക്കുന്നതെങ്കിലും അവിടുന്ന് കൂടെയുണ്ട്. ഈ പ്രത്യാശയാണ് ഓരോ കുർബാനയും വിശ്വാസിക്കു നൽകുന്നത്. നീ ഇന്ന് കടന്നു പോകുന്നത് രോഗത്തിലൂടെയും, സങ്കടത്തിലൂടെയും, പ്രതിസന്ധികളിലൂടെയും ആണെങ്കിലും ഭയപ്പെടേണ്ട നി സ്വീകരിച്ച കർത്താവ് കൂടെയുണ്ട്. ഈ പ്രത്യാശയാണ് അവന്റെ സന്തോഷത്തിന്റെ നിദാനം.

**5) കുർബാന ഒരു യാത്രാഭക്ഷണം**

ഇസ്രായേൽ ജനത്തിന് കാനാൻ നാട്ടിലേക്കുള്ള അവരുടെ യാത്രയ്ക്ക് നിദാനമായത് പെസഹാ കുഞ്ഞാടിന്റെ മാംസവവും രക്തവുമാണ്. സംഹാര ദൂതനിൽ നിന്നുള്ള മോചനത്തിനും കാനാൻ നാടിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുപോകലിനും അത് കാരണമായി. അവർ കടന്നുവന്ന വഴികളെക്കുറിച്ചുള്ള ഓർമ്മയും എത്തേണ്ട ഇടത്തെക്കുറിച്ചുള്ള അനുസ്മരണവും ആയിരുന്നു പെസഹാ. സ്വർഗ്ഗീയ കാനാൻ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന പുതിയ നിയമ ഇസ്രായേൽ ജനത്തിന്റെ യാത്രാ ഭക്ഷണമാണ് യേശുക്രിസ്തുവിന്റെ ശരീരവും രക്തവും. മലങ്കര കുർബാനയിലെ സമാപന ആശീർവാദത്തിൽ വൈദികൻ ഇപ്രകാരം ചൊല്ലും: നിങ്ങൾ പ്രാപിച്ച അനുഗ്രഹത്തോടും യാത്രാ ഭക്ഷണത്തോടും കൂടെ സമാധാനത്തോടെ പോകുവിൻ'. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു:



'ഭൗതികമായ ഭക്ഷണം നമ്മുടെ ശാരീരിക ജീവിതത്തിൽ പുറപ്പെടുവിക്കുന്നത് എന്തോ അത് കർബാന സ്വീകരണം മൂലം നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ വിസ്മയനീയമാംവിധം ഉളവാകുന്നു. ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരവുമായുള്ള സംസർഗം, മാമോദിസയിൽ സ്വീകരിച്ച കൃപാവരത്തിന്റെ ജീവനെ സംരക്ഷിക്കുകയും വർദ്ധിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്നു. ക്രൈസ്തവ ജീവിതത്തിലുള്ള ഈ വളർച്ചയ്ക്ക് ദിവ്യകാരുണ്യമാകുന്ന ഭോഷണം ആവശ്യമാണ്. 'നമ്മുടെ മരണനിമിഷം വരെയുള്ള തീർത്ഥാടനത്തിനുള്ള അപ്പമാണത്. മരണത്തിനു മുൻപായി അത് നമുക്ക് തിരുപ്പാഥേയമായി നൽകപ്പെടും'(CCC 1392). മാർ ഇവാനിയോസ് തിരുമേനി വിശുദ്ധ കുർബാനയേ വിശേഷിപ്പിക്കുന്നത് യാത്രാഭക്ഷണം എന്നാണ്.

**6) വിശുദ്ധ കുർബാന പുതിയ ഉടമ്പടി**

സീനായ് ഉടമ്പടി ഉറപ്പിക്കുന്നതിനെ പറ്റി പുറപ്പാട് പുസ്തകം ഇരുപത്തിനാലാം അധ്യായത്തിൽ വിവരിക്കുന്നു. 'മോശ ബലിയുടെ രക്തത്തിൽ പകുതി പാത്രങ്ങളിൽ ആക്കുകയും പകുതി ബലിപീഠത്തിന് മേൽ തളിക്കുകയും ചെയ്തു. അനന്തരം ഉടമ്പടി ഗ്രന്ഥം എടുത്ത് ജനങ്ങൾ കേൾക്കെ വായിച്ചു. അപ്പോൾ മോശ രക്തമെടുത്ത് ജനങ്ങളുടെ മേൽ തളിച്ചുകൊണ്ട് പറഞ്ഞു ഈ വചനങ്ങൾ എല്ലാം ആധാരമാക്കി കർത്താവ് നിങ്ങളോട് ചെയ്ത ഉടമ്പടിയുടെ രക്തമാകുന്നു ഇത്'(പുറ 24:6-9). പഴയ നിയമത്തിലെ ഉടമ്പടി ഉറപ്പിക്കപ്പെട്ടത് ബലിമൃഗത്തിന്റെ രക്തം ബലിപീഠത്തിന്മേലും ജനങ്ങളുടെ മേലും തളിച്ചുകൊണ്ടാണ്. ഈ ബലിമൃഗത്തിന്റെ രക്തത്തെ ഉടമ്പടിയുടെ രക്തം എന്ന് വിളിക്കുന്നു. മത്തായിയുടേയും മർക്കോസിന്റെയും സുവിശേഷത്തിൽ അന്ത്യത്താവേളയിൽ ഈശോ പാനപാത്രം എടുത്തു കൊണ്ട് അരുളിചെയ്തു: 'ഇത് പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടെതുമായ എന്റെ രക്തമാണ്'. ലൂക്കോസിന്റെയും പൗലോസിന്റെയും വിവരണത്തിൽ പാനപാത്രം എടുത്തുകൊണ്ട് ഈശോ അരുളിചെയ്യുന്നു: 'ഇതെന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ പുതിയ ഉടമ്പടി ഉറപ്പിക്കപ്പെടുകയാണ്. പുതിയ ഉടമ്പടിയെ കുറിച്ചുള്ള പ്രവചനം ജെറമിയ പ്രവാചകന്റെ പുസ്തകം 31-ാം അധ്യായം 31-ാം വാക്യത്തിൽ നാം കാണുന്നു. ഹെബ്രായർക്കെഴുതിയ ലേഖനം 10-ാം അധ്യായം 16,17 വാക്യങ്ങളിൽ ക്രിസ്തുവിന്റെ എന്നേക്കുമായുള്ള ബലിവഴിയായി പുതിയ ഉടമ്പടിയെ കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദാനം നിറവേറിയതായി സൂചിപ്പിക്കുന്നു. ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട പുതിയ ഉടമ്പടിയുടെ ആഘോഷവും അനുസ്മരണവും ആണ് വിശുദ്ധ കുർബാന. മലങ്കര കുർബാനയിൽ 12 ശ്ലീഹന്മാരുടെ അനാഫോറയിലെ സ്ഥാപനവചനങ്ങളിൽ പാനപാത്രം എടുത്തുകൊണ്ട് ഇപ്രകാരം ചൊല്ലുന്നു: 'ഇത് പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു.' സെദറാ പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു : 'ഞങ്ങൾ ഈ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരും സത്യത്തിന്റെ വചനം കുറ്റം കൂടാതെ കൈകാര്യം ചെയ്യുന്നവരുമായി തീരുവാൻ അനുഗ്രഹിക്കണമേ.' ഓരോ കുർബാന അർപ്പണവും ദൈവവുമായുള്ള ഉടമ്പടിയുടെ ഉറപ്പിക്കലാണ്. എന്നെ വീണ്ടെടുക്കാൻ സ്വന്തം ജീവൻ വിലയായി നൽകിയ തമ്പുരാനും ഞാനും തമ്മിൽ ഏർപ്പെടുന്ന വ്യക്തിപരമായ സ്നേഹ ഉടമ്പടിയാണ് വിശുദ്ധ കുർബാന.

**7) വിശുദ്ധ കുർബാന സ്നേഹത്തിന്റെ ആഘോഷം**

ദൈവത്തിന് ജനത്തോടുള്ള കരുതലിന്റെ ആഘോഷമായിരുന്നു പഴയനിയമ പെസഹാ. തങ്ങളുടെ യാതനകളുടെയും കയ്പ് നിറഞ്ഞ അനുഭവങ്ങളുടെയും മധ്യേ ദൈവം ഇടപെട്ട് അവരെ വിമോചിപ്പിച്ച് പാലും തേനും ഒഴുകുന്ന നാട്ടിലേക്ക് നയിച്ചതിന്റെ ഓർമ്മയായിരുന്നു അത്. ദൈവ സ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമായിരുന്നു ഈശോയുടെ കുരിശിലെ ബലി. തന്റെ ജീവൻ നഷ്ടപ്പെടുത്തിയാണ് അവൻ ലോകത്തെ നേടിയത്. 1 യോഹന്നാൻ 4:10-ൽ ഇപ്രകാരം പറയുന്നു: 'നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം'. ഈ വലിയ സ്നേഹത്തിന്റെ ആഘോഷമാണ് വിശുദ്ധ കുർബാന.

വിശുദ്ധ കുർബാന നമ്മെ ക്ഷണിക്കുന്നത് സ്നേഹിക്കാനാണ് അന്ത്യത്തിൽ വിശുദ്ധ കുർബാന സ്ഥാപിച്ചതിനു ശേഷം ഈശോ പഠിപ്പിച്ച പുതിയ പ്രമാണം: 'ഞാൻ നിങ്ങളെ സ്നേഹിച്ചു പോലെ നിങ്ങളും പരസ്പരം



സ്നേഹിക്കണം എന്നതാണ്'( യോഹ 13:34 ). 1 യോഹന്നാൻ 3:16–ൽ ശ്ലീഹാ പറയുന്നു: 'ക്രിസ്തു സ്വന്തം ജീവൻ നമുക്ക് വേണ്ടി പരിത്യജിച്ചു എന്നതിൽ നിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരന്മാർക്ക് വേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു'. ക്രിസ്തു നമ്മെ സ്നേഹിക്കുന്നതുപോലെ പരസ്പരം സ്നേഹിക്കാനാണ് കുർബാന നമ്മെ ക്ഷണിക്കുന്നത്. വിശുദ്ധ കുർബാനയിലെ ഈശോയുടെ സാന്നിധ്യത്തെ മറ്റുള്ളവരിൽ തിരിച്ചറിയാൻ കഴിയുക. വിശുദ്ധ മദർ തെരേസ വിശുദ്ധ കുർബാനയിലെ ഈശോയുടെ സാന്നിധ്യം ആലംബഹീനരിലും രോഗികളിലും തിരിച്ചറിഞ്ഞ വിശുദ്ധയാണ്. വിശുദ്ധ കുർബാനയിലെ ഈശോയുടെ സാന്നിധ്യമാണ് മറ്റൊരു രൂപത്തിൽ ബലഹീനരിൽ ഉള്ളത്. അതുകൊണ്ടാണ് ഈശോ അരുൾ ചെയ്തത്. 'എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത് (മത്താ 25:40).

കുടുംബത്തിലെ സ്നേഹബന്ധങ്ങളുടെ മാതൃകയാണ് വിശുദ്ധ കുർബാന. എഫേസോസുകാർക്ക് എഴുതിയ ലേഖനം 5–ാം അധ്യായം 24 മുതൽ 26 വരെയുള്ള വാക്യങ്ങളിൽ പൗലോസ് ശ്ലീഹാ ദമ്പതികൾ തമ്മിലുള്ള സ്നേഹത്തിന്റെ മാതൃകയായി അവതരിപ്പിക്കുന്നത് മിശിഹായും സഭയും തമ്മിലുള്ള സ്നേഹമാണ്. 'സഭ ക്രിസ്തുവിന് വിധേയ ആയിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കന്മാർക്ക് വിധേയരായിരിക്കണം. ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങളും ഭാര്യമാരെ സ്നേഹിക്കണം'. മിശിഹായും സഭയും തമ്മിലുള്ള സ്നേഹത്തിന്റെ ആഘോഷമാണ് വിശുദ്ധ കുർബാന. മിശിഹാ തന്നെ തന്നെ സഭയ്ക്ക് നൽകി അവളെ പരിപോഷിപ്പിക്കുന്ന കൂദാശയാണ് വിശുദ്ധ കുർബാന. ഓരോ കുർബാനയർപ്പണത്തിലും പങ്കെടുക്കുന്ന ദമ്പതികളെ ഈ സ്നേഹത്തിലേക്കാണ് ദൈവം ക്ഷണിക്കുക.

**8) വിശുദ്ധ കുർബാന ഓരോ വിശ്വാസിയുടെയും ബലിയർപ്പണമാണ്**

വിശുദ്ധ കുർബാന യേശുവിന്റെ ബലിയാണ്. മണവാട്ടിയായ സഭ മണവാളനായ ക്രിസ്തുവിനോട് ചേർന്ന് പിതാവിന് അർപ്പിക്കുന്ന ബലിയാണ് വിശുദ്ധ കുർബാന. വിശ്വാസികളുടെയും ബലിയർപ്പണമാണിത്. മാർ ഇവാനിയോസ് പിതാവ് ഇപ്രകാരം പറയുന്നു: 'ജീവനുള്ളതും പരിശുദ്ധവുമായ ബലിയിൽ നാം നമ്മെതന്നെ ദൈവത്തിന് കുർബാനയിൽ അർപ്പിക്കുന്നത് കൊണ്ട്, നമുക്കുള്ള സകലത്തെയും സകലരെയും പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ബലിയർപ്പിക്കുന്നത് കൊണ്ട് കുർബാന നമ്മുടെ യാഗം ആകുന്നു' (വിശുദ്ധ കുർബാന ഒരു ധ്യാന പഠനം, പേജ്



36). സെദറാ പ്രാർത്ഥനയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ഞങ്ങൾ തന്നെ നിനക്ക് സ്വീകാര്യ ബലിയായി തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ '(തക്സാ, പേജ് 37). വിശുദ്ധ കുർബാനയിൽ പരിശുദ്ധാത്മാവിന്റെ ആഭിഷേക സമയത്ത് മൂന്ന് പ്രാർത്ഥനകൾ വൈദികൻ ചൊല്ലാറുണ്ട്. 1. അപ്പത്തെ ഈശോയുടെ ശരീരമാക്കി മാറ്റാൻ 2. വീഞ്ഞിനെ ഈശോയുടെ രക്തമാക്കി മാറ്റാൻ 3. ഈ കുർബാനയിൽ സംബന്ധിക്കുന്നവരെ ശുദ്ധീകരിക്കാൻ. യേശുക്രിസ്തുവിന്റെ ശരീര രക്തത്തോടൊപ്പം നമ്മളും ബലി വസ്തുക്കളാണ്. അതുകൊണ്ട് വിശുദ്ധ കുർബാന ഓരോ വിശ്വാസിയുടെയും ബലിയർപ്പണമാണ്.

**ഉപസംഹാരം**

പെസഹാ വ്യാഴം ഇംഗ്ലീഷിൽ അറിയപ്പെടുന്നത് 'വിശുദ്ധ കുർബാന: മിശിഹായുടെ കടന്നുപോകലിന്റെ അനുസ്മരണം 'Maundy Thursday' എന്നാണ്. 'Maundy' എന്ന വാക്കിന്റെ അർത്ഥം 'കൽപ്പന' എന്നാണ്. സുപ്രധാനമായ രണ്ടു കല്പനകൾ ഈശോ നൽകിയ ദിവസമാണ് പെസഹാ വ്യാഴം. അന്ത്യത്താഴ വേളയിൽ വിശുദ്ധ കുർബാന സ്ഥാപിച്ചശേഷം ഈശോ കൽപ്പിച്ചു: 'എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ'. വിശുദ്ധ കുർബാന അർപ്പിക്കാൻ ഉള്ള കൽപ്പനയാണിത്. അന്ത്യത്താഴ വേളയിൽ ഈശോ മറ്റൊരു കല്പന നൽകി : 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'. ഈശോയുടെ രക്ഷാകര കർമ്മം മുഴുവൻ അനുസ്മരിക്കാനും ഈശോയെ പോലെ അപരനെ സ്നേഹിക്കാനും വിശുദ്ധ കുർബാന നമ്മളെ ക്ഷണിക്കുന്നു.

## ഉപകാരസ്മരണ



**ഒരു വിശ്വാസി**




# ദുഃഖവെള്ളിയെന്ന് മലയാളീകരിക്കപ്പെട്ട ഗുഡ് ഫ്രൈഡേ

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
അസി. പ്രഫസർ, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ

കാൽവരിയിൽ യേശു ജീവാർപ്പണം ചെയ്ത ദിവസം, ഗ്രിഗോറിയൻ കലണ്ടർ പ്രകാരം പാശ്ചാത്യ രാജ്യങ്ങളാണ് ഗുഡ് ഫ്രൈഡേ എന്ന് പേരിട്ട് ആചരിച്ചു തുടങ്ങിയത്. ദൈവത്തിന്റെ ദിനം (God's Friday) എന്ന പേരിൽ നിന്നാണ്, പിന്നീട് ഏറെ സാമാന്യവൽക്കരിക്കപ്പെട്ട ഗുഡ് ഫ്രൈഡേ യിലേക്ക് ഈ ദിനം മാറപ്പെട്ടത്. വിശുദ്ധ വെള്ളി (Holy Friday), വലിയ വെള്ളി (Great Friday),ഈസ്റ്റർ വെള്ളി (Easter Friday) എന്നിങ്ങനെ പല രാജ്യങ്ങളിൽ പല പേരുകളിലും ദു:ഖവെള്ളി അറിയപ്പെടുന്നുണ്ട്. രാജ്യാന്തര തലത്തിൽ ഭൂരിഭാഗമിടങ്ങളിലും ഏറ്റവും കൂടുതൽ ഉപയോഗിച്ചു വരുന്നത് ഗുഡ് ഫ്രൈഡേ എന്ന പദമാണ്.

**യേശുക്രിസ്തുവിന്റെ ജനനവും പീഡാനുഭവവും ഉയിർപ്പും,**

ദൈവനിയോഗമെന്നതിനപ്പുറം അംഗീകരിക്കപ്പെട്ട ചരിത്ര വസ്തുത കൂടിയാണ്. ഇതിനെ സാധൂകരിക്കുന്ന നിരവധി തെളിവുകൾ ചരിത്രത്തിൽ അവശേഷിക്കുന്നുമുണ്ട്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം, യേശുക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ അനുസ്മരണമായ ദുഃഖവെള്ളി, രക്ഷയുടെ ദിവസത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ക്രിസ്തുവിന്റെ കുരിശുമരണം, ക്രിസ്ത്യാനികളുടെ രക്ഷക്കുവേണ്ടി എന്നതിനപ്പുറം, ലോകം മുഴുവനും വേണ്ടിയുള്ള രക്ഷാകര സംഭവമായാണ്, ദൈവശാസ്ത്രജ്ഞർ കരുതി പോരുന്നത്. ജനനം മുതൽ ജീവിതത്തിലുടനീളം മരണത്തിൽ പോലും രക്ഷ പകർന്നുകൊണ്ട് കടന്നുപോകുന്ന ക്രിസ്തുവിന്റെ ചിത്രമാണ് ദുഃഖവെള്ളി, നമ്മെ ഓർമ്മിപ്പിക്കുന്നത്.

**കോഴി കൂവലിലെ സാംഗത്യം**

ചിന്തകനായ തോമസ് മെർട്ടൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്, "മനുഷ്യന്റെ ഏറ്റവും വലിയ പ്രലോഭനം തീർത്തും നിസാരമായതിനുവേണ്ടി ജീവിതം നഷ്ടപ്പെടുത്തുകയെന്നതാണ്". പീഢാനുഭവ ചരിത്രത്തിൽ ബലഹീനനായ പത്രോസിനെ നാം കാണുന്നുണ്ട്. നമ്മുടെ മനുഷ്യപ്രകൃതിയുടെ പൊതുസ്വഭാവമാണ്, പത്രോസ് അന്നു കാണിച്ച, ആ തള്ളിപ്പറച്ചിൽ. അതുകൊണ്ട് തന്നെ പീഡാനുഭവ യാത്ര, പത്രോസിനെ സംബന്ധിച്ചിടത്തോളം കോഴി കൂവുന്നത് വരെ നിരാശാജനകമായിരുന്നു. എന്നാൽ, കോഴികൂവിയപ്പോൾ പത്രോസിന്, ദൈവികചിന്തയുണ്ടായി. ഒരു കണക്കിന്, അന്ന് കോഴി കൂവിയത് പോലും പത്രോസിനു വേണ്ടിയായിരുന്നു. അങ്ങിനെ

അയാൾ തിരിച്ചറിവുള്ളവനും പാപബോധം ഉള്ളവനുമായി മാറിയെന്നതിന് തിരുലിഖിതം സാക്ഷി. കോഴികൂകിയതോടെ പത്രോസിൽ ഒരു പുതിയ ആകാശം അനാവരണം ചെയ്യപ്പെടുകയായിരുന്നു. പ്രകാശത്തിന്റെയും ആത്മാവിന്റെ ഭാഷ അവനിൽ സ്വഭാവികമായും രൂപപ്പെട്ടു. അന്നേ വരെയ്ക്കും. പത്രോസ്, ഈശോയെ നോക്കിക്കണ്ടത്, കേവലം കണ്ണുകൾ കൊണ്ടു മാത്രമായിരുന്നു. എന്നാൽ

കോഴി കൂകിയപ്പോൾ അവൻ ക്രിസ്തുവിനെ ഹൃദയംകൊണ്ടു തൊടുകയായിരുന്നു. നമ്മുടെ ജീവിതയാത്രയിലും കോഴിയുടെ കൂകലിനു കാത്തുനിൽക്കാതെ, സ്നേഹവും നൻമയും തിരിച്ചറിയാൻ സാധിക്കണം. അധാർമികതയും അതിക്രമവും ഏറിവരുന്ന ഇന്നിന്റെ സംസ്കാരത്തിൽ കോഴികൂവലുകൾ, നൻമയിലേക്കുള്ള ഒരോർമ്മപ്പെടുത്തലുകളാണ്. ജി.കെ. ചെസ്റ്റർട്ടന്റെ വാക്കുകളിൽ, "ഏറ്റവും അപകടമായ ഹൃദയത്തിൻറ ഉടമ, വിശ്വാസത്തിന്റെയും ധാർമികതയുടെയും വേരുകളില്ലാത്ത വ്യക്തിയാണ്".

**പീഡാനുഭവത്തിന്റെ ഓർമ്മപ്പെടുത്തൽ**

തന്നെ ഒറ്റികൊടുത്തവർക്ക് വേണ്ടിയും ഒറ്റപ്പെടുത്തിയവർക്ക് വേണ്ടിയും ക്രിസ്തു നടത്തിയ യാത്രയായിരുന്നു, പീഡാനുഭവയാത്ര. മനുഷ്യനെ സ്നേഹിച്ചുവെന്നതിന്റെ പേരിൽ മാത്രം കുരിശു വഹിക്കേണ്ടി വന്നതായിരുന്നു, യഥാർത്ഥത്തിൽ അവന്റ പീഡാനുഭയാത്രയുടെ കാരണം. കൊടുംകുറ്റവാളികൾക്കു മാത്രം വിധിക്കപെട്ടിരുന്ന കുരിശു മരണമെന്ന വധ ശിക്ഷയെ, 'എല്ലാം പൂർത്തിയായി' എന്ന ഒരൊറ്റ വാക്കിലൊതുക്കി, പിതാവിൻറെ കരങ്ങളിൽ, തന്നെ ഏൽപ്പിച്ചവരെ സമർപ്പിച്ച ത്യാഗത്തിന്റേയും ആത്മ സമർപ്പണത്തിന്റേയും യാത്ര. കുരിശിന്റെ വഴി നമ്മിൽ അവശേഷിപ്പിക്കുന്ന നിരവധി ഓർമ്മപ്പെടുത്തലുകളുണ്ട്. ക്രിസ്തു കടന്നു പോയ വഴികളിലൂടെ





ആത്മീയമായി നാം കടന്നു പോകുമ്പോൾ, നമുക്ക് നമ്മെ തന്നെ മനസ്സിലാക്കിയെടുക്കാൻ സാധിക്കുന്ന ഒട്ടനവധി രംഗങ്ങളുണ്ട്. സ്വന്തം ഇരിപ്പിടം ഉറപ്പാക്കാൻ കൈകഴുകിയ പീലാത്തോസ്സിനെയും തള്ളി പറഞ്ഞ പത്രോസിനെയും കാൽവരിയിലെ കള്ളന്മാരേയും ചാട്ടവാറു കൊണ്ടടിച്ച പട്ടാളക്കാരനേയും പീഢനകാഴ്ചകളിൽ മതിമറന്ന് ക്രിസ്തുവിനെ കളിയാക്കിയവരേയും ഒക്കെ നാം കാണുന്നുണ്ട്. ആ കാഴ്ചകൾക്കിടയിൽ നമ്മുടെ ഉള്ളിന്റെയുള്ളിലെ സമാനമനസ്കരേയും നാം കാണാതെ പോകരുത്. നൻമയുടെയും ആത്മ സമർപ്പണത്തിന്റേയും മൂർത്തിമദ്ഭാവങ്ങളായ കരുണയുടെ ആൾരൂപമായ ശിമയോനെയും ബുദ്ധിമുട്ടുന്നവന്റെ വേദന മനസ്സിലാക്കി കരഞ്ഞ ജറുസലം സ്ത്രീകളെയും അവിടെ നമുക്ക് കാണാം.ആരും ആശ്വസിപ്പിക്കാനില്ലാതെ സഹിക്കുന്ന സഹനത്തിന് രക്ഷയുണ്ടെന്നാണ് പീഡാനുഭവവും ദുഃഖവെള്ളിയും നമ്മെ ഓർമിപ്പിക്കുന്നത്. ജീവിതത്തിൽ മറ്റുള്ളവർക്കുവേണ്ടി സമയം കണ്ടെത്താനും മറ്റുള്ളവരുടെ വേദനകളെ പരിഗ

www.malankaralibrary.com


ണിക്കാനും ഏവർക്കും സമീപസ്ഥനാകാനുമുള്ള ഓർമ്മപെടുത്തലുമായാണ്, ക്രിസ്തു ഈ ദിവസം കടന്നുപോകുന്നത്.

**സത്യത്തെ സ്വന്തം കൈ കൊണ്ട് കഴുകി ക്കളഞ്ഞ പീലാത്തോസ്**

സത്യം കൃത്യമായറിഞ്ഞിട്ടും പീലാത്തോസ്, സ്വയം കൈകഴുകി. ജനത്തിനു മുൻപിൽ മാന്യ നാകാൻ ശ്രമിക്കുന്നത് നാം കാണുന്നുണ്ട്. സ്വയം മാന്യനാകാൻ വേണ്ടി, ക്രിസ്തുവെന്ന നീതി യെയും സത്യത്തെയും സ്നേഹത്തെയും നന്മ യെയുമാണ്, യഥാർത്ഥത്തിൽ പീലാത്തോസ് കഴുകി കളഞ്ഞത്. സത്യത്തിനു നേരെ മുഖം തിരിക്കുന്നതും നിസ്സംഗത കാണിക്കുന്നതും ആൾക്കൂട്ടത്തിന്റെ ശബ്ദം മാത്രം കേട്ട് വിചാരണ നടത്തുന്നതും എല്ലാ കാലത്തും ആവർത്തി ക്കപെടുന്നുണ്ടെന്നത് യാഥാർത്ഥമാണ്. സത്യവും അസത്യവും തുലാഭാരം നടത്തപ്പെടുന്ന ഈ കാലഘട്ടത്തിൽ സത്യത്തിന്റെ വാഹകരാ കാനാണ് , ദൈവം നമ്മെ വിളിച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യം ഇത്തരുണത്തിൽ നാം മനസ്സി ലാക്കിയേ തീരൂ.



**കരുണയുടെ മുഖവുമായി ശിമയോൻ**

ക്രിസ്തുവിനെ ശിമയോൻ കണ്ടുമുട്ടുന്നത്, എത്രയോ വികാരനിർഭമായാണ്, ബൈബിൾ ആഖ്യാനം ചെയ്തിട്ടുള്ളത്. ആൾക്കൂട്ട വിചാര ണയിൽ നികൃഷ്ടനെന്നും, ദൈവദൂഷണം പറഞ്ഞ വനെന്നും കുറ്റവാളിയെന്നും മുദ്ര ചെയ്യപ്പെട്ട ക്രിസ്തുവിനെ കരുണാർദ്ര സ്നേഹത്തോടെ യാണ്, ശിമയോൻ സഹായിക്കുന്നത്. പ്രകടന പരതക്കപ്പുറം നമ്മുടെ സൽക്കർമ്മങ്ങൾക്ക്, കരുണയുടെയും ത്യാഗത്തിന്റേയും നൻമയു ടേയും ചൈതന്യമുണ്ടാകണമെന്ന് ശിമയോൻ ഓർമ്മിപ്പിക്കുന്നു. പരിഹസിക്കുന്നവരുടെയും, തെറ്റിദ്ധരിക്കപ്പെടുന്നവരുടെയും, വിമർശി ക്കുന്ന വരുടെയും, പുച്ഛിക്കുന്നവരുടെയും, തള്ളി പറയു ന്നവരുടെയും, മധ്യത്തിലൂടെ നടക്കുമ്പോൾ വീണു പോകുക സ്വാഭാവികമാണ്. പക്ഷേ അവിടെ, വീണവർക്ക് കൈ കൊടുക്കുവാനും അവരെ പ്രത്യാശയിലേക്കു അവരെ നയിക്കാനും നാം കരുതിയിരിക്കേണ്ടതുണ്ട്. കരുണയുടെ നിർവചനത്തിൽ വ്യക്തി വ്യത്യാസമില്ലാത്തതും തരം തിരിവില്ലാത്തതുമായ കർമ്മം ചേരു മ്പോഴാണ് യഥാർത്ഥ കരുണ സ്ഫുടം ചെയ്യ പ്പെടുകയുള്ളൂ. മറ്റാരും അറിയരുതേയെന്ന പ്രാർത്ഥനയോടെ ദൈവാലയ ഭണ്ഡാരത്തിൽ സമർപ്പിക്കപ്പെട്ട വിധവയുടെ വെള്ളിക്കാശിന് ദൈവം നൽകിയ വിലയാണ്, യഥാർത്ഥ കരുണ. ആരും സന്നദ്ധരാകാത്തിടത്ത്, വിമർശനങ്ങളെ വകവെക്കാതെ സ്വയം തയ്യാറായി ക്രിസ്തുവിനെ സഹായിച്ച ശിമയോനും, ഈ കരുണാർദ്രതയുടെ പ്രതീകമാണ്.

**തിരുമുഖത്തെ പുൽകിയ വെറോനിക്ക**

ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ച അന്നുമുതൽ വെറോനിക്കായുടെ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്ന രൂപം, വിരൂപമാക്ക പ്പെട്ടിരിക്കുന്നു. കടുത്ത ആത്മവേദനയിലാവണം, അവൾ തന്റെ തൂവാലയെടുത്തത്. വീഴ്ചകളിലും ചാട്ടവാറടികളിലുംവിരൂപമാക്കപ്പെട്ട ആ തിരു മുഖത്തെ വാൽസല്യ സഹജമായ സ്നേ ഹത്തോടെ തൂവാലയിൽ ഒപ്പിയെടുത്തത്. ക്രിസ്തുവിന്റെ മുഖം അനാവരണം ചെയ്യു ന്നതിൽ ആ തൂവാലക്കുണ്ടായ പ്രാധാന്യം ചരിത്ര വസ്തുതയാണ്. അത്യാഗ്രഹങ്ങൾക്കും ആനു കൂല്യങ്ങൾക്കും താൽക്കാലികമായി ലഭിക്കുന്ന അംഗീകാരത്തിനും വേണ്ടി നിലപാടുകളെ ടുക്കുന്ന ഈ ലോകത്ത്, ആരാലും പരിഗ ണിക്കപ്പെടാനില്ലാത്തവരെയും കാഴ്ചക്കാരായി

മാറി നിൽക്കാതെ പരിഗണിക്കാനും ശുശ്രൂഷിക്കാനും അവൾ കാണിച്ച ആർജ്ജവം തന്നെയാണ്, വെറോനിക്കയെന്ന കുലീന സ്ത്രീ നമ്മിലവശേഷിപ്പിക്കേണ്ട വികാരം.

**സഹനത്തിന്റെ അമ്മ**

സ്നേഹത്തിന്റെയും ആത്മ സമർപ്പണത്തിൻറെയും വികാരങ്ങൾ മൗനത്തിലൂടെ ശബ്ദിക്കപ്പെടുന്ന കാഴ്ചയാണ്, പീഢാനുഭവ ചരിത്രത്തിൽ അമ്മയുടെയും മകന്റെയും കണ്ടുമുട്ടൽ. പീഢാനുഭവയാത്രയിലുടനീളം മനോവേദന തീർത്ത സാന്നിധ്യം കൊണ്ട് മനനം ചെയ്യപ്പെട്ട മൗനമായിരുന്നു, മറിയത്തിന്റേത്. തനിക്ക് പ്രിയങ്കരനും വിലപ്പെട്ടവനുമായ ഈശോയെ, യാതനകളേറ്റ് ലോകത്തിനു നിൽകുമ്പോൾ പരി. മറിയം കാണിച്ച സമർപ്പണം മാത്രം മതി; അവളിലെ സഭയുടെ മധ്യസ്ഥയെ കാണാൻ. അവളുടെ നൻമ നമ്മുടെ ജീവിതത്തിലും ഒരു പ്രതീകമായി നിലകൊള്ളേണ്ടിയിരിക്കുന്നു. സ്വപുത്രന്റെ പീഢാനുഭവത്തിലും കുരിശുമരണത്തിലും നാം കാണുന്ന മറിയത്തിന്റെ ഭാഷപോലും നമ്മെ ആശ്ചര്യപെടുത്തുന്ന മൗനമായിരുന്നു. ആ മൗനത്തിന്റെ ഭാഷയും നാം പഠിക്കേണ്ടിയിരിക്കുന്നു.

**കാൽവരിയിലെ കള്ളന്മാർ**

സഹനത്തിന്റെ തീച്ചൂളയിൽ നിൽക്കുന്ന സമയത്തു പോലും ക്രിസ്തുവിനെ അവഹേളിക്കുന്ന കള്ളനും, അനുതാപത്തോടെ പറുദീസായിൽ പ്രവേശനം കള്ളനുമാണ്, ആ ദിവസത്തെ മറ്റു പ്രധാനവ്യക്തികൾ. ദൈവരാജ്യത്തിൽ ആയിരിക്കുമ്പോൾ എന്നെയും ഓർക്കണമെന്ന നല്ല കള്ളന്റെ പ്രാർത്ഥന തന്നെയാണ്, ദുഃഖവെള്ളി കണ്ട ഏറ്റവും മനോഹരമായ പ്രാർത്ഥന. താൻ തെറ്റ് ചെയ്തതിനു ശിക്ഷ അനുഭവിക്കുമ്പോൾ, തെറ്റ് ചെയ്യാതെ ശിക്ഷയനുഭവിക്കുന്ന നീതിമാനായ ഒരു ദൈവമാണ് തൻറെ കൂടെ കുരിശിൽ കിടക്കുന്നതെന്നത്, അയാളിൽ തീർത്ത തിരിച്ചറിവും മന:സ്താപവുമാണ്, അയാൾക്ക് സംലഭ്യമായ പറുദീസ.സ്വന്തം കുറവുകളുടെ മേൽ ക്രിസ്തുവിനെ, 'നീതിമാൻ എന്തിന് സഹിക്കുന്നു' എന്ന് പറഞ്ഞ് വെല്ലുവിളിച്ച മറ്റേ കള്ളനും ഇന്നിന്റെ പ്രതീകമാണ്.

**സ്നേഹത്തിന്റെ മുഖം**

ദുഃഖവെള്ളിയിൽ ഏറ്റവും കൂടുതൽ മനനം ചെയ്യപ്പെടേണ്ട ചിന്തയാണ്, സ്നേഹം. ഇതിന്റെ വാക്കുകൾക്കപ്പുറമുള്ള പ്രായോഗികതയായിരുന്നു, ക്രിസ്തുവിന്റെ പീഡാനുഭവം. ഒരു കാലത്തെ നിർവ്വചിക്കുന്നതിൽ ആ സ്നേഹം വലിയ പങ്കു വഹിച്ചു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ഏവരും ഇഷ്ടപ്പെടുന്ന ഇക്കാലയളവിൽ, സ്നേഹത്തിന്റെ അവിഭാജ്യതയായിരുന്ന ക്രിസ്തു തീർത്ത പാതകൾ, നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകണം. അപ്പോഴാണ്, നമ്മുടെ മുഖത്തിന് സ്നേഹത്തിന്റെ പ്രസരിപ്പ് അവകാശപ്പെടാനാകൂ. ഈ വിശുദ്ധ വാരവും ദുഃഖ വെള്ളിയും, അതിനുള്ള പ്രചോദനമേകട്ടെ.



കവർ സ്റ്റോറി



# ഉത്ഥാനത്തിന്റെ പൊരുൾ ദൈവം കൂടെയുണ്ടെന്ന സത്യം



**റവ. ഫാ. ഗീവർഗ്ഗീസ് വല്ല്യചാങ്ങവീട്ടിൽ**
പ്രഫസർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

ദൈവകൃപയുടെ നിറവ് സമ്മാനിച്ച നോമ്പുകാലം മരണത്തിൻമേലുള്ള ക്രിസ്തുവിന്റെ വിജയമാകുന്ന ഉയിർപ്പ് എന്ന തീർച്ചയായും കൈവരുന്ന ലക്ഷ്യത്തിലേക്കുള്ള പാതയാണ്. ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിങ്ങനെ സഭ നിർദ്ദേശിക്കുന്ന വിശുദ്ധീകരണമാർഗ്ഗങ്ങളിലൂടെ ദൈവത്തിലേക്കും സഹജീവികളിലേക്കും മടങ്ങാൻ, ക്രിസ്തുവുമായുള്ള സൗഹൃദത്തിൽ വളരുവാൻ നമ്മോട് ആവശ്യപ്പെടുന്നു. നമ്മുടെ ആദ്ധ്യാത്മികവും സഭാത്മകവുമായ ജീവിതത്തിന് അടിസ്ഥാനഘടകമായി ദൈവത്തിലുള്ള വിശ്വാസം വീണ്ടും കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം.

അസാധാരണമാംവിധം ദൈവം മനുഷ്യന് നഷ്ടമാകുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്ര സാങ്കേതിക, വിവര മാധ്യമങ്ങളുടെ വളർച്ചയുടെ സ്വാധീനത്തിൽ മനുഷ്യന് ആദ്യം നഷ്ടപ്പെടുന്നത് ദൈവത്തെയാണ്. മനുഷ്യൻ അവനെതന്നെ ദൈവമായി പ്രതിഷ്ഠിക്കുന്ന ഇക്കാലത്ത് ബാക്കി എല്ലാത്തിനെയും അവൻ അവഗണിക്കുന്നു. യുഗങ്ങൾക്കുമുമ്പ് ദൈവത്തെ നഷ്ടപ്പെട്ട മനുഷ്യന്റെ പരിഭവം നാം ബൈബിളിൽ കാണുന്നുണ്ട്. മഗ്ദലേന മറിയം അവരുടെ അടുത്തെത്തി പറഞ്ഞു, "കർത്താവിനെ അവർ കല്ലറയിൽ നിന്നും മാറ്റിയിരിക്കുന്നു, എന്നാൽ അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ" (യോഹ.20:2). ശൂന്യമായ കല്ലറ അന്ന് ശിഷ്യരുടെ മനസ്സിൽ ഉയർത്തിയ നൊമ്പരത്തിന്റെ അലയടികൾ ഇന്നും അടങ്ങിയിട്ടില്ല. കാൽവരിയിലെ സങ്കടം താങ്ങാനാവാതെ പലവഴിക്കായി അവർ ചിതറക്കപ്പെട്ടു? മുപ്പത് വെള്ളിക്കാശിന് യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്തു (ലൂക്ക.22:47-48). ശിഷ്യരിൽ പ്രധാനിയായ പത്രോസ് തന്റെ ഗുരുവിനെ തള്ളിപ്പറഞ്ഞു (ലൂക്ക 22:54-62). ലാഭനഷ്ട കണക്കിൽ അവർ കൂടുതൽ ശ്രദ്ധിച്ചപ്പോൾ അവർക്ക് നഷ്ടമായത് അന്നുവരെ തങ്ങളെ സ്വന്തം എന്നപോലെ സ്നേഹിച്ച് കൂടെനടന്ന ദൈവത്തെയാണ്. ഇവിടെ ദൈവത്തിനല്ല, അവർക്കാണ് ദൈവത്തെ നഷ്ടമായത്. ശൂന്യമായ കല്ലറപോലെയായി അവർ. നിരാശരായി വിദൂരതയിലേക്ക് പോയ

ശിഷ്യരും, ഉപേക്ഷിച്ച ജോലിതേടി തിബേരിയാസ് കടൽക്കരയിലേക്കു പോയവരും ദൈവം നഷ്ടമായവന്റെ പ്രതീകങ്ങളാണ്.

**മനുഷ്യന്റെ പ്രതീക്ഷകളിൽ നിറയുന്നതാണ് ഉയിർപ്പ്**

പഴയനിയമങ്ങൾ പ്രവചനങ്ങൾ മനുഷ്യന് നൽകിയ പ്രതീക്ഷ യാഥാർത്ഥ്യമായതാണ് ദൈവത്തിന്റെ മനുഷ്യാവതാരം. അതിനുശേഷം 2025 വർഷം പിന്നിടുമ്പോൾ വീണ്ടും ഒരു ജൂബിലി വർഷം ആഗോള കത്തോലിക്കാ സഭ ആഘോഷിക്കുകയാണ്. ഈ ജൂബിലി വർഷത്തെ പ്രമേയം 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണ്. ക്രിസ്തുവാണ് നമ്മുടെ പ്രത്യാശ എന്ന് നമ്മേ ഒരിക്കൽകൂടി സഭ ഓർമ്മിപ്പിക്കുന്നു. ഇന്ന് നമ്മുടെ ദൈവം ഉത്ഥിതനായി നമ്മുടെയിടയിൽ വസിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പ ജൂബിലി സ്ഥാപന ബുളയായ 'പ്രത്യാശ നമ്മേ നിരാശരാക്കുന്നില്ല' (റോമ 5:5) എന്നതിലൂടെ ജൂബിലിയുടെ പ്രമേയമായ പ്രത്യാശയെ ഇന്നത്തെ നമ്മുടെ ജീവിതഘടനയിലേക്ക് മനോഹരമായി നെയ്തുചേർക്കുന്നു. ഈ പ്രത്യാശ അമൂർത്തമല്ലെന്നും പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ പകർന്ന ദൈവസ്നേഹത്തിന്റേ അനുഭവങ്ങളിൽ ആഴത്തിൽ വേരൂന്നിയതാണെന്നും അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു' (ഒസർമാത്തോരെ റൊമാനോ, ജനുവരി 2025, പേജ് 18) നമ്മുടെ വർത്തമാനകാലത്തിലെ അനിശ്ചിതത്വങ്ങൾക്കിടയിൽ ദൈവസ്നേഹം അചഞ്ചലമായി നിലനിൽക്കുന്നു. പ്രസ്തുത വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നവസമൂഹത്തിന് പ്രത്യാശ പകരുന്ന തീർത്ഥാടകരായി നാം മാറണമെന്ന് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തുവിന്റെ ഉത്ഥാനം നമുക്ക് പ്രത്യാശ പകരുന്ന തിരുന്നാളാണെന്ന് വി. ബൈബിളും സഭയും പഠിപ്പിക്കുന്നതിനെ നാം മനസ്സാലാക്കേണ്ടത്.

പഴയനിയമ കാലംമുതൽ ദൈവജനം പ്രതീക്ഷയോടെ ജീവിച്ചിരുന്നവരാണ്. അത് പൂർത്തിയായത് ദൈവപുത്രന്റെ മനുഷ്യാവതാരത്തിലാണ്. യേശുവിലൂടെ ദൈവത്തിന്റെ സ്നേഹവും കരുണയും നമുക്ക് ലഭ്യമായി. ലോകത്തിന്റെ മേലുള്ള ഇരുളിനെ ആ ദിവ്യപ്രകാശം ഇല്ലാതാക്കി. അങ്ങനെ ദൈവമഹത്വം മനുഷ്യൻ ദർശിച്ചു. ദൈവം മനുഷ്യനായി നമ്മുടെ ഇടയിൽ വസിച്ചപ്പോൾ പ്രത്യാശ മരിച്ചിട്ടില്ല. എന്നേക്കുമായി ജീവിക്കുന്നു, അതൊരിക്കലും നമ്മേ നിരാശപ്പെടുത്തുകയില്ലെന്നും നാം തിരിച്ചറിഞ്ഞു? യേശുവിന്റെ പരസ്യജീവിതം അനേകർക്കു പ്രത്യാശ പകരുന്നതായിരുന്നു. വിമർശനങ്ങളും കുറ്റപ്പെടുത്തലുകളും ആവർത്തിക്കപ്പെട്ടപ്പോഴും യേശുവിൽ പ്രത്യാശ കണ്ടെത്തിയ ശിഷ്യന്മാരും അന്നത്തെ ജനവും ദൈവസ്നേഹാനുഭവത്തിൽ കർത്താവിനെ കണ്ടുമുട്ടിയതിന്റെ ആനന്ദം അനുഭവിച്ചു. കല്ലറയിലെ ജീർണ്ണതയ്ക്കപ്പുറം നിത്യജീവൻ കണ്ടെത്തിയപ്പോൾ അവരിൽ പ്രത്യാശ നിറഞ്ഞു. ആ ആനന്ദം വീണ്ടും കണ്ടെത്താൻ നമ്മേ ക്ഷണിക്കുന്ന രക്ഷാകര സംഭവങ്ങളുടെ പൂർത്തീകരണമാണ് കർത്താവിന്റെ ഉത്ഥാനം.



**ഉത്ഥാനത്തിൽ വിരിഞ്ഞ പ്രത്യാശ**

ഉത്ഥാനം കുരിശിലെ ബലിയുടെ സമ്മാനമാണ്. പീഡാസഹനവും കുരിശുമരണവും പ്രതീക്ഷയെല്ലാം നഷ്ടപ്പെടുത്തിയപ്പോൾ ഉത്ഥാനം അവരിൽ പ്രത്യാശയുടെ പുത്തൻ ഉണർവേകി. മനുഷ്യന് പൂർണ്ണമായി വിശദീകരിക്കാനാവാത്ത ആ രഹസ്യത്തെ ഒഴിഞ്ഞ കല്ലറയുടെ പ്രതീകത്തിലൂടെയും ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലിന്റെ വിവരണത്തിലൂടെയും സുവിശേഷകന്മാർ രേഖപ്പെടുത്തി.

ക്രിസ്തുവിനെ മഹത്വത്തിലേക്കുയർത്തിയ ഉത്ഥാനം ദൈവനീതിയുടെ പ്രകടഭാവമാണ്. കുരിശുമരണം വരെ ക്രിസ്തു അനുസരണമുള്ളവനായി തന്നെതന്നെ താഴ്ത്തി. എന്നാൽ ദൈവം അവനെ അത്യധികം ഉയർത്തി, എല്ലാ നാമങ്ങൾക്കും ഉപരിയായി നാമം നൽകി (ഫിലി.2:8–9).

രക്ഷാകര രഹസ്യങ്ങളുടെ പൂർത്തീകരണമാണ് ക്രിസ്തുവിന്റെ ഉത്ഥാനം. മരണത്തിലൂടെ പാപത്തിൽ നിന്നും ദൈവം നമ്മേ മോചിപ്പിച്ചു. പാപം നമുക്ക് നഷ്ടപ്പെടുത്തിയതെല്ലാം ദൈവം

www.malankaralibrary.com



തന്റെ പുത്രന്റെ ഉത്ഥാനത്തിലൂടെ തിരികെ നൽകി (റോമ 4:25).

ഉത്ഥാനത്തിൽ ക്രിസ്തുവിനെ അനശ്വരദൈവമായി നാം ഏറ്റുപറയുന്നു. അതോടൊപ്പം നമ്മുടെ പുനരുത്താനത്തിനുള്ള കാരണമായി വിശ്വസിക്കുകയും ചെയ്യുന്നു. ദൈവവചനം ഇപ്രകാരം പറയുന്നു, "സകലത്തേയും തനിക്ക് കീഴ്പ്പെടുത്താൻ കഴിയുന്ന ശക്തിവഴി അവൻ നമ്മുടെ ദുർബലശരീരത്തെ തന്റെ മഹത്വമുള്ള ശരീരംപോലെ രൂപാന്തരപ്പെടുത്തും (ഫിലി.3:21). വീണ്ടും, 'ഒരു മനുഷ്യൻ വഴി മരണം ഉണ്ടായതു പോലെ ഒരു മനുഷ്യൻ വഴി പുനരുത്ഥാനവും ഉണ്ടായി (1കോരി.15:21).

യഹദൂരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ടത് അവരുടെ ഭയം മാറി പ്രത്യാശയുള്ളവരാകാൻ സഹായിച്ചു. ഉത്ഥിതനെ കണ്ട അവർ സന്തോഷത്തോടെ സുവിശേഷ ദൗത്യം ഏറ്റെടുക്കുന്നു (യോഹ.19:20-23). ഈ ജൂബിലി വർഷത്തിൽ എല്ലാത്തരത്തിലുമുള്ള നിരാശയും വിട്ട് പ്രത്യാശയുടെ തീർത്ഥാടകരാകാൻ മാർപാപ്പ നമ്മേ ക്ഷണിക്കുന്നു. അങ്ങനെയെങ്കിൽ യാത്ര ദുഷ്കരമാക്കുന്ന എല്ലാ ഭാരങ്ങളും ബലഹീനതകളും ഉത്ഥിതന്റെ മുമ്പിൽ ഇറക്കിവച്ച് നാം പ്രത്യാശ ഉൾക്കൊള്ളണം. എങ്കിലേ നാം ലോകത്തിന് പ്രത്യാശ പകരുന്നവരാകു. ശിഷ്യഗണത്തിൽ നിന്നകന്നു പോയവരെല്ലാം യേശുവിനെ കണ്ടുമുട്ടിയപ്പോൾ പ്രത്യാശയുള്ളവരായി അതുവരെ തിരികെ ക്രിസ്തുവിലേക്ക് നയിച്ചു. ചുരുക്കത്തിൽ പ്രത്യാശ നമ്മേ ദൈവത്തിലേക്കും ദൈവജനത്തിലേക്കും നയിക്കും. നിരാശയിൽ അന്ധമായ കണ്ണും മനസുമായി എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്കും, പാതിവഴിയിൽ പ്രതീക്ഷ നഷ്ടപ്പെട്ട് ഉപജീവനത്തിനായ പഴയ ജോലിചെയ്യാൻ തിബേരിയാസ് കടൽക്കരയിലേക്ക് പോയ ശിഷ്യന്മാർക്കും ഉത്ഥിതൻ സ്വയം വെളിപ്പെടുത്തി. അതവരുടെ കണ്ണുകൾക്ക് തെളിമയും, ആലോചനകൾക്ക് വ്യക്തതയും അദ്ധ്വാനങ്ങൾക്ക് ഫലവും നൽകി. വീണ്ടും തിരികെ ശിഷ്യഗണത്തിലേക്കു വന്ന അവർ പ്രത്യാശ ഉള്ളവരും ലോകത്തിന് പ്രത്യാശ നൽകുന്നവരുമായി. അപ്പോൾ അവർ സമാധാനം നിറഞ്ഞവരായി. കാരണം ഉത്ഥിതൻ നൽകുന്ന അനുഗ്രഹമാണ് യഥാർത്ഥ സമാധാനം. ആർത്തിരമ്പുന്ന കടലിനപ്പുറം ശാന്തമായി ഒഴുകുന്ന ആഴക്കടലുപോലെയാണീ സമാധാനം. അതുകൊണ്ടാണ് ഈശോ പറഞ്ഞത്, 'ലോകം നൽകുന്നതുപോലെയല്ല ഞാൻ സമാധാനം നൽകുന്നത്' (യോഹ 14:27).

ഉത്ഥാനത്തിന്റെ ഏറ്റവും അർത്ഥവത്തായ സമാധാനം പ്രാർത്ഥനയായി വളരെ മനോഹരമായി ആവിഷ്കരിക്കുന്നതാണ് മലങ്കര കത്തോലിക്കാസഭയുടെ ഉയിർപ്പുതിരുന്നാളിലെ പ്രാർത്ഥനകൾ. "കർത്താവേ നിന്റെ സമാധാനം ഞങ്ങളെ സന്തോഷിപ്പിക്കണമെ, നിന്റെ ശാന്തിയിൽ ഞങ്ങളെ ആനന്ദിപ്പിക്കണമെ, നിന്റെ ഉയിർപ്പാൽ നിന്റെ വലതുഭാഗത്ത് ഞങ്ങളെ നിർത്തണമെ" (എനിയോനെ). തുടർന്നുള്ള സെദറായിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു, ശിഷ്യന്മാർക്കെതിരായി ഉയർന്ന സമുദ്രക്ഷോഭത്തെ നിന്റെ സമാധാനം ശാന്തമാക്കി. അവരുടെ ഹൃദയങ്ങളിൽ നിന്നും ഭീതിയെ അകറ്റി. പുനരുത്ഥാനത്തെക്കുറിച്ചുള്ള ചിന്തകളെ ഉറപ്പിച്ചു. സംശയങ്ങൾ ബഹിഷ്കരിച്ചു, മാളികയിൽ വച്ചുണ്ടായ ദുഃഖത്തെ നീക്കി. ചിതറിപ്പോയ ശിഷ്യന്മാരെ ഏകയോഗമായി സമ്മേളിപ്പിച്ചു. ഒളിവിടങ്ങളിൽ നിന്നും അവരെ പുറത്തുകൊണ്ടുവന്നു. സുവിശേഷം അറിയിക്കുന്നതിന് അവരെ ധൈര്യപ്പെടുത്തി. അതുകൊണ്ടാണ് ഒരു ക്രൈസ്തവന്റെ വിശ്വാസത്തിന്റെയും ആരാധനാജീവിതത്തിന്റെയും കേന്ദ്രമായ രക്ഷാകര രഹസ്യമാണ് ഉത്ഥാനം എന്ന് സഭ പഠിപ്പിക്കുന്നത്. ഉത്ഥാനത്തിരുന്നാളിന്റെ പൊരുൾ വളരെ അർത്ഥവത്തായ പ്രാർത്ഥനകളായി അർപ്പിക്കുന്നതാണ് നമ്മുടെ ആരാധനക്രമം. രൂപാന്തരീകരണം സംഭവിച്ച വിശ്വാസികളുടെ പുതുജീവിതത്തിന്റെ തുടക്കമാണ് ഈ തിരുന്നാളിൽ ആവിഷ്കൃതമായത്. ദൈവഹിതം അനുസരിച്ച് ജീവിക്കാൻ അതു നമ്മെ വിളിക്കുന്നു. മരണത്തിനുമേൽ ജീവൻ നേടിയ വിജയത്തെ അത് സൂചിപ്പിക്കുന്നു. അതോടൊപ്പം മരണത്തെ വിജയിച്ച് നിത്യജീവൻ നേടാമെന്ന ഉറപ്പും നമുക്ക് നൽകുന്നു.





**അടഞ്ഞ വാതിലുകളിലൂടെ ഉത്ഥിതനിലേക്ക്**

അടഞ്ഞ വാതിലുകൾ ക്രിസ്തീയ ആത്മീയ ജീവിതത്തിൽ വ്യത്യസ്ത അർത്ഥങ്ങളുള്ള പ്രതീകമാണ്. ഉത്ഥാനത്തിന്റെ പശ്ചാത്തലത്തിൽ യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാരെ പരാമർശിക്കുമ്പോഴാണ് ഇത് ഉപയോഗിക്കുന്നത്. തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച ശിഷ്യന്മാരെ ഗുരുവിന്റെ മരണം അവരെ നിരാശരാക്കി. ഒത്തിരി പ്രതീക്ഷയോടെയാണ് അവർ ഇറങ്ങിത്തിരിച്ചത്. എന്നാൽ അപ്രതീക്ഷിതമായ കുരിശുമരണം അവരെ ഭയപ്പെടുത്തി. ഗുരുവിന്റെ ഭാഗധേയമായ മരണം തങ്ങൾക്കും ഉണ്ടാകുമെന്ന് ചിന്തിച്ച് അവർ നാനാഭാഗത്തേക്കും ചിതറിയോടി. അവരിൽ ചിലർ ഭയപ്പെട്ട് കതകടച്ചിരുന്നു. അവർക്കിടയിലേക്ക് ഉത്ഥിതൻ പ്രത്യക്ഷപ്പെട്ടു. ആ അടഞ്ഞ വാതിലുകൾ അല്പമായെങ്കിലും ശിഷ്യരെ ശാന്തരാക്കി. എന്തു ചെയ്യണമെന്ന് അറിയാതെ ഭയപ്പെട്ടിരുന്ന അവരുടെ ചിന്തകൾക്ക് ദിശാബോധം നൽകി. നിരാശമൂലം അന്ധമായ കണ്ണിനും മനസ്സിനും പ്രകാശം ലഭിച്ചു. അതവരിൽ പ്രത്യാശ ഉണർത്തി. ദൈവിക കാഴ്ചപ്പാടിൽ അടഞ്ഞവാതിലുകൾ ദൈവം നമുക്ക് അനുവദിച്ചു തരുന്നതാണ്. ഉത്ഥിതനെ കണ്ടുമുട്ടാൻ. അങ്ങനെ കൂടുതൽ മെച്ചമായ കാര്യങ്ങളക്കുവേണ്ടി നമ്മേ ഒരുക്കുന്നതിനും നമ്മുടെ ചിന്തകൾക്കുപരിയാണ് ദൈവത്തിന്റെ ചിന്ത. ജീവിത യാത്രയിൽ നമുക്കുമുമ്പിലും വാതിലുകൾ അടയുമ്പോൾ ശിഷ്യന്മാരെപ്പോലെ പ്രതീക്ഷയോടെ കാത്തിരിക്കണം. ദൈവം നമ്മുടെ മധ്യേ ഇറങ്ങിവരും. ഉത്ഥിതന്റെ മുറിപ്പാടുകളിൽ ആശ്വാസം നേടി അപ്പോൾ നമുക്കു സന്തോഷിക്കാനാകും. ഉത്ഥിതൻ കൂടെയുണ്ടെന്ന ഉറപ്പിൽ സുവിശേഷ ദൗത്യവുമായി പോകാൻ അപ്പോൾ നാം പ്രാപ്തരാകും.

**ഉത്ഥിതനോടൊപ്പം പ്രത്യാശയുടെ തീർത്ഥാടകരാകാം...**

ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ കരം നമുക്കുനേരെയും നീട്ടുന്നു. "ക്രിസ്തുവിലുള്ള പുനർജനനത്തിന്റെ ദിവ്യരഹസ്യം സംഭവിക്കുന്നത് നമ്മുടെ ജീവിതത്തിലും സഭയുടെ ജീവിതത്തിലും മാത്രമല്ല, ഈ ലോകത്തിലെ വിശുദ്ധിയുടെയും നീതിയുടെയും സമാധാനത്തിന്റെയുമായ ദൈവരാജ്യത്തിന്റെ വളർച്ചയിലും അതു സംഭവിക്കുന്നു" (ക്രിസ്തു ഉത്ഥാനം ചെയ്തു, മോൺ. വില്യം മില്ലേയ) എല്ലാത്തരത്തിലും പരിക്ഷീണമായ ഈ ലോകത്തു പുതുജീവൻ കൊണ്ടുവരാൻ ഉത്ഥിതനായ ക്രിസ്തു നമ്മേ ക്ഷണിക്കുന്നു. കൃപാവരത്തിന്റെ പുതുജീവിതത്തിലേക്കുള്ള വളർച്ച സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ പ്രയാണത്തെ ചലനാത്മകമായി നിലനിർത്തുന്നു.

ഭയവും നിരാശയും ഇന്നും മനുഷ്യജീവിതം കൂടുതൽ അസ്വസ്ഥവും പ്രശ്നകലുഷിതവുമാകുന്നു. ഒരു അപായ മുനമ്പിൽ എത്തിനിൽക്കുന്ന നമ്മുടെ അടുത്ത ചുവടുവയ്പ്പ് വലിയ ദുരന്തത്തിലേക്ക് ആകാതിരിക്കാൻ ഇനി നമ്മൾ ജാഗ്രതയോടെ മുന്നേറണം. ഒറ്റുക്കൊടുത്തും തള്ളിപ്പറഞ്ഞും ശിഷ്യത്വത്തിന്റെ പാതയിൽ ഇനിയും ഇടറിവീഴാതിരിക്കാൻ ഉത്ഥിതനിലേക്ക് മിഴികളുയർത്താം. ദൈവത്തെ നിഷേധിക്കുന്ന ഇന്നത്തെ തലമുറയിൽ മൂല്യശോഷണവും ലഹരിയുടെ വ്യാപനവും ദിനംപ്രതി വർദ്ധിക്കുന്നു. മനുഷ്യമനസ്സിൽ സംശയമുണർത്തുന്ന ചിന്താധാരകളും വ്യാഖ്യാനങ്ങളും ദൈവത്തെ ബോധപൂർവ്വം വേണ്ടെന്ന് വയ്ക്കാൻ യുവതലമുറയെ പ്രലോഭിപ്പിക്കുന്നു. ലഹരിക്കടിപ്പെട്ട അവരിലെ അക്രമവാസന കുടുംബങ്ങളിലും സമൂഹങ്ങളിലും സൃഷ്ടിക്കുന്ന മാരകമായ മുറിവുകൾ ഭയാനകവും പൈശിചികവുമാണ്. ദൈവത്തെ നഷ്ടപ്പെട്ടവരിൽ തിന്മ ആഴത്തിൽ വേരൂന്നിയിരിക്കുന്നു. മരണസംസ്കാരത്തെ ആഘോഷിക്കുകയാണ് പുത്തൻ തലമുറയിൽ കുട്ടികളും യുവാക്കളും. അതിനാവശ്യമായതെല്ലാം നൽകുന്ന അധികാരികളും, നിയമവ്യവസ്ഥയുടെ ഇളവുകൾ ചൂഷണം ചെയ്ത് കുറ്റകൃത്യങ്ങളെ നിസാരവൽക്കരിക്കുന്നവരും ഇന്ന് സംജാതമായിട്ടുള്ള സാമൂഹ്യാവസ്ഥയ്ക്ക് ഉത്തരവാദികളാണ്. ഒരുകാലത്ത് മാതാപിതാക്കളും, അദ്ധ്യാപകരും മതഗ്രന്ഥങ്ങളും പറയുന്നവ തെറ്റിനെയും ശരിയെയും വിവേചിച്ചറിയാൻ അടിസ്ഥാനമാക്കിയിരുന്നു. എന്നാൽ ഇന്ന്

www.malankaralibrary.com





അവരവരുടെ ആശയങ്ങളും കാഴ്ചപ്പാടുകളുമാണ് പ്രവൃത്തികളിലെ ശരിയും തെറ്റും നിർണ്ണയിക്കുന്നത്. ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ മരണ സംസ്കാരത്തിന്റെ വ്യാപനം തീവ്രവേഗതയിലാക്കുന്നു. ചിതറിയ കുടുംബങ്ങൾ കുട്ടിച്ചേർക്കണം. കാൽവരിയിലെ സഹനങ്ങളും മരണവും കണ്ട് നാനാഭാഗത്തേക്കു ചിതറിക്കപ്പെട്ട ശിഷ്യന്മാരെ ഉത്ഥാനം കൂട്ടിയോജിപ്പിച്ചു. മരണത്തിനപ്പുറം ജീവൻ കണ്ടെത്തിയപ്പോൾ അവർ പുതിയ മനുഷ്യരായി. കുരിശ് ഉത്ഥിതനിലേക്കുള്ള വഴിയാണ്. ഓരോ സഹനാനുഭവവും ഉത്ഥിതനിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള അവസരമാണ്. ഈ തിരിച്ചറിവിൽ ശിഷ്യന്മാർ ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുകുട്ടുകയാണ്. അതവരിൽ വിശ്വാസവും സമൂഹസ്നേഹവും സുവിശേഷം അറിയിക്കേണ്ടതിന്റെ ആവശ്യകതയും വീണ്ടും ഉണർത്തി. അങ്ങനെ അവർ ഉത്ഥിതന് സാക്ഷികളായി സുവിശേഷമായി ലോകത്തിന്റെ നാനാഭാഗത്തേക്കും പോവുകയാണ്. ഈ യാത്രയിൽ ഇടറിവീഴാതെ പോകാൻ സാധിച്ചത് "യുഗാന്തംവരെ ഞാൻ നിങ്ങളോടു കൂടെയുണ്ടെന്ന ഉത്ഥിതന്റെ വാക്കുകളാണ് (മത്താ. 28:20). ഇന്ന് നാം വസിക്കുന്ന ഇടങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ നമ്മേ പ്രാപ്തരാക്കുന്നതും നമ്മുടെ കൂടെയുള്ള ഉത്ഥിതന്റെ സാന്നിധ്യമാണ്. അങ്ങനെയെങ്കിൽ നമുക്കും പറയാം ക്രിസ്തു ഉയിർത്തെഴുന്നേറ്റു. സൃഷ്ടിയുടെ ആരംഭത്തിലുണ്ടായിരുന്ന നന്മനിറഞ്ഞ ആ ഭൂമിയെ, സ്നേഹവും സമാധാനവും ഉള്ളിലുള്ള മനുഷ്യനെ വീണ്ടും ഭൂമിക്കുനൽകാൻ ക്രിസ്തു ഉയിർത്തെഴുന്നേറ്റു.






സാർവത്രിക സഭയിലെ വേദപാരംഗതർ

# വി. ജോൺ ഡമഷീൻ



ഫാ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

**ആമുഖം**

പൗരസ്ത്യ ക്രിസ്തീയ ദൈവശാസ്ത്രത്തിലെ അമൂല്യ നിധിയായ വി. ജോൺ ഡമഷീൻ ക്രിസ്തീയ സാഹിത്യ മണ്ഡലത്തിലെ തിളങ്ങുന്ന നക്ഷത്രമാണ്. ഡമാസ്ക്കസിലെ വി. ജോൺ എന്നുകൂടി അറിയപ്പെടുന്ന അദ്ദേഹം ഏഴാം നൂറ്റാണ്ടിൽ പൗരസ്ത്യ സഭകളിൽ ഉടലെടുത്ത പല ദൈവശാസ്ത്ര പ്രതിസന്ധികൾക്കും പരിഹാരം കണ്ടെത്തിയ വേദപാരംഗതനാണ്. ബൈസന്റീൻ സാമ്രാജ്യത്തിലെ ചില ദേശങ്ങളിൽ അക്കാലയളവിലുണ്ടായ മുസ്ലിം അധിനിവേശം മൂലം ഇവിടുത്തെ രാഷ്ട്രീയവും മതപരവുമായ അന്തരീക്ഷം കലുഷിതമായപ്പോൾ വിശ്വാസികൾക്ക് പ്രത്യാശ പ്രദാനം ചെയ്തുകൊണ്ട് വി. ഡമഷീനെപ്പോലെയുള്ള ദൈവശാസ്ത്രജ്ഞർ നിലകൊണ്ടു. ഗ്രീക്ക് ഭാഷയിൽ ക്രിസ്തീയ ദൈവശാസ്ത്രം രൂപപ്പെടുത്തിയ അവസാന സഭാപിതാവായി കണക്കാക്കപ്പെടുന്ന അദ്ദേഹം എഴുതിയ പല പ്രാർത്ഥനകളും പൗരസ്ത്യ-പാശ്ചാത്യ സഭകളുടെ ആരാധനക്രമത്തിന്റെ ഭാഗമാണ്. ഭൂമിശാസ്ത്രപരമായി അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ഡമാസ്ക്കസ് പാശ്ചാത്യ ദേശത്തോട് സമീപസ്ഥമായിരിക്കുന്നതുപോലെ പൗരസ്ത്യ-പാശ്ചാത്യ ദൈവശാസ്ത്ര ശാഖകളെ ബന്ധിപ്പിക്കുന്ന ഒരു പ്രധാന കണ്ണിയായി വി. ജോൺ ഡമഷീൻ ഇന്നും വർത്തിക്കുന്നു. 'സ്വർഗ്ഗാരോപണത്തിന്റെ വേദപാരംഗതൻ' എന്നറിയപ്പെടുന്ന വി. ഡമഷീന്റെ 'പരിശുദ്ധ കന്യകാമറിയത്തിന്റെ നിദ്ര' (Dormition of the Blessed Virgin Mary) എന്ന പ്രസംഗത്തിലെ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ 1950-ൽ മറിയത്തിന്റെ സ്വർഗ്ഗാരോപണം

www.malankaralibrary.com



സഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. യഹൂദ-മുസ്ലിം ആശയങ്ങളുടെ സ്വാധീനത്താൽ ചക്രവർത്തിമാർ ഉൾപ്പെടെയുള്ളവർ ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നും ഐക്കണുകലും മറ്റു രൂപങ്ങളും നീക്കം ചെയ്യാൻ പരിശ്രമിച്ചപ്പോൾ ദൈവീക തീക്ഷണതയോടെ തന്റെ തൂലികയിലൂടെ വി. ഡമഷീൻ ഇവയുടെ ഉപയോഗത്തിന്റെ ആത്മീയ അർത്ഥം വിവരിച്ചു. ഇക്കാരണത്താൽ 'ക്രിസ്തീയ ചിത്രകലയുടെ വേദപാരംഗതൻ' എന്നും അദ്ദേഹത്തെ വിളിക്കുന്ന സഭാപിതാക്കന്മാരുമുണ്ട്. സിദ്ധാന്തപരമായ ദൈവശാസ്ത്രം (Christian doctrine), ക്രിസ്ത്യൻ പ്രതിരോധശാസ്ത്രം (Christian apologetics), ക്രൈസ്തവ കീർത്തനശാസ്ത്രം (Christian hymnography) തുടങ്ങിയ മേഖലകളിൽ അദ്ദേഹം നൽകിയ അതുല്യ സംഭാവനകൾ സഭയുടെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. വി. ജോൺ ഡമഷീന്റെ ജീവിതവും രചനകളും അടുത്തറിയുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തെയും പരിപോഷിപ്പിക്കും.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

എ.ഡി. 675-ൽ സിറിയയിലെ ഡമാസ്കസിലാണ് ജോൺ ജനിച്ചത്. അദ്ദേഹത്തിന്റെ മുത്തച്ഛൻ മൻസൂർ ഇബ്ൻ സർജുൻ ബൈസന്റൈൻ സാമ്രാജ്യത്തിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്നു. മുസ്ലീങ്ങൾ ഈ പ്രദേശം കീഴടക്കിയപ്പോൾ ക്രിസ്ത്യാനികൾക്കുവേണ്ടി വാദിച്ചു വിവിധ ആനുകൂല്യങ്ങൾ അവർക്കുവേണ്ടി അദ്ദേഹം നേടിയെടുത്തു. ജോൺ ഡമഷീന്റെ പിതാവിന്റെ പേര് സേർജിയൂസ് മൻസൂർ എന്നായിരുന്നു. പ്രസിദ്ധമായ അറബ്-ക്രിസ്തീയ മൻസൂർ വംശത്തിൽ പെട്ടതായിരുന്നു ഇവരുടെ കുടുംബം. സർജുന്റെ മകനായ മൻസൂർ (Mansur ibn Sarjun - ????? ?? ?????) എന്ന അദ്ദേഹത്തിന്റെ അറബിപ്പേര് ഇവരുടെ കുടുംബം ആ പ്രദേശത്തെ പെരുമയുള്ളർ ആയിരുന്നു എന്നതിന്റെ ലക്ഷണമാണ്. സിറിയൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന ഉമയാദ് ഖിലാഫത്തിലെ (Umayyad Caliphate) സാമ്പത്തിക നടത്തിപ്പിന്റെയും കരം ഈടാക്കുന്നതിന്റെയും ചുമതലക്കാരനായിരുന്നു സേർജിയൂസ് മൻസൂർ. മുസ്ലിം ഭരണത്തിൻകീഴിൽ വലിയ ഉത്തരവാദിത്വം നിറഞ്ഞ ഈ ജോലി അദ്ദേഹത്തെ ഏൽപ്പിച്ചത് മൻസൂറിന്റെ സത്യസന്ധതയുടെയും പൊതുസമൂഹത്തിലുള്ള അംഗീകാരത്തിന്റെയും തെളിവാണ്. ജോൺ ഡമഷീന് ക്രിസ്തീയ വിശ്വാസത്തിന്റെ ബാലപാഠങ്ങൾ മാത്രമല്ല, സെക്കുലർ വിഷയങ്ങളിലുള്ള അറിവും അദ്ദേഹം പകർന്നു നൽകി. ചരിത്ര പുസ്തകങ്ങളിൽ എങ്ങുംതന്നെ ജോൺ ഡമഷീന്റെ അമ്മയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ വിശ്വാസ ജീതത്തിലും ഭക്തിയിലും പഠനത്തിലും ജോൺ സമപ്രായക്കാരേക്കാൾ ശോഭിക്കുന്നതിനു അദ്ദേഹത്തിന്റെ അമ്മയുടെ സ്വാധീനം വലുതായിരുന്നു.

ചെറുപ്രായത്തിൽ തന്നെ ജോണിന് ഭാഷയിലും വ്യാകരണത്തിലും പരിശീലനം ലഭിച്ചു. പിന്നീട് ഗ്രീക്ക് തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഗണിതത്തിലും സംഗീതത്തിലും അദ്ദേഹം വലിയ അറിവ് നേടി. ഒരു ദൈവശാസ്ത്രജ്ഞൻ എന്ന നിലയിലും ക്രിസ്തീയ കീർത്തനരചയിതാവ് എന്ന നിലയിലും തിളങ്ങുന്നതിന് അദ്ദേഹത്തെ ഈ പഠനങ്ങൾ സഹായിച്ചു. ഡമഷീന്റെ ഉന്നത ചിന്തയുടെയും ധാർമ്മിക അവബോധത്തിന്റെയും അടിസ്ഥാനം കുടുംബത്തിൽ നിന്നും കിട്ടിയ പരിശീലനമായിരുന്നു. ഡമാസ്ക്കസ്സ് നഗരം ഇക്കാലയളവിൽ ഒരു ബൗദ്ധിക-സാംസ്കാരിക കേന്ദ്രം കൂടി ആയിരുന്നു. ഗ്രീക്ക്, സിറിയക്ക്, അറബിക്ക് ഭാഷകൾ പഠിക്കുന്നതിനും പിന്നീട് അനായാസം കൈകാര്യം ചെയ്യുന്നതിനും അതുവഴിയായി ഡമഷീനു സാധിച്ചു. മാത്രമല്ല വൈവിധ്യമാർന്ന തത്വശാസ്ത്ര-ദൈവശാസ്ത്ര ഉൾക്കാഴ്ചകളെ ഉൾക്കൊള്ളുന്നതിനും അത് തന്റെ കൃതികളിൽ സന്നിവേശിപ്പിക്കുന്നതിനും ഇതുവഴിയായി അദ്ദേഹത്തിന് സാധിച്ചു.

**കോസ്മോസിന്റെ ശിഷ്യൻ**

ജോൺ ഡമഷീന്റെ ജീവിതത്തെയും ക്രിസ്തീയ സാഹിത്യ സംഭാവനകളെയും വിലയിരുത്തുന്നതിന് അദ്ദേഹത്തിന്റെ ഗുരുവായിരുന്ന കോസ്മോസ് എന്ന മുനിവര്യനെ പരിചയപ്പെടേണ്ടിയിരിക്കുന്നു. ഏഴാം നൂറ്റാണ്ടിലെ ഒരു പ്രഗത്ഭ പണ്ഡിതനായിരുന്ന അദ്ദേഹം ഡമഷീന്റെ ക്രിസ്തീയ ദാർശനിക ചിന്താഗതികളെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചു.

ഇറ്റലിയിലെ സിസിലിയ ദ്വീപിൽ ജീവിച്ച കോസ്മോസിനെ, അറബികൾ ഈ പ്രദേശം ആക്രമിച്ചു കീഴടക്കിയപ്പോൾ, തങ്ങളുടെ ബന്ദിയാക്കി. ഒരു പുരോഹിതനും കൃശഗാത്രനുമായ അദ്ദേഹത്തെ അടിമയായി ഡമാസ്ക്കസിൽ കൊണ്ടുവന്നിട്ട് കാര്യമില്ലെന്ന് കണ്ടു അവർ അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചു.

കൊലക്കളത്തിലേക്ക് നയിക്കപ്പെട്ട കോസ്മോസ് ഉച്ചത്തിൽ നിലവിളിച്ചപ്പോൾ ഡമാസ്ക്കസിലെ സുൽത്താന്റെ രാജസദസ്സിലെ അംഗമായിരുന്ന ഇബ്ൻ മൻസൂർ (സെർജിയൂസ്) അദ്ദേഹത്തെ ശ്രദ്ധിച്ചു. ഒരു സന്യാസി മരണത്തെ ഭയപ്പെട്ടു കരയുന്നത് എന്തിനെന്ന് അദ്ദേഹം അത്ഭുതത്തോടെ ആരാഞ്ഞു. അതിനുള്ള അദ്ദേഹത്തിന്റെ മറുപടി താൻ ഇത്രയും കാലം കഷ്ടപ്പെട്ട് നേടിയെടുത്ത അറിവെല്ലാം മറ്റുള്ളവർക്ക് പകർന്നു നൽകാതെ പാഴായിപ്പോകുന്നതിലുള്ള ദുഃഖത്താൽ വിലപിക്കുന്നതാണെന്ന് അറിയിച്ചു. ഇബ്ൻ മൻസൂർ അദ്ദേഹത്തെ മോചനദ്രവ്യം നല്കി വാങ്ങുകയും തന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ട് പോവുകയും ചെയ്തു.

സേർജിയൂസ് മൻസൂർ തന്റെ മകൻ ജോൺ ഡമഷീനിന്റെയും അദ്ദേഹം എടുത്തു വളർത്തിയ മകനായ മയൂമയിലെ കോസ്മോസിന്റെയും അധ്യാപകനായി കോസ്മോസിനെ നിയമിച്ചു.



(മയൂമയിലെ കോസ്മോസ് പിന്നീട് ഗാസയിലെ മയൂമ രൂപതയുടെ ബിഷപ്പായി ദീർഘകാലം സേവനം ചെയ്തു. സഭയിലെ വിശുദ്ധരുടെ ഗണത്തിൽ അദ്ദേഹവും ചേർക്കപ്പെട്ടിരിക്കുന്നു). ജോൺ ഡമഷീൻ കോസ്മോസിന്റെ ശിക്ഷണത്തിൽ തത്വശാസ്ത്രം, ദൈവശാസ്ത്രം, ഗണിതം, ജ്യോതിഷം, സംഗീതം തുടങ്ങിയ വിഷയങ്ങൾ പഠിച്ചു. വിശ്വാസവും യുക്തിയും ഐക്യത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്ന ആശയം ഡമഷീന് ലഭിച്ചിരിക്കുന്നത് തന്റെ ഗുരുവിൽ നിന്നാണ്. തന്റെ രണ്ട് ശിഷ്യന്മാരുടെയും ആത്മീയ വളർച്ചയിലും അദ്ദേഹം വളരെയധികം ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥനയും ആത്മനിയന്ത്രണവും ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന ശിലകളാണെന്നും അതിൽ വളരുന്നതിന് എപ്പോഴും പരിശ്രമിക്കണമെന്നും അദ്ദേഹം തന്റെ ശിഷ്യന്മാരെ ഉപദേശിച്ചു. നിരവധി ആരാധനാഗീതങ്ങളും പ്രാർത്ഥനകളും രൂപപ്പെടുത്തിയിട്ടുള്ള കോസ്മോസ് പിന്നീട് ജറുസലേമിലെ സെയിന്റ് സാബാസ് മഠത്തിൽ (മാർ സാബ) ദീർഘകാലം ജീവിച്ചതിനു ശേഷം അവിടെവച്ചാണ് മരിച്ചത്.

**ഡമാസ്ക്കസിന്റെ ചരിത്ര മാഹാത്മ്യം**

വി. പൗലോസിന്റെ മാനസാന്തരവുമായി ബന്ധപ്പെട്ട സ്ഥലമെന്ന നിലയിൽ ക്രിസ്തീയ സഭാചരിത്രത്തിൽ നിർണ്ണായക സ്ഥാനമുള്ള നഗരമാണ് ഡമാസ്ക്കസ്. മനുഷ്യർ തുടർച്ചയായി ജീവിച്ച ഏറ്റം പ്രാചീന നഗരങ്ങളിൽ ഒന്നായ ഡമാസ്ക്കസ് മാനവ സംസ്കാരത്തിന് വലിയ സംഭാവന നൽകിയിട്ടുണ്ട്. ജറുസലേമിനു പുറത്തുള്ള ആദ്യ ക്രിസ്തീയ സമൂഹങ്ങളിൽ ഒന്നായ ഇവിടുത്തെ ക്രൈസ്തവർ വളരെ സജീവവും മാതൃകാപരവുമായ പ്രവർത്തനം കാഴ്ചവച്ചവർ ആയിരുന്നു. നാലാം നൂറ്റാണ്ടിൽ ബൈസന്റീൻ ഭരണകാലയളവിൽ നിരവധി ദേവാലയങ്ങൾ ഇവിടെ പണികഴിപ്പിച്ചിരുന്നു.

എ.ഡി. 630-ലാണ് ഈ പ്രദേശങ്ങളിൽ മുസ്ലീം അധിനിവേശം ഉണ്ടാവുന്നതും പിന്നീട് 661-ൽ ഉമയാദ് ഖലീഫത്ത് നിലവിൽ വരികയും ചെയ്തത്. ഡമഷീന്റെ കാലത്ത് സാംസ്കാരികവും മതപരവുമായ കാര്യങ്ങളുടെ സംഗമസ്ഥലമായിരുന്നു ഡമാസ്ക്കസ്. ഇസ്ലാം മതത്തിലെ ഏറ്റം പുരാതന മോസ്ക്കുകളിൽ ഒന്നായ ഉമയാദ് മോസ്ക് ഇവിടെ എ.ഡി. 706 മുതൽ 715 വരെയുള്ള വർഷങ്ങളിൽ നിർമ്മിച്ചു. യോഹന്നാൻ സ്നാപകന്റെ നാമത്തിൽ ക്രൈസ്തവർ ഈ സ്ഥലത്തു നിർമ്മിച്ച ദേവാലയത്തിൽ അദ്ദേഹത്തിന്റെ ശിരസ് അടക്കി എന്നാണ് പാരമ്പര്യം സാക്ഷിക്കുന്നത്. ഈ ദേവായാലയം മുസ്ലിം ഭരണാധികാരികൾ മോസ്ക്കാക്കി മാറ്റുകയും അവിടെ മുഹമ്മദ് നബിയുടെ കൊച്ചുമകൻ ഹുസൈ്സ ഇബ്ൻ അലിയെ അടക്കുകയും ചെയ്തു.

ഇസ്ലാം മതം പ്രബലമായപ്പോഴും ശക്തമായ ക്രിസ്തീയ, യഹൂദ സ്വാധീനം ഇവിടെ നിലനിന്നിരുന്നു. വിവിധ ആശയങ്ങളുടെ മാത്രമല്ല വ്യാപാരത്തിന്റെയും ഒരു സംഗമസ്ഥലമായിരുന്നു ഡമാസ്ക്കസ്. ചൈനയിൽ നിന്നും തുർക്കി വരെ നീണ്ടിരുന്ന 6400 കിലോമീറ്ററോളം വരുന്ന സിൽക്ക് റോഡ് ഡമാസ്ക്കസിൽ കൂടിയാണ് കടന്നു പോയിരുന്നത്. എ.ഡി. 750-ൽ അബ്ബാസിഡ് വിപ്ലവത്തിലൂടെ ഉമയാദ് ഖാലിഫത്ത് ഇവിടെ അവസാനിക്കുകയും പിന്നീട് ഡമാസ്ക്കസിന്റെ പ്രാധാന്യം കുറയുകയും ചെയ്തു.

www.malankaralibrary.com



ക്രിസ്തീയ ധീരതയുടെ പ്രതീകമായി ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യത്തോടെ അവിടെ ഇന്നും ക്രിസ്തീയ സമൂഹം എല്ലാ പീഡനങ്ങളെയും അതിജീവിച്ചു നിലനിൽക്കുന്നു. ഗ്രീക്ക് ഓർത്തഡോക്സ്, സിറിയക്ക് ഓർത്തഡോക്സ്, മെൽക്കൈറ്റ് കത്തോലിക്കർ, സിറിയക്ക് കത്തോലിക്കർ, അർമേനിയൻ അപ്പസ്തോലിക സഭ, ലത്തീൻ കത്തോലിക്കർ തുടങ്ങിയ ക്രിസ്തീയ വിഭാഗങ്ങൾ ഇവിടെ ജീവിക്കുന്നു. 2011-ലെ സിറിയൻ ആഭ്യന്തര യുദ്ധത്തിൽ ഏറ്റവും കൂടുതൽ പീഡനമനുഭവിച്ച സമൂഹമാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ. അനേകർ അഭയാർത്ഥികളായി ലോകത്തിന്റെ വിവിധ കോണുകളിൽ ജീവിക്കുന്നെങ്കിലും ഇവിടെ അവശേഷിച്ചവർ ക്രൈസ്തവ വിശ്വാസത്തിന്റെ ജ്വലിക്കുന്ന പ്രതീകങ്ങളായി മാറുകയും ഇപ്പോൾ യുദ്ധത്തിൽ കഷ്ടത അനുഭവിക്കുന്ന ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും സഹായിക്കുകയും ചെയ്യുന്നു. ആത്മീയമായും, ചരിത്രപരമായും, സാംസ്കാരികമായും ഇവിടെയുള്ള ക്രൈസ്തവരെ സംരക്ഷിക്കേണ്ടതാണെന്ന ചിന്ത ഈ അടുത്ത കാലത്ത് അന്താരാഷ്ട്ര സമൂഹത്തിന് മാത്രമല്ല, സിറിയൻ ഭരണകൂടത്തിലുള്ളവർക്കു പോലും ഉണ്ടായിട്ടുള്ളത് ഒരു ശുഭസൂചനയാണ്.

**സന്യാസ ജീവിതം**

തന്റെ പിതാവിന്റെ മരണശേഷം അദ്ദേഹം വഹിച്ചിരുന്ന ഖലീഫയുടെ കൊട്ടാരത്തിലെ ഉദ്യോഗം ജോൺ ഡമഷീനെ തേടിയെത്തി. രാജ്യത്തിന്റെ വരുമാനം കണക്കാക്കുക, നികുതി പിരിക്കുക, പൊതുപ്രവർത്തനങ്ങൾക്കും സൈനീക ആവശ്യങ്ങൾക്കുമുള്ള പണം അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ വിശ്വസ്തതയോടെ അദ്ദേഹം നിറവേറ്റി. ഇത് ഭരണപരവും നയതന്ത്രപരവുമായ നൈപുണ്യം നേടുന്നതിന് അദ്ദേഹത്തെ സഹായിച്ചു. എന്നാൽ മുസ്ലിം ഭൂരിപക്ഷമായ ഭരണത്തിൽ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഒരു ക്രിസ്തീയ വിശ്വാസി ആയിരുന്ന അദ്ദേഹത്തിന് വലിയ വെല്ലുവിളി സമ്മാനിച്ചു. 'സംരക്ഷിത ജനങ്ങൾ' എന്ന നിലയിൽ ക്രിസ്ത്യാനികൾ മതസ്വാതന്ത്ര്യം അനുഭവിച്ചിരുന്നെങ്കിലും അമുസ്ലിങ്ങൾക്കുള്ള നികുതിയും മറ്റു നിയന്ത്രണങ്ങളും ഇവിടെയുള്ള ജൂതന്മാരെപ്പോലെ ക്രിസ്ത്യാനികൾക്കും ബാധകമായിരുന്നു.

ഭൗതീക ജീവിതത്തിലെ സുഖസൗകര്യങ്ങളോട് വലിയ ആകർഷണം തോന്നാതിരുന്ന ജോൺ ഡമഷീൻ അധികം താമസിയാതെ അതെല്ലാം ഉപേക്ഷിച്ചു സന്യാസത്തെ പുൽകി. സന്യാസ ജീവിതത്തിനുള്ള ഒരുക്കത്തിന്റെ ഭാഗമായി അദ്ദേഹം തന്റെ സമ്പത്തെല്ലാം പാവങ്ങൾക്കായി വിതരണം ചെയ്തു. തുടർന്ന് ആശ്രമജീവിതത്തിന് പേരുകേട്ട ജറുസലേമിലെ സെന്റ് സാബാ (മാർ സാബ) ആശ്രമത്തിൽ അദ്ദേഹം ചേർന്നു. പ്രാർത്ഥന, ഉപവാസം, ശാരീരിക അധ്വാനമുള്ള ജോലികൾ എന്നിവയിൽ അദ്ദേഹം ഇവിടെ സദാ വ്യാപൃതനായി. ആശ്രമത്തിലെ ഒരു ദിവസത്തെ ജീവിതം യാമപ്രാർത്ഥനകളും മറ്റു നിത്യഭക്താഭ്യാസങ്ങളും നിറഞ്ഞതായിരുന്നു. തന്റെ കൂടെയുള്ള ദൈവസാന്നിധ്യം നിത്യമായി അനുഭവിച്ചു ജീവിച്ച വ്യക്തിയായിരുന്നു വി. ഡമഷീൻ എന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ദാരിദ്ര്യം, എളിമ, അനുസരണം എന്നീ പുണ്യങ്ങൾ അദ്ദേഹം ഇവിടെ തന്റെ ജീവിതത്തിൽ അനുദിനം പരിശീലിച്ചു. തന്റെ ആദ്ധ്യാത്മിക പിതാക്കന്മാർക്ക് പൂർണ്ണമായും സമർപ്പിച്ചുകൊണ്ട് ഏറ്റം ചെറിയ ജോലികൾ പോലും വളരെ ശ്രദ്ധയോടും തീക്ഷ്ണതയോടെയും അദ്ദേഹം ചെയ്തിരുന്നു. ജോൺ ഡമഷീന്റെ ജീവിതത്തിൽ അനുസരണം എത്രമാത്രമെന്നു പരീക്ഷിക്കാനായി അധികാരികൾ അദ്ദേഹത്തോട് ഒരിക്കൽ എഴുത്തു നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടു. അധികാരികളോടുള്ള വിധേയത്വത്തിന്റെ ഭാഗമായി അദ്ദേഹം എഴുത്തിൽ നിന്നും പൂർണ്ണമായി മാറിനിന്ന് മറ്റു കാര്യങ്ങളിൽ ശ്രദ്ധിച്ചു. എന്നാൽ പരിശുദ്ധ കന്യകാമറിയം അദ്ദേഹത്തിന്റെ അധികാരികൾക്ക് പ്രത്യക്ഷപ്പെട്ടു ഡമഷീനോട് ഇനിയും ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഉന്നയിക്കരുത് എന്ന് ആവശ്യപ്പെട്ടെന്ന് ഒരു ഐതീഹ്യവും നിലവിലുണ്ട്.

സന്യാസം ജോൺ ഡമഷീനു ലോകത്തിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമായിരുന്നില്ല, പിന്നെയോ ലോകത്തിലായിരിക്കുന്നവർക്ക് ആധ്യാത്മിക യുദ്ധം ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകുന്നതിനുള്ള ഒരു ഉപാധിയായിരുന്നു. മാത്രമല്ല സഭയെ സഹായിക്കാനായിട്ടാണ് അദ്ദേഹം തന്റെ ബൗദ്ധിക കഴിവുകളെ വിനിയോഗിച്ചത്. ഇവിടെ ആശ്രമജീവിതത്തിൽ ആയിരിക്കുമ്പോഴാണ് അദ്ദേഹം പല പ്രധാന കൃതികളും രചിച്ചിരിക്കുന്നത്. അങ്ങനെ സത്യവിശ്വാസത്തിന്റെ ഒരു ജ്വലിക്കുന്ന ദീപമായി

www.malankaralibrary.com



അദ്ദേഹം ആശ്രമത്തിലെ തന്റെ ജീവിതത്തെ മാറ്റിയെടുത്തു. മാത്രമല്ല പിന്നീട് വന്ന തലമുറകളിലെ അനേകം സന്യാസി-സന്യാസിനിമാരെ പ്രാർത്ഥന, എളിമ, അനുസരണം തുടങ്ങിയ ക്രിസ്തീയ പുണ്യങ്ങളിൽ വളരാൻ അദ്ദേഹം പ്രചോദിപ്പിക്കുകയും ചെയ്തു.

**ചിത്രഭംസക വിവാദം (Iconoclastic Controversy)**


ബൈസന്റീൻ സാമ്രാജ്യത്തിൽ എട്ടാം നൂറ്റാണ്ടിൽ ഉടലെടുത്ത ദൈവശാസ്ത്രപരമായ പ്രശ്നമായിരുന്നു ദേവാലയങ്ങളിലെ ഐക്കൺ ഉപയോഗം. പിന്നീട് ഇത് വലിയ രാഷ്ട്രീയ-സാമൂഹിക പ്രശ്നമായി പരിണമിച്ചു രാഷ്ട്രത്തിന്റെ ക്രമസമാധാനത്തെ ബാധിച്ചു. ഐക്കണും മറ്റു ചിത്രങ്ങളും ദേവാലയത്തിലോ വിശുദ്ധ സ്ഥലങ്ങളിലോ പ്രതിഷ്ഠിക്കുന്നത് രണ്ടാമത്തെ കല്പനയുടെ ലംഘനമാണെന്ന് ഒരു വിഭാഗം വാദിച്ചു. സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇക്കാലത്തു ശക്തി പ്രാപിച്ച ഇസ്ലാമിക ഖലീഫത്തുകൾ മതപരമായ അനുഷ്ഠാനങ്ങളിൽ ചിത്രങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കുകയും ചെയ്തു. ചില ബൈസന്റീൻ ഭരണാധികാരികൾ ഇസ്ലാമിക ആശയങ്ങളോട് യോജിച്ചുപോകാനായി ഇതിനെ അനുകൂലിക്കുകയും ചെയ്തു. കൂടാതെ ഇസ്ലാമിക-അറബി ശക്തികളോട് ക്രിസ്ത്യാനികൾ യുദ്ധത്തിൽ പരാജയപ്പെടുന്നതിന്റെ കാരണം ഇത്തരത്തിലുള്ള അഭ്രംശങ്ങൾ ആണെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത നേതാക്കന്മാരുമുണ്ട്.

ബൈസന്റീൻ ചക്രവർത്തി ലിയോ മൂന്നാമൻ എ.ഡി. 726-ൽ ദേവാലയങ്ങളിലെ ഐക്കൺ ഉപയോഗം നിരോധിച്ചു. അദ്ദേഹത്തിന്റെ മകൻ കോൺസ്റ്റന്റീൻ 754-ൽ ഹിറൈറ (the Council of Hieria) കൗൺസിലിൽ വച്ച് ദേവാലയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ചിത്രങ്ങളോ രൂപങ്ങളോ പ്രതിഷ്ഠിക്കുന്നത് ദൈവനിഷേധമായി പ്രഖ്യാപിച്ചു. ഇതേതുടർന്ന് ആശ്രമങ്ങളിലെയും ദേവാലയങ്ങളിലെയും ഐക്കണുകൾ വ്യാപകമായി നശിപ്പിക്കപ്പെട്ടു. പിന്നീട് എ.ഡി. 787-ൽ ഐക്കൺ ഉപയോഗം നിയമവിധേയമാക്കിയെങ്കിലും ഈ പ്രശ്നങ്ങൾ ബൈസന്റീൻ സാമ്രാജ്യത്തെ ദുർബലപ്പെടുത്തുകയും സഭയിൽ വലിയ ഉതപ്പിനും വിഭജനത്തിനും കാരണമാവുകയും ചെയ്തു. ദേവാലയങ്ങളിൽ ഐക്കൺ ഉപയോഗത്തെ അനുകൂലിച്ചുകൊണ്ടുള്ള വി. ജോൺ ഡമഷീന്റെ നിലപാട് മനസ്സിലാക്കാൻ മുകളിൽ വിവരിച്ച ചരിത്രപരമായ പശ്ചാത്തലം അറിയേണ്ടതുണ്ട്.

ഐക്കൺ ഉപയോഗത്തെ അനുകൂലിച്ചവർ 'ചിത്രഭക്തർ' (iconophiles) എന്നും എതിർത്തിരുന്നവർ 'ചിത്രഭംസകർ' (iconoclasts) എന്നും അറിയപ്പെട്ടിരുന്നു. ലിയോ മൂന്നാമൻ ചക്രവർത്തിയുടെ ഐക്കൺ നിരോധനം നിലവിൽ വന്നപ്പോൾ ബൈസന്റീൻ സാമ്രാജ്യത്തിന്റെ അധികാരപരിധിക്ക് പുറത്തു ഇസ്ലാമിക ഭരണത്തിൽ ആയിരുന്ന ഡമഷീൻ ഐക്കൺ ഉപയോഗിക്കുന്നതിനെ അനുകൂലിച്ചു മൂന്ന് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അത് 'തിരുസ്വരൂപങ്ങളെ അവഹേളിക്കുന്നവർക്കെതിരായ പ്രതിവാദ കൃതികൾ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ കൃതിയിൽ അദ്ദേഹം വാദിക്കുന്നത് ഐക്കണുകൾ വിഗ്രഹങ്ങളല്ല പിന്നെയോ ദൈവീകതയിലേക്ക് തുറന്നിരിക്കുന്ന ജാലകങ്ങളാണ് എന്നാണ്. അത് ഒരുവന്റെ ദൈവഭക്തി വർദ്ധിക്കാൻ സഹായിക്കുകയും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ കൂടുതൽ വെളിവാക്കുകയും ചെയ്യുന്നു എന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

ക്രിസ്തീയ വിശ്വാസം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പാഷണ്ഡതകൾക്കും സത്യ



www.malankaralibrary.com


വിശ്വാസ വ്യതിചലനങ്ങൾക്കുമെതിരെ നിരന്തരം പോരാടിയ വിശുദ്ധനാണ് ജോൺ ഡമഷീൻ. പുരാതന സഭാപിതാക്കന്മാരെയും ആദ്യകാല സാർവ്വത്രിക സുന്നഹദോസുകളെയും ആധാരമാക്കിയാണ് അദ്ദേഹം തന്റെ ദൗത്യം നിർവഹിച്ചത്. അതിൽ തന്നെയും ക്രിസ്തുവിന്റെ ദ്വിവിധ സ്വഭാവം നിർവചിച്ചിരിക്കുന്ന കാൽസിഡോണിയ കൗൺസിലിനെ (451 AD) അദ്ദേഹം വളരെയധികം ആശ്രയിക്കുന്നു. വി. ഡമഷീൻ ഒരു സന്യാസിയായി ജീവിച്ച ജറുസലേമിലെ മാർ സാബാ ആശ്രമത്തിൽ വച്ച് എ.ഡി. 749-ൽ തന്റെ നിത്യസമ്മാനത്തിനായി യാത്രയായി. വി. ഡമഷീന്റെ മരണവുമായി ബന്ധപ്പെട്ടുള്ള മറ്റു കാര്യങ്ങൾ ചരിത്രത്താളുകളിൽ അധികമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ജീവിച്ചിരുന്ന കാലഘട്ടത്തിലും അതിന് ശേഷവും മറ്റുള്ളവരാൽ വളരെയധികം ബഹുമാനിക്കപ്പെട്ട ഒരു വിശുദ്ധനായിരുന്നു അദ്ദേഹം. ഡമഷീന്റെ ദൈവശാസ്ത്ര കൃതികൾ പിന്നീട് വന്ന തലമുറകളെ പ്രചോദിപ്പിച്ചുകൊണ്ടേയിരുന്നു.

മരണത്തോടെ അദ്ദേഹത്തെ വിശുദ്ധനായി കണ്ടു വിശ്വാസികൾ വണങ്ങാൻ തുടങ്ങി. ഓർത്തോഡോക്സ് സഭകളിൽ ഡിസംബർ 4-നും കത്തോലിക്കാ സഭയിൽ മാർച്ച് 27-നുമാണ് അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നത്. 1890-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പയാണ് വി. ജോൺ ഡമഷീനെ സഭയിലെ വേദപാരംഗതന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയത്. ഇതുവഴി വിശുദ്ധനു മാത്രമല്ല അദ്ദേഹത്തിന്റെ രചനകൾക്കും ആഗോള കത്തോലിക്കാ സഭയിൽ വലിയ അംഗീകാരം ലഭിച്ചു.

**ക്രിസ്തീയ സാഹിത്യ സംഭാവനകൾ**

ക്രിസ്തീയ ദൈവശാസ്ത്രത്തിനും സാഹിത്യത്തിനും വലിയ സംഭാവന നൽകിയിരിക്കുന്ന പണ്ഡിതനാണ് വി. ജോൺ ഡമഷീൻ. വേദവിപരീതങ്ങൾക്കെതിരെ മാത്രമല്ല വരും തലമുറകളിലെ ദൈവശാസ്ത്രജ്ഞരെ സ്വാധീനിക്കുന്ന തരത്തിലുള്ള അനവധി രചനകളും അദ്ദേഹം നടത്തിയിട്ടുണ്ട്. ഗ്രീക്ക് തത്വശാസ്ത്രത്തെയും ക്രിസ്തീയ ദൈവശാസ്ത്രത്തെയും സമന്വയിപ്പിച്ചുകൊണ്ട് അദ്ദേഹം ഗഹനമായ സത്യങ്ങൾ ലളിതമായി അവതരിപ്പിക്കാൻ ശ്രമിച്ചു. ഡമഷീന്റെ രചനാരീതി പണ്ഡിതോചിതം എന്നതുപോലെതന്നെ വായനക്കാരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നതുമായിരുന്നു. തന്റെ വാക്കുകളിലൂടെ ആത്മീയമായി ദൈവവുമായി സംവേദിക്കാൻ വായനക്കാരന് സാധിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു.

**ദൈവശാസ്ത്രകൃതികൾ**

ക്രിസ്തീയ ദൈവശാസ്ത്രത്തെ അടുക്കും ചിട്ടയോടും കൂടി അദ്ദേഹം തന്റെ നിരവധി ഗ്രന്ഥങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു. ഡമഷീന്റെ 'അറിവിന്റെ ഉറവിടം' (*The Fountain of Knowledge*) എന്ന ഗ്രന്ഥം മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**ഡയലെക്റ്റിക്ക**: തത്വശാസ്ത്ര തത്വങ്ങൾ ചർച്ച ചെയ്യുന്ന ഒന്നാം ഭാഗം 'ഡയലെക്റ്റിക്ക' എന്നാണ് അറിയപ്പെടുന്നത്. ക്രിസ്തീയ ദൈവശാസ്ത്രം മനസ്സിലാക്കാനായി പഠിക്കേണ്ടുന്ന തത്വശാസ്ത്ര തത്വങ്ങൾ അദ്ദേഹം ഇവിടെ വിചിന്തന വിധേയമാക്കുന്നു. അരിസ്റ്റോട്ടിലിന്റെ തർക്കശാസ്ത്രവും നവപ്ലറ്റോണിക് (Neoplatonic) തത്വശാസ്ത്രവും ഉപയോഗിച്ച് ക്രിസ്തീയ ദൈവശാസ്ത്രം വിശദീകരിക്കാൻ സാധിക്കും എന്ന് അദ്ദേഹം എഴുതി. ഡമഷീൻ ഇവിടെ കൊടുത്തിരിക്കുന്ന പല വാക്കുകളും പിന്നീട് നമ്മുടെ ദൈവശാസ്ത്രത്തിന്റെ ഭാഗമായിട്ടുണ്ട്. സത്ത (substance), സ്വഭാവം (nature), വ്യക്തി (person), അവസ്ഥിതി (hypostasis) തുടങ്ങിയ വാക്കുകൾ അദ്ദേഹം വിശദീകരിക്കുന്നു. ഇന്ന് ഈ തത്വശാസ്ത്ര പദങ്ങൾ നന്നായി മനസ്സിലാക്കാതെ ക്രിസ്തീയ ദൈവശാസ്ത്രം വിശദീകരിക്കാൻ സാധിക്കില്ല. ഈ പരിശ്രമം കൊണ്ട് വിശ്വാസവും യുക്തിയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ഡമഷീനു സാധിച്ചു. ക്രിസ്തീയ വിശ്വാസം വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ എന്നതുപോലെ തന്നെ മനുഷ്യബുദ്ധികൊണ്ട് മനസ്സിലാക്കാനും വിശദീകരിക്കാനും സാധിക്കുന്ന തത്വങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു എന്ന് അദ്ദേഹം എഴുതി.

**പാഷണ്ഡതകളെക്കുറിച്ച്**: ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തു പാഷണ്ഡതകളെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നു. എട്ടാം നൂറ്റാണ്ടുവരെ സഭയിൽ ഉണ്ടായ പാഷണ്ഡതകളുടെ ചരിത്രപരവും ദൈവശാസ്ത്രപരവുമായ ഒരു അപഗ്രഥനമാണ് അദ്ദേഹം ഇവിടെ നടത്തുന്നത്. ആര്യനിസം, നെസ്തോറിയനിസം, ഏകസ്വഭാവവാദം തുടങ്ങി 103 വേദവിപരീതങ്ങൾ അദ്ദേഹം ചർച്ച ചെയ്യുന്നു. അവയുടെ സംഗ്രഹം നൽകുക മാത്രമല്ല, അതിലെ തെറ്റുകൾചൂണ്ടിക്കാട്ടി വിശ്വാസികളെ സത്യവിശ്വാസസത്തിൽ ഉറപ്പിക്കുന്നതിനും അദ്ദേഹം തന്റെ രചനയിലൂടെ ശ്രമിക്കുന്നു.

www.malankaralibrary.com


**ക്രിസ്തീയസത്യ വിശ്വാസം:** സത്യ വിശ്വാസം എന്തെന്ന് വിശദീകരിക്കുകയാണ് അദ്ദേഹം ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തു ചെയ്യുന്നത്. ദൈവശാസത്രം വളരെ അടുക്കും ചിട്ടയോടും കൂടി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ദൈവസ്വഭാവം, ത്രിത്വം, സൃഷ്ടി, ക്രിസ്തുശാസ്ത്രം, രക്ഷാശാസ്ത്രം, സഭാശാസ്ത്രം, യുഗാന്തശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ വളരെ അവധാനതയോടെ ചർച്ച ചെയ്യുന്നു. അവഗാഹമായ സത്യങ്ങൾ സാധാരണക്കാരന് പ്രാപ്യമാക്കുന്നതിനും അതുവഴി സഭയെക്കുറിച്ചുള്ള അവബോധത്തിൽ മറ്റുള്ളവരെ വളർത്തുന്നതിനും അദ്ദേഹം ശ്രമിക്കുന്നു. ഗ്രിഗറി നസ്യാൻസൻ, മഹാനായ ഗ്രിഗറി, മാക്സിമസ് ദി കൺഫസ്സർ തുടങ്ങിയവരുടെ ആശയങ്ങളെ കടമെടുത്തുകൊണ്ട് തന്റേതായ ശൈലിയിൽ അദ്ദേഹം ദൈവശാസ്ത്രം സംവേദനം ചെയ്തു. നേരത്തെ വിവരിച്ച ഐക്കൺ സംബന്ധമായ കാര്യങ്ങൾ ഇവിടെയാണ് അദ്ദേഹം ചർച്ച ചെയ്യുന്നത്. അത് ബൈസന്റീൻ സഭയിൽ വലിയ ചലനങ്ങൾ ഉണ്ടാക്കുകയും ചിത്രങ്ങൾ ദേവാലയങ്ങളിൽ ഉപയോഗിക്കുന്നതിന് അനുകൂലമായ തീരുമാനം എടുക്കുന്നതിലേക്ക്നയിക്കുകയും ചെയ്തു.



### ക്രിസ്ത്യൻ വിശ്വാസത്തെ വിശദീകരിക്കുന്ന കൃതികൾ

വിശ്വാസത്തിനെതിരായി ഉണ്ടാകുന്ന പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്ന നിരവധി രചനകൾ അദ്ദേഹം നടത്തി. ഇതിൽ പ്രധാനമായത് ഇസ്ലാമിൽ നിന്നും മനിക്കേയൻ വിശ്വാസികളിൽ നിന്നും ഉണ്ടായ വെല്ലുവിളികളെ നേരിടുന്നതായിരുന്നു. മൂന്നാം നൂറ്റാണ്ടിൽ പാർത്ഥിയൻ പ്രദേശത്തു നിന്നുള്ള മാനി (216-274) എന്ന പ്രവാചകന്റെ പ്രബോധനനങ്ങളിൽ നിന്നും ഉരുവായ ഒരു വിശ്വാസ സംഹിതയായിരുന്നു മനിക്കേയനിസം. ദ്വൈതവാദത്തിൽ അധിഷ്ഠിതമായ പ്രപഞ്ചശാസ്ത്രത്തിൽ (dualis ticcosmology) അവർ വിശ്വസിച്ചിരുന്നു. മനിക്കേയ വിശ്വാസമനുസരിച്ച് രണ്ടു തരത്തിലുള്ള ലോകം നിലനിൽക്കുന്നു. ഒന്ന് എല്ലാ നന്മകളുടെയും ഉറവിടമായ ഒരു നല്ല ദൈവത്തിൽ നിന്നും വരുന്നതാണ്. രണ്ടാമത്തേത് എല്ലാതിന്മകൾക്കും കാരണമായ ദുഷ്ടദൈവത്തിൽ നിന്നും ഉത്ഭവിക്കുന്നതും. ഇത് രണ്ടും നിരന്തരമായ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നു. സ്വരാഷ്ട്രർക്കും ബുദ്ധനും ക്രിസ്തുവിനും ശേഷം മാനി എന്ന പ്രവാചകൻ നല്ല ദൈവത്തിന്റെ അവസാന ദൂതനായി ഭൂമിയിലേക്ക് അയക്കപ്പെട്ടിരിക്കുന്നു. വി. അഗസ്തീനോസിനെപ്പോലെ ജോൺ ഡമഷീനും അവരുടെ വാദഗതികളെ ശക്തമായി എതിർത്തുകൊണ്ട് എഴുതി. ക്രിസ്തീയ വിശ്വാസത്തിന്റെ നന്മയും സൃഷ്ടിയുടെ മഹത്വവും ഭൗതീക-ആത്മീയ തലങ്ങളിലുള്ള ദൈവത്തിന്റെ പരമമായ അധികാരവും അദ്ദേഹം തന്റെ രചനകളിലൂടെ എടുത്തുകാട്ടി. പഴയനിയമം നിഷേധിക്കുകയും പുതിയനിയമത്തെ വികലമായി ചിത്രീകരിക്കുകയും ചെയ്ത മനിക്കേയൻ സിദ്ധാന്തത്തിനെതിരെ വിശുദ്ധ ഗ്രന്ഥത്തിന്റെ പരിശുദ്ധിയും ഏകതയും അദ്ദേഹം തുറന്നുകാട്ടി.

ക്രിസ്തീയ വിശ്വാസത്തിൽ നിന്നും ഇസ്ലാമിനെതിരെ നടത്തിയ ആദ്യവിമർശനങ്ങളിൽ ഒന്നായിരുന്നു വി. ജോൺ ഡമഷീന്റേത്. അറബി മുസ്ലിങ്ങളെ സരസീൻ എന്നാണ് അക്കാലത്തു പൊതുവെ വിളിച്ചിരുന്നത്. അവരുടെ ദൈവത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ, മുഹമ്മദിന്റെ പ്രവാചകത്വം, യേശുവിനെക്കുറിച്ചുള്ള മുസ്ലീം വ്യാഖ്യാനങ്ങൾ എന്നിവ അദ്ദേഹം ചോദ്യം ചെയ്തു. കൂടാതെ ഖുറാൻ ദൈവത്തിന്റെ അവസാനത്തേതും പൂർണ്ണതയുള്ളതുമായ വെളിപാടാണെന്ന മുസ്ലിം അവകാശവാദത്തെയും അദ്ദേഹം നിരാകരിച്ചു. ക്രിസ്തീയ വിശുദ്ധ ഗ്രന്ഥം അതിനേക്കാൾ പൂർണ്ണതയും കൃത്യതയും ഉള്ള വെളിപാടുകളാണ് മനുഷ്യകുലത്തിന് നൽകുന്നതെന്ന് അദ്ദേഹം സമർത്ഥിച്ചു. ത്രിത്വാത്മക ദൈവത്തിലുള്ള വിശ്വാസത്തിനെതിരെ മുസ്ലീങ്ങൾ നടത്തിയ വിമർശനങ്ങൾക്ക് കൃത്യമായ ദൈവശാസ്ത്ര വിശദീകരണം അദ്ദേഹം നൽകി. ക്രിസ്തീയ വിശ്വാസത്തിൽ ഒരു ദൈവം മാത്രമേയുള്ളൂ എന്നും, ത്രിത്വാത്മക ദൈവീക

www.malankaralibrary.com


രഹസ്യത്തെ ബഹുദൈവ വിശ്വാസമായി തെറ്റിദ്ധരിക്കുന്നത് ക്രിസ്ത്യൻ ദൈവശാസ്ത്ര പദങ്ങൾ ശരിയായി മനസ്സിലാക്കാൻ അവർക്ക് സാധിക്കാത്തതുകൊണ്ടാണെന്നും അദ്ദേഹം എഴുതി. ക്രിസ്തുവിന്റെ ദൈവത്വത്തെയും സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വിശദീകരിച്ചു. ജോൺ ഡമഷീന്റെ മുസ്ലീം വിമർശനം ദൈവശാസ്ത്രപരവും ചരിത്രപരവും ആയിരുന്നു. ഇസ്ലാമിക ഭരണത്തിൽ ജീവിച്ച ക്രിസ്തീയ വിശ്വാസി എന്ന നിലയിൽ ഈ വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ അറിവ് അദ്ദേഹം സമ്പാദിച്ചിരുന്നു. വേഗത്തിൽ വ്യാപിച്ചുകൊണ്ടിരുന്ന ഇസ്ലാമിക വിശ്വാസത്തിനെതിരെയുള്ള യാഥാർത്ഥ്യബോധത്തോടെയും ആധികാരികമുമായ ക്രിസ്തീയ പ്രതികരണമാണ് അദ്ദേഹത്തിന്റെ രചനകളിൽ നമുക്ക് കണ്ടെത്താൻ സാധിക്കുന്നത്.

**കീർത്തനങ്ങൾ**

ക്രിസ്തീയ ആരാധനയെ ദൈവീകവും ഭക്തിനിർഭരവും ആക്കാനുതകുന്ന നിരവധി കീർത്തനങ്ങളുടെ രചയിതാവാണ് വി. ജോൺ ഡമഷീൻ. ഇക്കാരണത്താൽ മിക്ക ക്രിസ്തീയ ചരിത്രകാരന്മാരും 'ബൈസന്റീൻ സഭയിലെ കീർത്തനങ്ങളുടെ പിതാവ്' എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. വി. ജോൺ ഡമഷീൻ ചിട്ടപ്പെടുത്തിയ ആരാധനക്രമ ഗീതങ്ങൾ സഭയിൽ വ്യാപകമായി ഇന്നും ഉപയോഗത്തിൽ ഉണ്ട്. ദൈവശാസ്ത്രപരവും, കവിതാത്മകവും, ഭക്തിസാന്ദ്രവുമായ ഈ കൃതികൾക്ക് പൗരസ്ത്യ സഭകളിൽ വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്.

ജോൺ ഡമഷീന്റെ ഏറ്റം പ്രശസ്തമായ കീർത്തനം 'ഹാശാ ആഴ്ചയുടെ കാനൻ' ആണ്. ഇത് ഇന്നും ഓർത്തോഡോക്സ് സഭകളിൽ ഉയർപ്പുതിരുന്നാൾ ജാഗരണ (Easter Vigil) പ്രാർത്ഥനയുടെ ഭാഗമാണ്. യേശുവിന്റെ ഉയിർപ്പിലുള്ള സന്തോഷവും അവിടുന്ന് മരണത്തിന്റെമേൽ വിജയം വരിച്ചതും ഈ കീർത്തനത്തിലൂടെ വെളിവാക്കപ്പെടുന്നു. എല്ലാ പ്രാർത്ഥനാ ഗീതത്തിന്റെയും അവസാനം ഇപ്രകാരം ചൊല്ലുന്നു: 'ക്രിസ്തു മരിച്ചവരിൽ നിന്നും ഉയർത്തിരിക്കുന്നു, മരണത്തെ തന്റെ മരണത്താൽ അവിടുന്ന് ചവിട്ടിമെതിക്കുകയും ഉയിർപ്പിലൂടെ കല്ലറയിൽ ആയിരുന്നവരുടെമേൽ ജീവൻ ചൊരിയുകയും ചെയ്തു.' ക്രിസ്തീയ വിശ്വാസത്തിൽ ഉയിർപ്പിനാൽ സംജാതമാകുന്ന സന്തോഷം പ്രകടിപ്പിക്കുന്ന ഒരു മനോഹര ഗീതമാണിത്.

'എട്ടു സ്വരങ്ങൾ' (Octoechos) എന്ന പേരിൽ ബൈസന്റീൻ ജപങ്ങളുടെ രൂപത്തിൽ ജോൺ ഡമഷീൻ പല ഗീതകങ്ങളും രൂപപ്പെടുത്തി. ഓർത്തഡോക്സ് സഭകളിലെ ആഴ്ചയിലെ ഓരോ ദിവസത്തെയും ആരാധനയ്ക്ക് ഉപയോഗിക്കുന്ന ഈ കീർത്തനങ്ങൾ പ്രത്യേക ശൈലിയിലാണ് അദ്ദേഹം രൂപപ്പെടുത്തിയിരിക്കുന്നത്. ദൈവത്തെ മഹത്വപ്പെടുത്തുക, വിശുദ്ധരെ അനുസ്മരിക്കുക, വിശ്വാസരഹസ്യങ്ങളെ ആഴത്തിൽ ധ്യാനിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ കൃതികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. പൗരസ്ത്യ സഭയിലെ ആരാധനക്രമ സംഗീതവും, ദൈവശാസ്ത്രവും, ആത്മീയതയും ആരാധനാഗീതത്തിലൂടെ അങ്ങനെ അനന്തര തലമുറയ്ക്ക് ലഭിച്ചിരിക്കുന്നു. അദ്ദേഹം രചിച്ച 'അകതിസ്റ്റ് ഗീതം' (Akathist Hymn) കാവ്യാത്മകമായി ദൈവപുത്രന്റെ മനുഷ്യാവതാരത്തെയും മറിയത്തിന്റെ മഹനീയ മാതൃത്വത്തെയും പ്രകീർത്തിക്കുന്നു. ഇത് പാശ്ചാത്യ സഭയിലും ആരാധനയുടെ ഭാഗമായി മാറിയത് വി. ജോൺ ഡമഷീനു ആഗോള സഭയിൽ ലഭിച്ചിരിക്കുന്ന വലിയ അംഗീകാരത്തിന്റെ തെളിവാണ്.

**വി. ജോൺ ഡമഷീന്റെ ദൈവശാസ്ത്ര മാതൃക**

ആധുനിക ദൈവശാസ്ത്രജ്ഞർക്ക് അനുകരിക്കാൻ ഉതകുന്ന അനേകം മാതൃകകൾ വി. ജോൺ ഡമഷീൻ അവതരിപ്പിക്കുന്നു. പണ്ഡിതനായ ഒരു ദൈവശാസ്ത്രജ്ഞൻ എന്നതു പോലെ ത്യാഗിയായ ഒരു സന്യാസവര്യനുമായിരുന്നു അദ്ദേഹം. പൗരസ്ത്യ-പാശ്ചാത്യ ചിന്താധാരകളെ അവധാനതയോടെ സമന്വയിപ്പിച്ച വി. ഡമഷീൻ വിശ്വാസവും യുക്തിയും ഒരേപോലെ ദൈവമഹത്വം പ്രകടിപ്പിക്കാനായി ഉപയോഗിക്കാൻ സാധിക്കുമെന്നും തെളിയിച്ചു. മതനിരപേക്ഷത (secularism), ആപേക്ഷികത (relativism) തുടങ്ങിയ തത്വങ്ങൾ വിശ്വാസജീവിതത്തിന് വെല്ലുവിളികൾ ഉയർത്തുന്ന കാലഘട്ടത്തിൽ വി. ജോൺ ഡമഷീന്റെ മാതൃകയിൽ സത്യവിശ്വാസത്തെ ഉയർത്തിപ്പിടിക്കാൻ ആധുനിക ദൈവശാസ്ത്രജ്ഞർക്ക് കഴിയണം. വി. ഗ്രന്ഥവും പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി ഓരോ കാലത്തും ഉരുത്തിരിയുന്ന സാംസ്കാരിക പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്ന് വി. ജോൺ ഡമഷീൻ നമുക്ക് കാണിച്ചു തരുന്നു.

ഗ്രീക്ക് തത്വചിന്തയും ക്രിസ്തീയ ദൈവ ശാസ്ത്രവും സംയോജിപ്പിച്ചതുവഴി മനുഷ്യ ബുദ്ധിയും ദൈവീക വെളിപാടും പരസ്പര പൂരകങ്ങളായി വർത്തിക്കാൻ സാധിക്കുമെന്നും അദ്ദേഹം പഠിപ്പിച്ചു. വിശ്വാസം, ശാസ്ത്രം, യുക്തി തുടങ്ങിയ വിഷയങ്ങൾ ആധുനിക ജീവിതത്തിൽ അവധാനതയോടെ അനുദിനം കൈകാര്യം ചെയ്യാൻ പരിശീലിക്കണം. നമ്മുടെ അടിസ്ഥാന വിശ്വാസസത്യങ്ങളെ അടിയറവയ്ക്കാതെ ആധുനിക പ്രവണതകളെ മനസ്സിലാക്കാൻ സാധിക്കുമെന്നും വി. ജോൺ ഡമഷീൻ നമ്മെ പഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ രചനയുടെ ലക്ഷ്യം സൈദ്ധാന്തികമായി എന്തെങ്കിലും പകർന്നു നൽകുക എന്നതിലുപരി ദൈവജ നത്തെ ദൈവസംസർഗ്ഗത്തിൽ ആഴപ്പെടുത്തുക എന്നതായിരുന്നു. വിശ്വാസം കലയിലൂടെയും സംഗീതത്തിലൂടെയും പ്രാർത്ഥനയിലൂടെയും പകർന്നു നൽകാൻ സാധിക്കുമെന്ന് വി. ജോൺ ഡമഷീൻ തെളിയിച്ചു.

മുസ്ലിം ഭൂരിപക്ഷ സമൂഹത്തിൽ ജീവിച്ച പ്പോഴും ക്രിസ്തീയ വിശ്വാസത്തിന്റെ അന്തസത്ത ഉയർത്തിപ്പിടിക്കുന്നതിനും അതുവഴി പരസ്പരം കൂടുതൽ മനസ്സിലാക്കുന്നതിനും സൗഹൃദത്തിൽ കഴിയാൻ പ്രേരിപ്പിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. മറ്റു മതവിശ്വാസങ്ങളെയും ആശയ ങ്ങളെയും മത്സരിച്ചു തോൽപ്പിക്കുക എന്നതി നേക്കാൾ പരസ്പരം മനസ്സിലാക്കി ബഹുമാന ത്തോടെ ജീവിക്കുക എന്ന തത്വത്തിനാണ് അദ്ദേഹം പ്രാമുഖ്യം നൽകിയത്. ചുരുക്കത്തിൽ ആധുനിക ക്രിസ്തീയ ചിന്തകർ ക്രിസ്തുകേന്ദ്രീ കൃതമായി ആത്മവിശ്വാസവും, സമഗ്രതയും, ഭക്തിയും, വിവിധ സംകാരങ്ങളോട് തുറവിയു ള്ളവരും ആയിരിക്കാൻ ജോൺ ഡമഷീൻ തന്റെ ജീവിത മാതൃകയിലൂടെ ആവശ്യപ്പെടുന്നു. ദൈവശാസ്ത്രം തർക്കിച്ചു ജയിച്ചുകാണി ക്കാനുള്ളതല്ല, പിന്നെയോ ലോകജീവിതത്തിൽ ദൈവമഹത്വത്തെ കൂടുതൽ പ്രകാശിതമാക്കാ നുള്ളതാണ്.

**ഉപസംഹാരം**

സഭാപിതാക്കന്മാരുടെ കാലഘട്ടത്തെ മധ്യ കാലയുഗത്തിലെ ചിന്തകളുമായി ബന്ധിപ്പിക്കുന്ന ഒരു ദൈവശാസ്ത്ര കണ്ണിയാണ് വി. ജോൺ ഡമഷീൻ. ഒരു ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹത്തിന് നിയമം, ദൈവശാസ്ത്രം, തത്വശാസ്ത്രം, സംഗീതം തുടങ്ങിയ മേഖല കളിലെല്ലാം അഗാധമായ അറിവുണ്ടായിരുന്നു. കാലത്തിന്റെയും, സംസ്കാരങ്ങളുടെയും അതിർത്തികളെ അതിലംഘിക്കുന്ന വലിയ പൈതൃകം അവശേഷിപ്പിച്ചിരിക്കുന്ന ഈ പണ്ഡിതൻ വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു കാലഘട്ടത്തിൽ വിശ്വാസത്തിന്റെയും വിവേചനാശക്തിയുടെയും ആൾരൂപമായി പരിണമിക്കുകയും ദൈവജനത്തിന് തെളിമയുള്ള ഒരു സാക്ഷ്യമായി നിൽക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഈ മാതൃക അനുകരിക്കാനും ആധുനിക വെല്ലുവിളികളെ അവധാനതയോടെ കൈകാര്യം ചെയ്യാനും നമുക്കും കഴിയണം. പ്രശ്നങ്ങളിൽ നിന്നും ഓടിയൊളിക്കാതെ ആർദ്രതയോടും ക്രിതൃതയോടെയും അവ യെല്ലാം അദ്ദേഹം കൈകാര്യം ചെയ്തു. നിലവിലുള്ളതിനപ്പുറം നിലനിൽക്കുന്ന യാഥാർ ത്ഥ്യങ്ങളെ ദർശിക്കാനും അങ്ങനെ ആധുനി കതയുടെ സങ്കീർണതകളെ കൈകാര്യം ചെയ്യാനും അദ്ദേഹം നമ്മെ പ്രചോദിപ്പിക്കുന്നു. ഭൂതകാലത്തിന്റെ അവശേഷിപ്പായല്ല മറിച്ച് ഭാവിയെ എങ്ങനെ കൈകാര്യൻ ചെയ്യാൻ നമുക്ക് സാധിക്കും എന്നതിന് മാതൃകകൾ അവതരി പ്പിച്ചിരിക്കുന്ന ഒരു വേദപാരംഗതനായി അദ്ദേഹത്തെ നമുക്കും സ്വീകരിക്കാം.

നോമ്പുകാലത്ത് പല പൗരസ്ത്യ സഭകളിലും ഉപയോഗിക്കുന്ന വി. ജോൺ ഡമഷീന്റെ ഒരു പ്രാർത്ഥന ചുവടെ കൊടുക്കുന്നു.

എന്റെ ജീവിതത്തിന്റെ കർത്താവും അധി പനുമേ, ഉദാസീനതയുടെയും, ജിജ്ഞാസയു ടെയും, അധികാരദുർമ്മോഹത്തിന്റെയും, വ്യർത്ഥഭാഷണത്തിന്റെയും, ആത്മാവിനെ എനിക്ക് നൽകരുതേ. എന്നാൽ ചാരിത്ര്യം, വിനയം, ക്ഷമ, സ്നേഹം എന്നിവയുടെ ആത്മാവിനെ നിന്റെ ദാസനായ എനിക്ക് നൽകുക. എന്റെ കർത്താവും നാഥനുമേ, എന്റെ സഹോദരനെയും, സഹോദരിയെയും വിധി ക്കാത്ത, എന്റെ പിഴവുകളെ കാണുന്ന, കണ്ണും എനിക്ക് നൽകുക. നിത്യകാലവും അവിടുന്ന് വാഴ്ത്തപ്പെട്ടവനായിരിക്കട്ടെ. ആമേൻ.

ആനുകാലികം



# സമൂഹത്തെ തകർക്കുന്ന ലഹരികൾ

**ബോബി ഏബ്രഹാം**

ലഹരിയാണ് പ്രശ്നം. അധികാരത്തോടുള്ള ലഹരി, പണത്തോടുള്ള ലഹരി, ബോധം മറയ്ക്കുന്ന വസ്തുക്കളോടുള്ള ലഹരി, സൗന്ദര്യ ലഹരി അങ്ങനെ ലഹരികളനേകം ആണ്. എന്നാൽ എല്ലാവരും ചർച്ച ചെയ്യുന്നത് ലഹരി മരുന്നുണ്ടാക്കുന്ന ലഹരി മാത്രമാണ്. ലഹരി മരുന്ന് വലിയ കുഴപ്പം ചെയ്യുന്നതാണ്. സംശയമില്ല. എന്നാൽ അതിനൊപ്പം കുഴപ്പം ചെയ്യുന്നതാണ് മുകളിൽ പറഞ്ഞ ചില ലഹരികളെങ്കിലും. ആത്യന്തികമായി പറഞ്ഞാൽ ആദ്യം പറഞ്ഞ ലഹരികളെല്ലാം ഉദ്ദീപിപ്പിക്കാൻ അവസാനം പറഞ്ഞ ലഹരിമരുന്നിനു കഴിയുന്നു.

നമ്മൾ വിചാരിക്കുന്നത് ലഹരിമരുന്ന് ലഹരിയിലാണ് ഏറ്റവും കൂടുതൽ കുറ്റങ്ങൾ നടക്കുന്നതെന്നാണ്. എന്നാൽ എനിക്കു തോന്നുന്നത് അധികാര ലഹരിയിലാണ് ഏറെ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്നാണ്. ആദ്യത്തേത് പ്രത്യക്ഷമായി നമുക്ക് അനുഭവിച്ചറിയാനാകുമെങ്കിലും രണ്ടാമത്തേത് അങ്ങനെയല്ല. അടുത്തിടെ നടന്ന പല സംഭവങ്ങളും മനസ്സിലാക്കിത്തരുന്നത് അതാണ്. രാമജന്മഭൂമി പ്രക്ഷോഭത്തോടെ രാജ്യത്ത് ഇനി വലിയ വർഗീയ പ്രശ്നങ്ങൾ ഉടലെടുക്കില്ല എന്നാണ് കരുതിയിരുന്നത്. എന്നാൽ അധികാരത്തിലേക്കുള്ള പാതയിൽ അതൊക്കെ അപ്രസക്തമാവുകയാണ്. രാമജന്മഭൂമിക്കു പിന്നാലെ ഒട്ടേറെ ആരാധനാലയങ്ങളിലാണ് പ്രശ്നം ഉണ്ടായിരിക്കുന്നത്. ആരാധനാലയങ്ങളുടെ കാര്യത്തിൽ 1947ലെ സ്ഥിതി നിലനിർത്തണമെന്ന ഉത്തരവുകൾ കോടതികൾ പോലും മറന്നുപോകുന്നു. ഏറ്റവും ഒടുവിൽ ഒരു ശവകുടീരം ആണ് പ്രശ്നഹേതുവായിരിക്കുന്നത്. മുഗൾ ഭരണാധികാരിയായിരുന്ന ഔറംഗസേബിന്റെ ഖബർ സ്ഥിതി ചെയ്യുന്നത് മഹാരാഷ്ട്രയിലെ സംഭാജി റാവു ജില്ലയിലെ (നേരത്തേ ഔറംഗാബാദ്) ഖുൽദാബാഗ് നഗരത്തിലാണ്. അങ്ങനെ ഏറെ ശ്രദ്ധ ആകർഷിച്ചിരുന്ന ശവകുടീരമൊന്നുമായിരുന്നില്ല അത്. 18-ാം നൂറ്റാണ്ടിൽ(എഡി 1707) മരിച്ച ഔറംഗസേബ് നേരത്തേതന്നെ ആവശ്യപ്പെട്ടിരുന്നത് തനിക്കായി വലിയ ശവകുടീരമൊന്നും വേണ്ടെന്നാണ്. എന്നാൽ 1921ൽ ഇവിടെയെത്തിയ ബ്രിട്ടീഷ് വൈസ്രോയ് കഴ്സൺ പ്രഭു ഈ ശവകുടീരം സന്ദർശിക്കുകയും ഇവിടം മനോഹരമായി സംരക്ഷിക്കാൻ ഹൈദരാബാദ് നൈസാമിനോട് ആവശ്യപ്പെടുകയും ചെയ്തു. അതിനു

ശേഷവും അവിടം ചരിത്രകുതുകികളുടെ സന്ദർശന കേന്ദ്രമായി തുടർന്നു.

അടുത്തിടെ പുറത്തിറങ്ങിയ ഛാവാ എന്ന സിനിമയാണ് ഔറംഗസേബിനെ വീണ്ടും ശ്രദ്ധയിലേക്കു കൊണ്ടുവന്നത്. മറാത്ത സാമ്രാജ്യ സ്ഥാപകനായ ശിവജിയുടെ മകനായ സംഭാജിയെ കേന്ദ്രകഥാപാത്രമാക്കി ചിത്രീകരിച്ച സിനിമയാണിത്. മുഗളരും മറ്റു രാജാക്കന്മാരുമായി നിരന്തരമുണ്ടായ യുദ്ധങ്ങൾ ചരിത്രമാണ്. ചരിത്രത്തെ സിനിമയാക്കുമ്പോൾ അതിഭാവുകത്വവും വളച്ചൊടിക്കലുകളും ഒക്കെ സ്വാഭാവികം. അതുകൊണ്ടുതന്നെ സിനിമയെ ആരും ചരിത്ര പുസ്തകമായി കണക്കാക്കാറില്ല. ഈ സിനിമയിൽ ഔറംഗസേബ് സംബാജിയെ തടവിലാക്കുന്നതും ക്രൂരമായി പീഡിപ്പിക്കുന്നതുമായ രംഗങ്ങളുണ്ടത്രേ. അതു മറാത്തകളെ വല്ലാതെ പ്രകോപിതരാക്കി എന്നു തോന്നുന്നു. ഈ സിനിമ കാരണം വലിയ വർഗീയ കലാപമാണ് നാഗ്പൂരിൽ പൊട്ടിപ്പുറപ്പെട്ടത്. അതിനു കാരണം ഈ സിനിമയാണെന്നും മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് തന്നെ സൂചിപ്പിച്ചതായി മാർച്ച് 22നു പുറത്തിറങ്ങിയ ഹിന്ദു പ്രത്രത്തിലെ A riot over a long dead emperor's tomb എന്ന ലേഖനത്തിൽ പറയുന്നു. സംബാജിയെ ക്രൂരമായി പീഡിപ്പിക്കുന്ന രംഗങ്ങൾ പൊതുജനങ്ങളിൽ വിദ്വേഷം ജനിപ്പിക്കാൻ കാരണമായതായി അദ്ദേഹം നിയമസഭയിൽ പറഞ്ഞു. ഇതേസമയം ഈ സിനിമ കാണാൻ മഹാരാഷ്ട്ര മന്ത്രിസഭാംഗങ്ങൾ ഒന്നടങ്കം പോവുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തായി ഓൾ ഇന്ത്യ മജ്‌ലിസെ ഇത്തഹാദുൽ മുസ്ലിമിൻ (എഐഎംഎം) മഹാരാഷ്ട്ര പ്രസിഡന്റ് ഇമ്തിയാസ് ജലീൽ ചൂണ്ടിക്കാട്ടിയതായും ലേഖനത്തിൽ സൂചിപ്പിക്കുന്നു.

ഈ സിനിമ കൃത്യമായ ചരിത്രമല്ല പറയുന്നതെന്നും ഔറംഗസേബ് ക്രൂരനായ ഭരണാധികാരി ആയിരുന്നില്ലെന്നും പറഞ്ഞ സമാജ് വാദി പാർട്ടി എംഎൽഎ അബു ആസ്മി അതിന്റെ പേരിൽ നേരിട്ടത് വലിയ വേട്ടയാടലായിരുന്നു. തന്റെ അഭിപ്രായം പറഞ്ഞതിന്റെ പേരിൽ അദ്ദേഹത്തിന്റെ പേരിൽ കേസ് എടുക്കുകയും നിയമസഭയിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തു. സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിന് സ്വാതന്ത്ര്യമുള്ള ഒരു രാജ്യത്ത് ഒരു മുൻ ഭരണാധികാരിയെപ്പറ്റി അഭിപ്രായം പറയാൻ പാടില്ലെന്നു വന്നാൽ അതു ജനാധിപത്യത്തിനു ഭൂഷണമോ എന്നു ചിന്തിക്കേണ്ടതുണ്ട്. ഇങ്ങനെയെങ്കിൽ നാളെ നെഹ്റുവിനെയും ഇന്ദിരാഗാന്ധിയെയുമൊക്കെ പുകഴ്ത്തിപ്പറയുന്നവർക്കും ഇതു സംഭവിക്കാം.

മാർച്ച് 7ന് ഉദയൻരാജ് ബോസ്‌ലേ എംപിയുടെ ഊഴമായിരുന്നു. ഔറംഗസേബിന്റെ ശവകുടീരം പൊളിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം. ഇതേ അഭിപ്രായം തന്നെയാണ് തനിക്കുമുള്ളതെങ്കിലും ശവകുടീരം സംരക്ഷിത സ്മാരകമാണെന്നതിനാൽ നിയമപരമായേ എന്തും ചെയ്യാനാവൂ എന്നു പറഞ്ഞ മുഖ്യമന്ത്രി ഫഡ്നാവിസ് എരിതീയിൽ എണ്ണയൊഴിക്കുകയായിരുന്നു എന്നു പറയേണ്ടിവരും. തുടർന്ന് ഇരുവിഭാഗങ്ങളുടെ റാലി, കലാപം തുടങ്ങിയവയിലെത്തിനിൽക്കുന്നു കാര്യങ്ങൾ. ഭാഗ്യവശാൽ കൂടുതൽ മരണങ്ങളുണ്ടായില്ലെന്നു മാത്രം.

കാര്യങ്ങൾ ഇവിടെ അവസാനിക്കാൻ സാധ്യതയില്ലെന്നാണ് വിലയിരുത്തൽ. ഇന്ത്യയിലെ വർഗീയ കലാപങ്ങളെക്കുറിച്ച് അറിയാവുന്നവർക്കൊക്കെ അതു മനസ്സിലാവും.

സാമൂഹിക നിരീക്ഷകനായ ജോർജ്കുട്ടി കിളിയന്തറയിൽ വർഗീയ ലഹളകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം സമൂഹ മാധ്യമത്തിൽ എഴുതിയിരുന്നു. അത് ഇങ്ങനെയാണ്.





'ഇന്ത്യൻ നഗരങ്ങളിലെ വർഗീയലഹളകൾ, ബീഭത്സമായ ഒരുതരം 'നാടകീയനിർമിതി' (a grisly form of dramatic production) ആണെന്ന് അമേരിക്കൻ അക്കാദമിക് പണ്ഡിതൻ പോൾ ബ്രാസ് നിരീക്ഷിച്ചിട്ടുണ്ട്. അവയ്ക്കു പിന്നിൽ 'വ്യവസ്ഥാപിതമായ ഒരു ലഹള സംവിധാനം' (institutionalized riot system) തന്നെ നിലവിലുണ്ടെന്നും അദ്ദേഹം പറയുന്നു. ഈ നാടകീയ നിർമിതികളിൽ ബ്രാസ് മൂന്നു ഘട്ടങ്ങൾ തിരിച്ചറിഞ്ഞു. ഒന്നാംഘട്ടം തയാറെടുപ്പും റിഹേഴ്സലുമാണ്; രണ്ടാംഘട്ടത്തിൽ തിരികൊളുത്തലും അവതരണവും (activation and enactment) നടക്കുന്നു. അവസാനഘട്ടം ലഹളയുടെ വിശദീകരണവും വ്യാഖ്യാനവുമാണ്.

ലഹളയുടെ തയാറെടുപ്പും റിഹേഴ്സലും തുടർച്ചയായി നടക്കുന്നതാണ്. ഇതിൽ പ്രധാന പങ്കു വഹിക്കുന്നവരെ 'കനൽ-സൂക്ഷിപ്പുകാർ' (fire-tenders) എന്നു വിളിക്കാം. സാമുദായികമായ പിരിമുറുക്കത്തിന്റെ കനൽ, വിക്ഷോഭകരവും പ്രകോപനപരവുമായ വാക്കും പ്രവൃത്തിയും വഴി അണയാതെ സൂക്ഷിക്കുന്നത് ഇവരാണ്. പിരിമുറുക്കത്തെ ലഹളയായി പരിവർത്തനം ചെയ്യുന്നത് രാഷ്ട്രീയ മുന്നേറ്റങ്ങളുടെയും തെരഞ്ഞെടുപ്പുകളുടെയും മറ്റും സന്ദർഭത്തിൽ ആവശ്യമനുസരിച്ചാണ്. ലഹളയ്ക്ക് ഉപയോഗിക്കാവുന്ന ആൾക്കൂട്ടങ്ങളെ നയിച്ചും ഉത്തേജിപ്പിച്ചും സിഗ്നൽ കൊടുക്കുന്നവരുടെയും, പ്രതിഫലം വാങ്ങി അക്രമത്തിൽ ഏർപ്പെടുന്ന ക്രിമിനലുകളുടെയും മറ്റും പങ്ക് ഈ ഘട്ടത്തിൽ പ്രധാനമാണ്.

ലഹള കഴിഞ്ഞാൽ പിന്നെ അക്രമത്തിന്റെ സൗകര്യകരമായ വിശദീകരണവും വ്യാഖ്യാനവുമാണ്. മാധ്യമക്കാരും, രാഷ്ട്രീയക്കാരും സാമൂഹ്യശാസ്ത്രജ്ഞന്മാരും മറ്റും മുന്നിൽ നിൽക്കുന്ന ഈ ഘട്ടത്തിൽ, പൊതുബോധം ഒന്നടങ്കം ഭാഗഭാക്കാകുന്നു. 'കുറ്റത്തിന്റെ-മാറ്റിവയ്പ്' (blame displacement) ആണ് ഈ ഘട്ടത്തിൽ പ്രധാനമായും നടക്കുന്നത്. പരത്തിയുള്ള കുറ്റപ്പെടുത്തൽവഴി അക്രമത്തിന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് അവ്യക്തതയുണ്ടാക്കി, പ്രധാന അക്രമികളെ രക്ഷപെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്. ലഹളകളുടെയും അവയെ നിലനിർത്തുന്ന വ്യവസ്ഥിതിയുടെയും തുടർച്ച ഉറപ്പാകുന്ന പ്രക്രിയയാണിത്.

'കുറ്റത്തിന്റെ മാറ്റിവയ്പ്' (blame displacement) മിക്കവാറും വിജയിക്കാറാണു പതിവ്. ലഹളക്കാലത്തെ സർക്കാരിനും അതിനു നേതൃത്വം കൊടുത്ത രാഷ്ട്രീയക്കാർക്കുമാണ് ഇതിന്റെ മെച്ചം. വർഗ്ഗ-വംശ വൈവിദ്ധ്യങ്ങൾ നിറഞ്ഞ സമൂഹങ്ങളിലെ ഭരണത്തിന്റെ ബുദ്ധിമുട്ടുകളുടെ കാര്യം പറഞ്ഞ്, സാമൂഹികശാസ്ത്രജ്ഞന്മാരും ഈ വെള്ളപൂശലിലും, ദുർഭരണത്തിന്റെ ഇരകളുടെ ദുരിതത്തിന്റെ സാമാന്യവൽക്കരണത്തിലും പങ്കുചേരുന്നു.'

എത്ര കൃത്യമായ നിക്ഷീക്ഷണമാണെന്നു നോക്കുക. ഈ കലാപം ഒക്കെ ആസൂത്രണം ചെയ്യുന്നത് അധികാര ലഹരിയാണ്. അധികാരം പിടിച്ചെടുക്കാനും അത് അനുഭവിക്കാനുമുള്ള ലഹരി. അതുകൊണ്ടുതന്നെ ഇത്തരം കലാപങ്ങൾ മണിപ്പൂരിൽ, നാഗലാൻഡിൽ, യുപിയിൽ,

തമിഴ്നാട്ടിൽ, കേരളത്തിൽ എവിടെ വേണ മെങ്കിലും ഏതുനിമിഷവും പൊട്ടിപ്പുറപ്പെടാം. ഇത്തരം കലാപ ലഹരി നിമിഷ നേരം കൊണ്ടു കൊന്നൊടുക്കുക ആയിരങ്ങളെയാവും.

മതാന്ധത എന്ന ലഹരി പിടിപെട്ടാൽ പിന്നെ ഒരു രക്ഷയുമില്ല. അതുണ്ടായാൽ പിന്നെ താൻ വിശ്വസിക്കുന്നത് മാത്രമാണ് ശരിയെന്നും മറ്റുള്ളവരെല്ലാം കുഴപ്പക്കാരാണെന്നും തോന്നും. അപ്പോൾ എതിർ മതക്കാരുടേതായി അവശേഷി ക്കുന്നതെല്ലാം തച്ചുടയ്ക്കണമെന്നു തോന്നും. അങ്ങനെയാണ് അഫ്ഗാനിസ്ഥാനിലെ ബാമി യാനിലെ ബുദ്ധപ്രതിമകൾ താലിബാൻ തകർത്തത്. അത് ലോകചരിത്രത്തിന്റെ ഭാഗ മാണെന്നുപോലും അവർ മറന്നുപോയി. ഔറംഗസേബിന്റെ ശവകുടീരം എന്ന ചരിത്ര സ്മാരകം തകർക്കാൻ ശ്രമിക്കുന്നവർക്കും മതാന്ധത എന്ന ലഹരി ബാധിച്ചിട്ടുണ്ടാ വണം. പഴയ നഗരങ്ങളുടെ പേരുകളെല്ലാം മാറ്റുന്നതും മറ്റൊരു തരം താലിബാനിസ മാണെന്നും എല്ലാവരും മറന്നുപോകുന്നു.

മറ്റൊരു ലഹരിയാണ് പണത്തോടുള്ള ലഹരി. ഏറ്റവും ഒടുവിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നത് ഡൽഹി ഹൈക്കോടതിയിലെ ജഡ്ജിയാണ്. അദ്ദേഹത്തിന്റെ വസതിയിൽ തീപ്പിടിത്തമു ണ്ടായപ്പോൾ കെടുത്താൻ ചെന്ന അഗ്നിരക്ഷാ സേനക്കാർ കോടിക്കണക്കിനു രൂപയുടെ നോട്ടുകെട്ടുകൾ കണ്ടെത്തിയെന്നാണ് പറയു ന്നത്. ജഡ്ജിയെ തൽക്കാലം കേസ് കേൾ ക്കുന്നതിൽ നിന്നു മാറ്റിനിർത്തിയിട്ടുണ്ട്. അന്വേഷണവും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടുത ലൊന്നും സംഭവിക്കാൻ വഴിയില്ല. ഏറെ കുപ്രസി ദ്ധമായ ഉന്നാവ് ബലാത്സംഗ കേസിലെ പ്രതിയായ ജനപ്രതിനിധിക്ക് ജാമ്യം അനു വദിച്ചത് ഈ ജഡ്ജിയാണെന്നു പറഞ്ഞു കേൾക്കുന്നുണ്ട്. ഇതിനു മുമ്പും ജഡ്ജിമാർ ക്കെതിരെ ആരോപണം ഉയർന്നിട്ടുണ്ട്. ഒന്നും സംഭവിച്ചിട്ടില്ല. ഇന്ത്യയിലെപ്പോലെ ജഡ്ജി നിയമനം നടക്കുന്ന വേറൊരു രാജ്യവും കാണില്ല. ജഡ്ജിമാരുടെ കൊളീജിയം ചേർന്നാണ് പുതിയ ജഡ്ജിമാരുടെ നിയമനം ശുപാർശ ചെയ്യുന്നത്. സർക്കാരത് അംഗീകരിക്കും. അതുകൊണ്ടു തന്നെ വലിയ അദ്ഭുതമൊന്നും സംഭവിക്കാറില്ല. ഇന്ത്യയിലെ ജഡ്ജി നിയമനങ്ങളിലേറെയും നടന്നിട്ടുള്ളത് 400 കുടുംബങ്ങളിൽ നിന്നാണെന്ന് മുമ്പൊരു ലേഖനത്തിൽ വായിച്ചത് ഓർക്കുന്നു. ഒരു ജഡ്ജിയെ ചുമതലയിൽ നിന്നു നീക്കണ മെങ്കിൽ വലിയ പാടാണ്. ഇംപീച്ച്മെന്റ് സാധ്യതയൊക്കെയുണ്ടെങ്കിലും നടപ്പാകില്ല. ചില കേസുകൾ ചില പ്രത്യേക ബെഞ്ചുകളിൽ എത്തിക്കാനും അനുകൂല വിധി സമ്പാദിക്കാനും വിരുതുള്ള വക്കീലൻമാർ ഉണ്ടെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. സത്യമാവരുതേ എന്നാണ് പ്രാർഥന. വലിയ ശമ്പളവും ആനുകൂല്യവുമാണ് ജഡ്ജി മാർക്ക് ലഭിക്കുന്നത്. എന്നിട്ടും അവർ അനധികൃതമായി പണം സമ്പാദിക്കുന്നുണ്ടെ ങ്കിൽ അത് രാജ്യത്തിനു നല്ലതല്ല. ഒരു ജഡ്ജിയെ തന്നെ വിലയ്ക്കു വാങ്ങാമെങ്കിൽ പിന്നെ അഭിഭാഷകനായി പണം മുടക്കുന്നതെന്തിന് എന്നൊരു കെനിയൻ പഴഞ്ചൊല്ല് ഉള്ളതായി സാമൂഹിക മാധ്യമങ്ങളിൽ കാണുന്നു. എത്ര സത്യമായ ചൊല്ല്.

ജഡ്ജിമാർ വരെ അനധികൃത പണ സമ്പാദനം നടത്തുന്നുവെങ്കിൽ താഴേത്ത ട്ടിലെ സർക്കാർ ഉദ്യോഗസ്ഥരും മറ്റും എന്തിനു മാറിനിൽക്കണം. നേരത്തെ കൈമടക്കായിരു ന്നെങ്കിൽ ഇപ്പോൾ ലക്ഷങ്ങൾ ചോദിച്ചു വാങ്ങിക്കുന്നതായി രീതി. കഴിഞ്ഞ ദിവസം 10 ലക്ഷം കൈക്കൂലി ചോദിച്ച് രണ്ടു ലക്ഷം വാങ്ങി പിടിയിലായ ഇന്ത്യൻ ഓയിൽ കോർപറേഷൻ ഡപ്യൂട്ടി ജനറൽ മാനേജർ മാസം ലക്ഷങ്ങൾ ശമ്പളമായും ആനുകൂല്യമായും വാങ്ങുന്നയാ ളാണ്. മാത്രമല്ല, സമൂഹത്തിലെ പുഴുക്കു ത്തുകൾക്കെതിരെ പഠനകാലത്ത് രംഗത്തിറ ങ്ങിയ ആളുമാണ്. പക്ഷേ, പണം, പണം എന്ന ലഹരി അദ്ദേഹത്തെ കീഴടക്കിക്കളഞ്ഞു. ആരുടെ കണ്ണീർ വീണ പണമായാലും അത് എന്റെ കൈയിൽ കിട്ടണം എന്ന ആസക്തി. കുറച്ചു ദിവസം മുമ്പ് അറസ്റ്റിലായ കൊച്ചിയിലെ ജോയിന്റ് ആർടിഒയും ഇത്തരം ആസക്തിയുടെ ആളാണ്. കൈക്കൂലി കേസിൽ അറസ്റ്റിലായായും ജോലി പോവില്ല എന്ന വിശ്വാസമാണ് ഇവരെ നയിക്കുന്നത്. മാത്രമല്ല, എല്ലാ ആധുനിക സൗകര്യങ്ങളും സ്വന്തമാക്കണമെന്ന ആഗ്ര ഹവും വില്ലനാവുന്നു. അപ്പോൾ തങ്ങളുടെ അധികാര പരിധിയിലുള്ള ആളുകളോട് അധികാരം പ്രയോഗിച്ച് കൈക്കൂലി വാങ്ങുന്നു.

രാഷ്ട്രീയക്കാരും ഒട്ടും ഭേദമല്ല. അധി കാരത്തിലെത്തുക, ധനം സമ്പാദിക്കുക, അനു യായികളുടെ പുകഴ്ത്തലിൽ പുളകിതരാ കുക ഇതാണ് അവരുടെ ലഹരി. ഉടുതുണിക്ക് മറുതുണിയില്ലാതെ രാഷ്ട്രീയത്തിൽ വന്ന പലരും പ്രത്യേകിച്ച് ഒരു പണിയും ചെയ്യാതെ വലിയ സമ്പന്നന്മാരായി മാറിയിട്ടുണ്ട്. അവർക്ക് അധികാരവും പണവും ലഹരിയായി മാറുന്നു.

www.malankaralibrary.com


അതുകൊണ്ടു തന്നെയാണ് ഉദ്യോഗസ്ഥർക്കും രാഷ്ട്രീയക്കാർക്കും പലപ്പോഴും ഏറ്റവും മാരകമായ മറ്റു ലഹരികളോട് പൊരുതാൻ കഴിവില്ലാതെ പോകുന്നത്.

അടുത്തകാലത്ത് കേരളത്തിൽ നടന്ന മിക്ക കൊലപാതകങ്ങളുടെയും പിന്നിൽ ലഹരിയായിരുന്നു. സാധാരണ മദ്യലഹരിക്കപ്പുറം രാസലഹരിയാണ് വില്ലനായി മാറുന്നത്. അത് യഥേഷ്ടം കേരളത്തിലെത്തുന്നു. പരിശോധനയൊക്കെ വഴിപാടാകുന്നു. അടുത്ത കാലത്ത് ഒരു എംഎൽഎയുടെ മകൻ ലഹരിക്കേസിൽ പെട്ടപ്പോൾ യഥാർഥത്തിൽ പെട്ടുപോയത് ഉദ്യോഗസ്ഥരായിരുന്നു. ആ ഉദ്യോഗസ്ഥർ കഴിയുമെങ്കിൽ ഇനി ആരെയും പിടിക്കില്ല. എന്തുകൊണ്ട് ഇത്രയധികം അധികാര ലഹരി പൂണ്ടവർ രാസലഹരി വ്യാപകമാകുന്നതിനെതിരെ കണ്ണടയ്ക്കാതെന്തു ചെയ്യും.

**മേമ്പോടി**

ജനങ്ങളുടെ ആയുസ് കൂടുന്നത് വലിയ പ്രശ്നമാണെന്നാണ് മന്ത്രി സജി ചെറിയാൻ പറയുന്നത്. അതുകാരണം പലരും 90 വയസു കഴിഞ്ഞാലും മാസം 50000 രൂപയിലേറെ പെൻഷൻ വാങ്ങുകയാണെന്ന് സ്വന്തം അമ്മയെ ഉദാഹരിച്ചാണ് മന്ത്രി പറഞ്ഞത്. മന്ത്രിയുടെ ആത്മാർഥത തള്ളിക്കളയാനാവില്ല. ഇനി ആയുസ് കുറയ്ക്കാൻ മാർഗമെന്തെന്നു ചിന്തിക്കണം. റോഡുകൾ കൂടുതൽ ഇടുങ്ങിയതാക്കാം, ആശുപത്രിയിൽ അവശ്യ മരുന്നുകൾ എത്തിക്കാതെയിരിക്കാം, അത്യാഹിത വിഭാഗം




ആളുകൾ രാസലഹരിയും കഞ്ചാവ് പോലെയുള്ള വസ്തുക്കളും കടത്തുന്നതിൽ ഏർപ്പെടുന്നു. ഉത്തരം ഒന്നേയുള്ളൂ, അതിൽ നിന്നു ലഭിക്കുന്ന പണമെന്ന ലഹരി. സഹസ്രകോടികൾ മറിയുന്ന മേഖലയാണിത്. പിന്നിലെ യഥാർഥ പ്രതിയെ പിടിക്കാൻ കഴിയുകയൊക്കെ ചെയ്യും. പക്ഷേ സംവിധാനം നിസ്സഹായരാണ്. പഴുതുകളുള്ള നിയമവും അഴിമതിപുര രാഷ്ട്രീയ സംവിധാനവും ലഹരി മാഫിയയ്ക്ക് അനുകൂലമാണ്. നേരത്തേ പറഞ്ഞതു പോലെ എതിരാളികളെ തച്ചുടയ്ക്കാൻ, കലാപമുണ്ടാക്കാൻ, ജയ് വിളിക്കാനൊക്കെ ബോധമില്ലാത്ത അനുയായികൾ ആവശ്യമാണ്. ബോധമില്ലാതാക്കാൻ ഏറ്റവും കൂടിയ ലഹരിയും ആവശ്യമാണ്.

ഒഴിവാക്കാം അങ്ങനെ ഒത്തിരി മാർഗങ്ങളുണ്ട്. ആയുസിനേക്കുറിച്ചാണ് സജി ചെറിയാന്റെ വേവലാതി എങ്കിൽ മന്ത്രി ബിന്ദുവിന് ആശാ പ്രവർത്തകരുടെ നട്ടെല്ലിനെക്കുറിച്ചാണ് വേവലാതി. ആനുകൂല്യം കേന്ദ്രത്തോടു ചോദിക്കാൻ നട്ടെല്ലു വേണമത്രേ. ആരോഗ്യ മന്ത്രിക്ക് മാധ്യമ പ്രവർത്തകരെക്കുറിച്ചാണ് ആശങ്ക. അവർ മന്ത്രിയെ വേട്ടയാടുകയാണത്രേ. ഇതൊക്കെ കണ്ടിരിക്കുന്ന ജനത്തിന് ഇവിടെ എന്താണ് സംഭവിക്കുന്നതെന്നറിയാത്തതിന്റെ ആശങ്കയാണ്. അവരുടെ ആശങ്ക പരിഹരിക്കാൻ സംവിധാനമൊന്നുമില്ലതാനും.

www.malankaralibrary.com


### ആരാധനാക്രമ പഠന ലേഖനങ്ങൾ-12

# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)

## വാദെ ദൽമീനോ-ജീവൽ തുറമുഖ പ്രാപ്തി





റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി

ദൈവവചനവും ആരാധനാക്രമവും ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യാത്മകതയും വിശ്വാസത്തിന്റെ സാരാംശവും വെളിപ്പെടുത്തുന്നു. ദൈവീകരണമെന്ന ലക്ഷ്യ പ്രാപ്തിയ്ക്ക് അനുയോജ്യമായ മാർഗ്ഗങ്ങളും അവ പ്രദാനം ചെയ്യുന്നു. ദൈവീക ഐക്യമെന്ന പരമാന്ത്യം യുഗാന്ത്യോന്മുഖമായ കാഴ്ചപ്പാടുകൾ സംജാതമാക്കുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിന് അനുഗുണമായ തീർത്ഥയാത്രയും അത് ക്രമീകരിക്കുന്നു. ക്രിസ്തു സംഭവങ്ങളുടെ ആഘോഷമായ ആരാധനാക്രമം ദ്വിതീയാഗമനത്തിന് ഉപയുക്തമായ മാർഗ്ഗങ്ങൾ ആരാധ-കർക്ക് കാണിച്ചുകൊടുക്കുന്നു. സ്വർഗ്ഗീയ മണവാളനെ കണ്ടുമുട്ടുവാനും ഐക്യത്തിന്റെ വസതിയായ മണവറയിൽ പ്രവേശിക്കുവാനും സന്ദർഭോചിതമായ ചട്ടവട്ടങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. അപ്രകാരം യുഗാന്ത്യോന്മുഖമായ ജീവിതദർശനത്തിന് ആരാ-ധകരെ പ്രാപ്തരാക്കുന്ന ശുശ്രൂഷാക്രമമാണ് വാദെ ദൽമീനോ എന്ന ദ്യോതകമായ ആഘോഷം. റമ്ശോ ദ നാഹീറോ - പ്രകാശത്തിന്റെ സന്ധ്യ അഥവാപ്രകാശത്തിന്റെ ക്രമമെന്നും അറിയപ്പെടുന്ന ഈ ശുശ്രൂഷ, പ്രകാശീകരണത്തിന്റെ മഹത്തീകരണം വെളിവാക്കുന്നു. വലിയതിങ്കളാഴ്ചയുടെ തലേദിവസം ഈ ശുശ്രൂഷ ക്രമീകരിച്ചിരിക്കു-ന്നു. ആരാധാനാക്രമം ആതിന്റെ രചന സൃഷ്ടി കർമ്മത്തിന്റെ സുവർണ്ണ കാലഘട്ടമായ 8-11 നൂറ്റാണ്ടുകളിൽ വ്യക്തമായ ശൈലിയിൽ ഈ ശുശ്രൂഷാക്രമത്തെ പെരുന്നാൾ ക്രമത്തിൽ ഉൾപ്പെടുത്തി.

www.malankaralibrary.com



**പത്ത് കന്യകമാരുടെ ഉപമ (മത്താ. 25/1-13)**

വാദെ ദൽമീനോ ശുശ്രൂഷയുടെ തിരുവചനാടിസ്ഥാനം പത്ത് കന്യകമാരുടെ ഉപമയാണ്. ദൈവരാജ്യത്തിലേക്കുള്ള തീർത്ഥാടനത്തിനുള്ള പ്രത്യേക ആഹ്വാനമാണ് ഈ ആഘോഷം. ദൈവരാജ്യത്തെ ദൃഷ്ടാന്തീകരിക്കുന്ന ഈ വേദഭാഗത്തെ, ഒളിഞ്ഞിരിക്കുന്ന നിധി, മാർഗ്ഗദർശി, ഗുരുനാഥൻ എന്നിങ്ങനെ വേദപണ്ഡിതന്മാർ വിശേഷിപ്പിക്കുന്നു. കന്യാത്വ ജീവിതാവസ്ഥ എന്നത് സമ്പൂർണ്ണമായ കാഴ്ച്ച സമർപ്പണമാണ്. ലോകവ്യാപരങ്ങളിൽ നിന്നുമുള്ള നിസ്സംഗത്വവുമാണ്. ഈ ആത്മീയ വൈവാഹിക അവസ്ഥയെ സഭാജീവിതത്തിന്റെ ഉദാത്ത മാതൃകയായി അവതരിപ്പിക്കുന്നു. ഭക്തർ ജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ടതായ നിർമ്മലതയെ അത് വ്യക്തമാക്കുന്നു. പുണ്യങ്ങളാൽ പൂരിതമായ ആനന്ദപ്രദവും തപസചൈതന്യവുമുള്ള ഒരു ക്രിസ്തുവിലേക്ക് നയിക്കപ്പെടുന്ന ഒരു ജീവിതശൈലി വിശദമാക്കുവാനാണ് ഈ സംഖ്യയുടെ തിരഞ്ഞെടുപ്പ്. മണവാളന്റെ വരവ്, തന്നെ കാത്തിരിക്കുന്നവർക്കുള്ള ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തെ അവതരിപ്പിക്കുന്നു. ദൈവ തിരുമുമ്പാകെയുള്ള സമർപ്പണം, കാത്തിരിപ്പ്, ഉപവാസം, പ്രാർത്ഥന ഇത്യാദി വിഷയങ്ങൾ ഈ ഉപമയും അതിന്റെ ആഘോഷമായ ശുശ്രൂഷയും അവതരിപ്പിക്കുന്നു. മണവാളനെ സ്വീകരിക്കുകയെന്നാൽ, പുനരുദ്ധാന രഹസ്യങ്ങൾ ഉൾക്കൊള്ളുകയെന്നാണ് വിവക്ഷിക്കുന്നത്. യുഗാന്ത്യോന്മുഖമായ ക്രിസ്തീയ ജീവിതശൈലിയും അനുയോജ്യമായ ദർശനങ്ങളുമാണ് ഇവിടെ പ്രത്യേക വിഷയമായിരിക്കുന്നത്.


**തുറമുഖം (ല്മീനോ)**

പാശ്ചാത്യ സുറിയാനി ആരാധനാക്രമം വളരെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ആശ




ജീവിതശൈലിയാണ് ഇവിടെ പ്രഘോഷിക്കുന്നത്. പത്ത് എന്ന സംഖ്യ മാനുഷികഭാവങ്ങളുടെ സമഗ്രതയെ സൂചിതമാക്കുന്നു. അഫ്രാത്ത് മറ്റൊരു വിശദീകരണം നല്കുന്നുണ്ട്: സുറിയാനി അക്ഷരമാലയിലെ പത്താമത്തെ അക്ഷരമായ യൂദ്, യേശുവിന്റെ പേരിന്റെ ആദ്യ അക്ഷരമാണ്.

യമാണ് തുറമുഖം. ല്മീനോ എന്ന സെമിറ്റിക് പ്രയോഗം തുറമുഖമെന്ന് വാച്യാർത്ഥത്തിലും അഭയസ്ഥാനമെന്ന് ദൃഷ്ടാന്തപരമായും അർത്ഥമാക്കുന്നു. തുറമുഖത്ത് എത്തിചേർക്കുക എന്നത് ആരാധനയിൽ അനവധിതവണ അർത്ഥിക്കുന്ന ജീവിതസാഫല്യമാണ്. വത്തിക്കാൻ ഗ്രന്ഥശാലയിൽ സൂക്ഷിക്കപ്പെട്ടിരി



ക്കുന്ന ഈ ശുശ്രൂഷയുടെ മൂലകൃതിയിൽ തുറമുഖ പ്രാപ്തി എന്ന ദർശനം, ക്രിസ്തുവിന്റെ പീഡാനുഭവ രഹസ്യവിവരണങ്ങളോട് യോജിക്കപ്പെട്ട രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. പീഡാനുഭവമെന്ന തുറമുഖത്തേക്ക് ക്രിസ്തു നമ്മെ കൊണ്ടെത്തിക്കുമെന്ന് വിശദമാക്കുന്നു. ജീവന്റെ തുറമുഖ മെന്ന പ്രത്യേക പരാമർശം ഉത്ഥാനത്തിന്റെ നവജീവനിലുള്ള ഭാഗഭാഗിത്യമാണ് വിവക്ഷിക്കുന്നത്. യേശുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെ ക്രിസ്തുവിജയത്തിന്റെ സാക്ഷാത്ക്കാരമായിട്ടാണ് അവതരിപ്പിക്കുന്നത്. സമാധാനത്തിന്റെ തുറമുഖ മെന്ന പ്രയോഗവും ആരാധനക്രമം ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപവാസമെന്ന നൗകയിൽ യാത്രചെയ്യുന്നവർ ലക്ഷ്യസ്ഥാനമായ തുറമുഖത്ത് എത്തിച്ചേരുമെന്ന് വിശദമാക്കുന്നു. തുറമുഖത്തേക്ക് നയിച്ച വിസ്മയകരമായ രണ്ട് നൗകകളായി ദൈവമാതാവിനെയും എലിശുബായെയും ആരാധനാക്രമം വർണ്ണിക്കുന്നുണ്ട്. ദൈവമാതാവിനോടുള്ള പുകഴ്ച്ചയുടെ വേളയിലെ പ്രാർത്ഥന ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഭൂമിയിലെ ജീവന്റെ നൗകയായിരുന്നു ദൈവമാതാവ്; അതിലേക്കിറങ്ങിവന്ന് അതിൽ വസിച്ച ക്രിസ്തുവാണ് അതിന്റെ കപ്പിത്താൻ. അപ്രകാരം ആദാമിന്റെ മക്കൾക്ക് സ്വർഗ്ഗീയ നന്ദനത്തിന്റെ തുറമുഖം ലഭ്യമായി. ദൈവം നമ്മുടെ തുറമുഖമായിത്തീരാനുള്ള അർത്ഥനയും പ്രാർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്: പാപത്തിന്റെ ചുഴികളിൽ മുങ്ങിപ്പോകാതെയിരിക്കുവാൻ നീ ഞങ്ങളുടെ തുറമുഖമായി തീരണമേ.

ല്മീനോ എന്ന സുറിയാനി പദത്തെയും അതിന്റെ രൂപകാലങ്കാരത്തെപ്പറ്റിയും വ്യത്യസ്തമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഗ്രീക്ക് സാഹിത്യത്തിന്റെയും സ്റ്റോയ്ക്ക് പാരമ്പര്യത്തിന്റെയും സ്വാധീനം പ്രസ്തുത രൂപകത്തിന്റെ ദൈവശാസ്ത്ര വിശകലനത്തിലും വികാസപരിണാമത്തിലും നിർണ്ണായകമായിട്ടുണ്ട്. സമുദ്രത്തെപ്പറ്റിയുള്ള ഭയാനകത്വം ഇവിടെ അന്തർലീനഘടകമായിട്ടുണ്ട്. സമുദ്രത്തിലെ യാത്രയും അതിലെ ഓളങ്ങളും ഭയം ജനിപ്പിക്കുന്നതായി പ്രാർത്ഥനകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അനുതാപത്തിന്റെ കീർത്തനങ്ങളിൽ പാപക്കടലിൽ മുങ്ങിപ്പോകാതിരിക്കാനുള്ള പ്രത്യേക അർത്ഥനകൾ അവതരിപ്പിക്കുന്നു. ഫീലോ എന്ന തത്വചിന്തകൻ വ്യത്യസ്ത രീതിയിൽ തുറമുഖത്തെ അവതരിപ്പിക്കുന്നു: ജ്ഞാനം, സത്യം, പുണ്യം എന്നിവയുടെ ദൃഷ്ടാന്തമായി തുറമുഖത്തെ വിശദീകരിക്കുന്നുണ്ട്. യഹൂദ-ക്രിസ്ത്യൻ ദൈവശാസ്ത്ര മേഖലയിൽ മുകളിൽ വിവരിച്ച രൂപകാലങ്കാര ഭാഷ്യങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കൂടാതെ മനിക്കേയൻ തിരുവചന വ്യാഖ്യാനവും സാരമാ-യി സ്വാധീനിച്ചിട്ടുണ്ട്. ക്രിസ്തീയ ദൈവശാസ്ത്ര വിശകലനത്തിൽ ല്മീനോ എന്ന ആശയം ശക്തമായി അവതരിപ്പിക്കുന്നത് മാമ്മോദീസായുടെ ദൈവശാസ്ത്ര പരിചിന്തനങ്ങളിലാണ്. ആദ്യകാലഘട്ടങ്ങളിൽ മാമ്മോദീസാ നല്കിയിരുന്നത് വിശുദ്ധ വാരാചരണത്തോടനുബന്ധിച്ചായിരുന്നു. ഉപവാസമായിരുന്നു സ്വീകരണത്തിനുള്ള മുന്നൊരുക്കം. ഉപവാസത്തെ തുറമുഖത്ത് എത്തിച്ചേരാനുള്ള മാർഗ്ഗമായിട്ടാണ് ദർശിച്ചിരുന്നത്.

www.malankaralibrary.com



സ്നാർത്ഥികൾ ക്രിസ്തുവിന്റെ സ്വന്തമാകുവാനും നേരത്തെതന്നെ ക്രിസ്തു മാർഗ്ഗം സ്വീകരിച്ചവർക്ക് നവീകരണത്തിനും അനുയോജ്യമായ ഭക്ത്യാഭ്യാസങ്ങളാണ് ആദിമസഭ ക്രമീകരിച്ചിരുന്നത്. ല്മീനോ എന്ന പ്രയോഗത്തിന് യുഗാന്ത്യോന്മുഖമായ ദർശനങ്ങൾ ചേർത്ത് വച്ചിരിക്കുകയാണ്. തത്ഫലമായി തുറമുഖവും അതിലേയ്ക്കുള്ള എത്തിച്ചേരലും ആരാധനാക്രമത്തിന്റെ മിക്കവാറും എല്ലാ പ്രാർത്ഥനകളിലും ക്രമീകരിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയിലുള്ള പങ്കാളിത്വത്തിന്, തുറമുഖം എന്ന രൂപകാലങ്കാരം പ്രയുക്തമായി. ആദ്യകാലഘട്ടം മുതൽ തന്നെ പത്ത് കന്യകമാരുടെ ഉപമയോട് ചേർത്തുവച്ചുകൊണ്ടാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. അന്ത്യോക്യയിലെ സേവേറിയോസ് ഇത് തന്റെ രേഖകളിൽ കുറിച്ച്വെച്ചിട്ടുമുണ്ട്. പ്രസ്തുത പ്രയോഗം ആരാധനക്രമത്തിൽ പ്രചുരപ്രചാരം നേടിയത്, ആരാധനക്രമത്തിന്റെ സുവർണ്ണ കാലഘട്ടമായ 8 നും 11 നും ഇടയിലുള്ള നൂറ്റാണ്ടുകളിലാണ്.

സുറിയാനി ആരാധനാപാരമ്പര്യം, തുറമുഖം എന്ന രൂപകത്തിന്റെ വിശകലനത്തിന് സങ്കീർത്തനം 107:30 അടിസ്ഥാനമാക്കി: അവർ ആഗ്രഹിച്ച തുറമുഖത്ത് അവിടുന്ന് അവരെ എത്തിച്ചു . തുറമുഖത്തെപ്പറ്റിയുള്ള ഏക പഴയനിയമ പരാമർശമാണ് പ്രസ്തുത വേദഭാഗം. തോമ്മായുടെ നടപടിക്രമം എന്ന സെമിറ്റിക് ഗ്രന്ഥത്തിൽ ക്രിസ്തുവിനെ ആരാധകരുടെ തുറമുഖമെന്ന് വിശേഷിപ്പിക്കുന്നു. അഫ്രാത്തിന്റെ രചനകളിൽ വിശ്രമത്തിന്റെ തുറമുഖം എന്നത്, ഒരു നീതിമാൻ എത്തിച്ചേരുന്ന ഇടമാണ് ഈ വാക്കിന് ബഹുമുഖ അർത്ഥങ്ങൾ പകർന്ന് നല്കിയവരിൽ അഗ്രഗണ്യനായിരുന്നു സിറിയായിലെ അപ്രേം. യുഗാന്ത്യോന്മുഖം, ദൈവശാസ്ത്രം, ധാർമ്മികം, താപസ്സം, സഭാജീവിതം എന്നീ മേഖലകളിൽ ഈ അലങ്കാരപ്രയോഗം അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. സമുദ്രം, കപ്പൽ, കപ്പിത്താൻ, തിരമാലകൾ ഇത്യാദിപ്രയോഗങ്ങൾ ചേർത്തുവച്ച് തുറമുഖത്തെ അവതരിപ്പിക്കുന്നുണ്ട്. അപ്രേമിന്റെ കന്യാത്വ ഗീതങ്ങളിൽ, സ്നേഹത്താൽ സ്വീകരിക്കപ്പെടുന്ന തുറമുഖം എന്നൊരുപ്രയോഗമുണ്ട്; സമർപ്പണജീവിതത്തിന്റെ ആന്തരികശോഭയാണ് അവിടെ വിശദീകരിക്കുന്നത്. സാറൂഗിലെ യാക്കോബ്, വി. സഭയെ പ്രകീർത്തിക്കുമ്പോൾ തുറമുഖം എന്ന വിശേഷണം ഉപയോഗിക്കുന്നു. ലോകത്തിലെ മഹത്തായ ഈ തുറ



മുഖത്തിലാണ് ദൈവജനത്തിന് ആശ്വാസവും സംരക്ഷണവും ലഭിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തുറമുഖത്തേക്കുള്ള യാത്രയുടെ ആരംഭം മാമ്മോദീസായോടുകൂടി ആരംഭിക്കുന്നുവെന്ന് യാക്കോബ് വിശദമാക്കുന്നു.

ബൈസന്റൈൻ ആരാധനാക്രമത്തിൽ വിശുദ്ധവാരത്തിലെ ആദ്യ നാലു ദിനങ്ങളിൽ ആചരിക്കപ്പെടുന്ന ഒരു ആഘോഷമാണ്. മണവാളന്റെ ശുശ്രൂഷ വിശ്വാസത്തോടുകൂടിയുള്ള കാത്തിരിപ്പിനും സ്നേഹത്തോടുള്ള കൂട്ടായ്മക്കുമായി ഭക്തരെ ഒരുക്കുന്നതാണിത്. രാത്രിയുടെ നീണ്ട യാമങ്ങളിൽപ്പോലും ഉണർവ്വും ബുദ്ധിയുമുള്ള കന്യകമാരോട് അനുരൂപരാകാൻ ഇത് പ്രത്യേകം ആഹ്വാനം ചെയ്യുന്നു. ഉണർവ്വുള്ളവർക്കാണ് മണവാളനെ കണ്ടുമുട്ടാൻ കഴിയുന്നത്. ഈ ശുശ്രൂഷയിലും തുറമുഖമെന്ന ദർശനത്തിന് വലിയ പ്രാധാന്യം നല്കുന്നുണ്ട്. അന്ത്യോക്യയിലെ ഇഗ്നാത്തിയോസ്, ഐറേനിയോസ് അലക്സാണ്ട്രിയയിലെ ക്ലെമന്റ്, ഒരിജൻ, ജോൺ ക്രിസോസ്റ്റം എന്നീ പിതാക്കന്മാരുടെ തുറമുഖ ചിന്തകൾ ഗ്രീക്ക് ആരാധനാക്രമം പ്രാർത്ഥനകളായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ജോൺ ക്രിസോസ്റ്റം പറയുന്ന പ്രകാരം, സഭ ആത്മാക്ക



ളുടെ തുറമുഖമാണ്. മറ്റൊരു പരാമർശത്തിൽ കന്യാത്വ ജീവിതവും സന്ന്യാസ ജീവിതവും തുറമുഖമായും അവതരിപ്പിക്കുന്നുണ്ട്.

വിശുദ്ധ വാരത്തെതന്നെ അദ്ദേഹം തുറമുഖമെന്ന് വിശേഷിപ്പിക്കുന്നു. രക്ഷയുടെ രഹസ്യങ്ങളിലുള്ള പങ്കാളിത്വത്തിന്റെ നവീകരണം വഴി തുറമുഖത്ത് എത്തിച്ചേരുന്നുവെന്ന് ക്രിസോസ്റ്റം അഭിപ്രായപ്പെടുന്നു. തിയോഡോറേറ്റ് അഭിപ്രായപ്പെടുന്നത്, രക്ഷയെന്നാൽ ആത്മാവിന്റെ നിർവൃതിയും ഉത്ഥാനത്തിന്റെ തുറമുഖവുമാണെന്നാണ്. ചുരുക്കത്തിൽ തുറമുഖം എന്ന ചിന്ത, രക്ഷയുടെ രഹസ്യങ്ങളിലേക്ക് നയിക്കുന്നു. ഗ്രീക്ക് ആരാധനാക്രമത്തിലെ കുമ്പിടീൽ കർമ്മത്തിലും തുറമുഖം സുപ്രധാന ചിന്താവിഷയമാണ്. പ്രാഥമികമായി യുഗാന്ത്യോന്മുഖതയും പിന്നീട് സംരക്ഷണവും അത് ദ്യോതിപ്പിക്കുന്നു. ദൈവീകകൽപ്പനകളെ സൂചിപ്പിക്കുവാനും പല അവസരങ്ങളിലും ഈ പ്രയോഗം ഉപയോഗിക്കുന്നു. താപസചൈതന്യത്താൽ എത്തിച്ചേരേണ്ട ഇടമായി ആരാധനാക്രമത്തിൽ അത് നിലകൊള്ളുന്നു.

(ഈ ശുശ്രൂഷയെപ്പറ്റിയുള്ള പഠനം തുടരും)

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com




നിരീക്ഷണം

# ബഹിരാകാശനിലയം പങ്കുവയ്ക്കുന്ന വിശ്വമാനവികത

റവ. ഡോ. തോമസ് കുഴിനാപ്പുറത്ത്

സുനിതാ വില്യംസിന്റെയും ബുച്ചിൽ മോറിന്റെയും മടക്കയാത്ര കൊണ്ട കഴിഞ്ഞവാരം ഏറെ മാധ്യമ ശ്രദ്ധപതിഞ്ഞ ഒരിടമായിരുന്നല്ലോ അന്താരാഷ്ട്ര ബഹിരാകാശനിലയം. ഭൂമിയിൽ നിന്നും 420 കി.മീ. അകലം പാലിച്ചുകൊണ്ട് ഭൂമിക്കുചുറ്റും ഭ്രമണം ചെയ്യുന്ന ഈ നിലയം 1998ൽ അമേരിക്കയുടെ ബഹിരാകാശ നിലയമായ 'ഫ്രീഡം' റഷ്യൻബഹിരാകാശ നിലയമായ 'മിർ 2' എന്നിവ സംയോജിപ്പിച്ചാണ് രൂപകല്പനചെയ്തിട്ടുള്ളത്. ബഹിരാകാശ ശാസ്ത്രജ്ഞർ ദീർഘനാളത്തേക്ക് ഈ നിലയത്തിൽ അധിവസിച്ച് ഗവേഷണങ്ങൾ ആരംഭിച്ചത് 2000 മുതൽ ക്കാണ്. അഞ്ച് ബഹിരാകാശ ഏജൻസികളാണ് ഇപ്പോൾ ഈ നിലയത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത്: NASA (അമേരിക്ക), Roscosmos (റഷ്യ), ESA (യൂറോപ്പ്), JAXA (ജപ്പാൻ), മിറ CSA (കാനഡ). ഓരോദിവസവും 15.5 പ്രാവശ്യം നിലയം ഭൂമിയെ വലം വയ്ക്കുന്നു.

ഈ നിലയം സന്ദർശിച്ച ബഹിരാകാശ സഞ്ചാരികളുടെ എണ്ണം താഴെ പറയും വിധമാണ്: അമേരിക്ക – 168; റഷ്യ – 62, ജപ്പാൻ – 11; കാനഡ – 9; ഇറ്റലി – 6; ഫ്രാൻസ് – 4; ജർമ്മനി – 4; ബെലറൂസ് – 1; ബെൽജിയം – 1, ഡെൻമാർക്ക് –1; ബ്രസീൽ – 1; ബ്രിട്ടൺ – 1; ഇസ്രായേൽ – 1; കസാഖ്സ്താൻ– 1; മലേഷ്യ–1; നെതർലൻഡ്സ്–1; സൗദിഅറേബ്യ – 2; സൗത്ത്ആഫ്രിക്ക – 1; സൗത്ത്കൊറിയ – 1; സ്പെയിൻ –1; സ്വീഡൻ – 1; ടർക്കി – 1; യുഎഇ – 2 ഇങ്ങനെ വിവിധ ഭൂഖണ്ഡങ്ങളിലെ 23 വ്യത്യസ്തരാജ്യങ്ങളിൽ നിന്നായി ഇതുവരെ 280 സഞ്ചാരികളാണ് ബഹിരാകാശ നിലയം സന്ദർശിച്ചിട്ടുള്ളത്.

ഈ സഞ്ചാരികൾ യാത്രചെയ്യുന്നതും താമസിക്കുന്നതും ഉണ്ണുന്നതും ഉറങ്ങുന്നതും വ്യായാമം ചെയ്യുന്നതും ജോലിചെയ്യുന്നതും എല്ലാം ഒരേ നിലയത്തിലും ഒരേവാഹനത്തിലും. ഇവിടെ ഭാഷാന്തരങ്ങളില്ല, വർണ വിവേചനങ്ങളില്ല. എല്ലാവര്ക്കും ഒരേപാത ഒരേ ലക്ഷ്യം.

സുനിതാവില്യംസിന്റെ വാക്കുകൾ ഏറെ പ്രസക്തമാണ് 'എന്റെ ബഹിരാകാശ പര്യവേഷണം എന്റെ കാഴ്ചപ്പാടിനെ മാറ്റിമറിച്ചു..... ഭൂമിയിലേക്ക് നോക്കുമ്പോൾ നമുക്ക് അതിർ



ത്തികളെയോ വ്യത്യസ്ത ദേശക്കാരായ ആളുകളെ യോകാണാൻ കഴിയില്ല... അപ്പോഴാണ് നാമെല്ലാവരും മനുഷ്യരും പ്രപഞ്ചത്തിലെ പൗരന്മാരുമാണെന്ന് നമുക്ക് മനസ്സിലാകുന്നത്....'

രാജ്യങ്ങളും അതിർത്തികളും അവിടെ ഇല്ലാതാകുന്നു. അവിടയുള്ളത് ഒരേയൊരു മനോഹര പ്രപഞ്ചവും അതിലെ പൗരന്മാരും. അതിർത്തികളും തർക്കങ്ങളും ഭൂമിയിൽ മാത്ര. വിശ്വമാനവികതയുടെ വലിയ സമാധാനസന്ദേശമാണ് ബഹിരാകാശ യാത്രകളും ബഹിരാകാശനിലയവും നമുക്ക് മുന്നിൽ പകർന്നുതരുന്നത്. അതോടൊപ്പം മാനവരാശിക്ക് മുഴുവനും വേണ്ടി ഈ ബഹിരാകാശശാസ്ത്രജ്ഞർ ഏറ്റെടുത്ത ദൗത്യങ്ങൾ എത്ര കഠിനതരവും ത്യാഗനിർഭരവുമായിരുന്നു എന്നും നാം ചിന്തിക്കേണ്ടതുണ്ട്. മനുഷ്യന്റെ സ്വാർത്ഥതയ്ക്കു ഒരു വലിയ വെല്ലുവിളിയാണ് ഇവരുടെ ബഹിരാകാശ ജീവിതം. ആയുസും ആരോഗ്യവും എല്ലാം വ്യയംചെയ്തു കൊണ്ടാണ് ഇവർ മാനവകുലത്തിനു മുഴുവനും വേണ്ടി അധ്വാനിക്കുന്നത്. ഇത് നമുക്കൊരു പാഠമാണ്. നമ്മുടെ ജീവിതം കൊണ്ട് മാനവികതയ്ക്ക് നാം എന്ത് സംഭാവന ചെയ്യുന്നു എന്ന് ചിന്തിക്കുവാനുള്ള സമയം.

ബുച്ചിൽമോർ ഒരുപടി കൂടി മുന്നോട്ട് കടന്നിട്ട് പറഞ്ഞു, 'ഇതെല്ലാം എന്നെ എന്റെ വിശ്വാസത്തിലേക്കാണ് നയിക്കുന്നത്. ഇതെല്ലാം എന്നെ അടുപ്പിക്കുന്നത് എന്റെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിലേക്കാണ്. അവിടുന്ന് തന്റെ പദ്ധതി നടപ്പാക്കുന്നു. മാനവ ജനതയ്ക്കു മുഴുവനായുള്ള അവിടുത്തെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കുന്നു. ഈ പദ്ധതികൾ നമ്മുടെ ജീവിതത്തിൽ എപ്രകാരം പൂർത്തിയാകുന്നു എന്നത് പ്രസക്തവും പ്രധാനവുമാണ്'.

www.malankaralibrary.com

# MAR BASELIOS COLLEGE OF ENGINEERING AND TECHNOLOGY

(Autonomous College affiliated to APJ Abdul Kalam Technological University)
Mar Ivanios Vidyanagar, Nalanchira, Thiruvananthapuram- 695015
Ph: 0471-2545866, 2545868, 2545872

## EMPLOYMENT NOTICE

## WANTED

**A. Placement Officer**

**Qualification**: As per AICTE norms - M. Tech degree (Preference will be given to candidates with additional qualification of MBA in HR/Marketing) from a recognized institution. Candidates with experience in placement, recruitment, or corporate relations, preferably in an engineering college or technical education sector are preferred.

**B. Receptionist**

**Qualification**: A Bachelor Degree from a recognized University with Computer proficiency. We are looking for a highly motivated and organized person with excellent communication skills (Malayalam, English and Hindi). Previous experience is preferred. Should be able to work independently.

Apply in the prescribed format available at www.mbcet.ac.in,
and post the same to
***career@mbcet.ac.in*** by 5th April 2025.

Sd/-
Principal

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-3-2025
www.malankaralibrary.com
Christavakahalam Monthly, APRIL 2025
Annual Subscription Rs. 150/-
Single Copy Rs. 15/-

# In Loving Memory



**Annamma George**

Thazhethil Chirakonathu, Kadampanad

(12 July, 1935 - 11 April, 2018)

Loving Family

*Husband:* T.M. George

*Children:* Reena & Dr. Antony Mathew, Hema & Joseph John, Simi & Dr. Stephen Mathew, Tessy & Siby Joseph

*Grandchildren:* Amy & Koshy, Akash & Lisa, Rishi & Natasha, Remo & Kavya, Ronnie, Rohan & Haylee and Kalpana, Rubin, Joe and Ann

*Great Grandchildren:* Justin, Maya, Giada, Zara, Vihaan and Adam

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com